PROCEEDINGS

of

THE TRAVANCORE LEGISLATIVE ASSEMBLY.

FIRST ASSEMBLY.

SECOND SESSION.

Vol. II. No. 3.

Friday the 6th August 1948, 22nd Karkadakam 1124.

The Travancore Legislative Assembly met in the Legislative Chamber, Trivandrum, on Friday the 22nd Karkadakam 1124/6th August 1948 at eleven of the clock with the President (the Honourable Mr. A. J. John) in the Chair.

QUESTIONS AND ANSWERS.

കാളനി സ്ഥലം.

70. MR P. K. KRISHNAN SASTRI (*Meenachil – Pulaya Reserved*): താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമൊ?

(എ) കൊട്ടാരക്കര വെളിയം പകുതിയിൽ പിന്നോക്കസമുദായ കാളനിക്കുവേണ്ടി നീക്കിവച്ചിട്ടുള്ള സ്ഥലം ഡിപ്പാർട്ടുമെൻറിൽനിന്നും ഏറ്റുവാങ്ങിട്ടുണ്ടോ എന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനു ദയവുണ്ടാകുമൊ?

(ബി) ഉണ്ടെങ്കിൽ ടി സ്ഥലത്തു കാളനിവ്യവസ്ഥ അനുസരിച്ചു വല്ല പ്രവർത്തനവും ആരംഭിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എന്തെല്ലാമെന്നും പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനു ദയവുണ്ടാകുമൊ?

(സി) ടി സ്ഥലത്തു ഒരു പയൽസ്കൂളും വായനശാലയും സ്ഥാപിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനു ദയവുണ്ടാകുമൊ?

HON'BLE MR. G. RAMACHANDRAN: (എ) ഉണ്ട്.

(ബി) ഉണ്ട്. ശുദ്ധജലം കിട്ടത്തക്കവണ്ണം വേണ്ട സൗകര്യം ചെയ്തിട്ടുണ്ട്.

(സി) ഇല്ല. അതിനുവേണ്ട പ്രവർത്തനം നടത്താനാണ് ഉദ്ദേശിക്കുന്നത്.

MR. P. K. KRISHNAN SASTRI : അവിടെ മററു കാളനി നിയമ പ്രകാരമുള്ള പ്രവൎത്തനങ്ങൾ എന്താണു ചെയ്യുന്നതു്?

HON'BLE MR. G. RAMACHANDRAN : ക്ലിപ്തമായി എന്തു വ്യവസ്ഥയാണു് ചെയ്തിട്ടുള്ളതു് എന്നു പറയാൻ നിവൃത്തിയില്ല.

പിന്നോക്കസമുദായങ്ങൾക്കു പതിച്ചുകൊടുക്കുന്ന സ്ഥലങ്ങൾ.

71. MR. P. K. KRISHNAN SASTRI : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി ദയവായി മറുപടി പറയുമൊ?

മീനച്ചൽ താലൂക്കിൽ ഓരോ പകുതിയിലും പിന്നോക്കസമുദായങ്ങൾക്കു പതിച്ചുകൊടുക്കുവാൻ നീക്കിവച്ചിട്ടുള്ള സ്ഥലങ്ങൾ എത്രയെന്നും, അതിൽ പതിച്ചുകൊടുത്തിട്ടുള്ളവ എത്രവീതമെന്നും പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനു ദയവുണ്ടാകുമൊ?

HON'BLE MR. G. RAMACHANDRAN : ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റുമെൻറു് മേശപ്പുറത്തു വച്ചിട്ടുണ്ടു്.*

MR. P. K. KRISHNAN SASTRI : എത്ര സ്ഥലം പതിച്ചുകൊടുത്തു എന്നു പറയാൻ ദയവുണ്ടാകുമൊ?

HON'BLE MR. G. RAMACHANDRAN : പിന്നോക്കസമുദായക്കാൎക്കു് പതിച്ചുകൊടുക്കാൻ ആകെ നീക്കിവച്ചിട്ടുള്ള സ്ഥലം ൩൯൪ ഏക്കർ ൨൯ സെന്റാണു്. അതിൽ പതിച്ചുകൊടുത്തിട്ടുള്ളതു് ൯൰൧ ഏക്കർ ൧൪ സെന്റു്.

MR. P. K. KRISHNAN SASTRI : ബാക്കി സ്ഥലം പതിച്ചുകൊടുക്കാതിരിക്കാൻ വല്ല കാരണവും ഉണ്ടോ?

HON'BLE MR. G. RAMACHANDRAN : പ്രത്യേകിച്ചു കാരണം ഉള്ളതായി അറിവില്ല.

MR. K. R. ELANKATH (*Trivandrum IV—General*) : വല്ല നിൎദ്ദിഷ്ട പദ്ധതിയും അനുസരിച്ചാണൊ പതിച്ചുകൊടുക്കുന്നതു്?

HON'BLE MR. G. RAMACHAHNDRAN : അങ്ങനെ ആണെന്നാണു് അനുമാനിക്കേണ്ടതു്.

* Vide Appendix A.

MR. P. K. KRISHNAN SASTRI : അവശസമുദായങ്ങൾക്കുവേണ്ടി നീക്കിവച്ചിട്ടുള്ള സ്ഥലം മറ്റാളുകൾ കൈവശപ്പെടുത്തിയിട്ടുള്ളതായി അറിയാമോ?

HON'BLE MR. G. RAMACHANDRAN : അങ്ങനെ അറിവില്ല.

MR. K. KUTTAPPAN (*Mavelikara III—Thandan*) : പിന്നോക്ക സമുദായക്കാരിൽ ഏതെല്ലാം ജാതിവിഭാഗക്കാർ ഉൾപ്പെട്ടിട്ടുണ്ട് എന്നു പറയാൻ ദയവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN: അതിന്റെ പട്ടിക പ്രസിദ്ധം ചെയ്തിട്ടുണ്ട്. അതിപ്പോൾ എന്റെ കൈവശമില്ല.

MR. K. KUTTAPPAN : എന്നാണ് പ്രസിദ്ധം ചെയ്തിട്ടുള്ളത്?

HON'BLE MR. G. RAMACHANDRAN : അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

MR. T. V. DEVAN (*Kottayam IV—Pulaya*) : അവശസമുദായക്കാർക്കുള്ള സ്ഥലങ്ങൾ അവർക്ക് കിട്ടാതെയിരിക്കുന്നതായി ഗവണ്മെന്റിനറിയാമോ?

HON'BLE MR. G. RAMACHANDRAN : ഞാൻ ഇപ്പോൾ ഇവിടെ വായിച്ചതിൽനിന്നും അവശസമുദായക്കാർക്ക് നീക്കിവച്ചിട്ടുള്ള സ്ഥലത്തിൽ ഒരുഭാഗംമാത്രമേ കൊടുത്തിട്ടുള്ളൂ എന്നു കാണാം. ബാക്കിയുള്ളതു കഴിയുന്നതുംവേഗം കൊടുക്കാൻ ശ്രമിക്കാം.

MR. T. V. DEVAN : അങ്ങനെയുള്ള സ്ഥലങ്ങൾ മററുജാതിക്കാർ കൈവശപ്പെടുത്തിയിട്ടുള്ളതായി അറിയാമോ?

HON'BLE MR. G. RAMACHANDRAN : അറിവില്ല.

അവശസമുദായവും ഭൂമിപതിവും.

72. MR. T. T. KESAVAN SASTRI (*Kunnathnad I—Pulaya Reserved*): താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

നെടുമങ്ങാട്ടു താലൂക്കിൽ ഉഴമലയ്ക്കൽ പകുതിയിൽ അവശസമുദായക്കാർക്ക്, സൗജന്യനിരക്കിൽ പതിച്ചുനൽകാൻ ഒഴിച്ചിടപ്പെട്ട സ്ഥലങ്ങൾ എത്ര ഏക്കർ എന്നും, ഇതേവരെ പതിച്ചു നൽകിയിട്ടുള്ള ഭൂമികൾ എത്ര ഏക്കറെന്നും പറയാൻ ദയവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN: സൌജന്യനിരക്കിൽ പതിച്ചുകൊടുക്കുന്നതിനു നീക്കിവച്ചിട്ടുള്ളതു ൩൰൪ ഏക്കർ ൬൧ സെൻറു സ്ഥലമാണ്. അതിൽ ഇതുവരെ ൨൬൩ ഏക്കർ ൨ സെൻറു സ്ഥലം പതിച്ചുകൊടുത്തിട്ടുണ്ട്.

MR. T. T. KESAVAN SASTRI : ബാക്കിയുള്ള സ്ഥലത്തിന് അപേക്ഷകന്മാർ ഉണ്ടെങ്കിൽ ഗവന്മെൻറു പതിച്ചുകൊടുക്കുന്നതിനു വേണ്ട നടപടി എടുക്കുമൊ?

HON'BLE MR. G. RAMACHANDRAN : നിശ്ചയമായും.

MR. T. T. KESAVAN SASTRI : ഈയർ മാക്ക് ചെയ്തിട്ടുള്ള സ്ഥലങ്ങൾ അന്യർ കൈവശപ്പെടുത്തീട്ടുണ്ടെങ്കിൽ ഗവൺമെൻറു അതിന് എന്തു നടപടി നടത്തി എന്നു പറയാമൊ?

HON'BLE MR. G. RAMACHANDRAN : അങ്ങനെയുള്ള കാര്യങ്ങളിൽ ഗവന്മെൻറു വേണ്ടപോലെ അന്വേഷിച്ചു നടപടി നടത്തുന്നതാണ്.

MR P. M. VARGHESE (*Thodupuzha II—General*) : സൌജന്യനിരക്ക് എന്താണെന്നു പറയാൻ ദയവുണ്ടാകുമൊ?

HON'BLE MR. G. RAMACHANDRAN : അതിന് നോട്ടീസ് വേണം.

ഹരിജൻ ഹോസ്റ്റലുകൾ.

73. MR. T. T. KESAVAN SASTRI : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമൊ?

തിരുവനന്തപുരം, നാഗർകോവിൽ, കൊല്ലം, അടൂർ, കോട്ടയം, പറവൂർ എന്നീ സ്ഥലങ്ങളിലുള്ള ഗവൺമെൻറു ഹരിജൻ ഹോസ്റ്റലുകളിൽ, ഈ സ്കൂൾവർഷത്തിൽ എത്ര അപേക്ഷകൾക്കു് യഥാക്രമം പ്രവേശനം അനുവദിച്ചിട്ടുണ്ടെന്നു പറയാൻ ദയവുണ്ടാകുമൊ?

HON'BLE MR. G. RAMACHANDRAN: ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ ഒരു സ്റ്റേറ്റുമെൻറു മേശപ്പുറത്തു വച്ചിട്ടുണ്ട്. *

MR. K. R. ELANKATH : അപേക്ഷകന്മാരുടെ ഏതെങ്കിലും അപേക്ഷകൾ നിഷേധിച്ചിട്ടുണ്ടോ?

HON'BLE MR. G. RAMACHANDRAN : അങ്ങനെ വരാൻ ഇടയുണ്ട്.

MR. T. V. DEVAN : ൧൦ വയസ്സ് ആയവർക്കുമാത്രമേ പ്രവേശനമുള്ളു എന്നു നിശ്ചയിച്ചിട്ടുണ്ടോ?

* Vide Appeudix B.

HON'BLE MR. G. RAMACHANDRAN : തീർച്ചപറയാൻ നിവൃത്തിയില്ല.

MR. P. C. ADICHAN (*Kunnathur II—Kurava*) : 21 വയസ്സിന് താഴെയുള്ളവരെ ഹോസ്റ്റലിൽ പ്രവേശിപ്പിച്ചുകൂടാ എന്ന നിയമം ഉണ്ടെങ്കിൽ ആ ഓർഡർ ഭേദഗതി വരുത്താൻ ഗവണ്മെൻറ് തയാറാകുമൊ?

HON'BLE MR. G. RAMACHANDRAN: ഇപ്പോൾ അത്ര പറയാൻ നിവൃത്തിയില്ല. അങ്ങനെ ഒരു നിയമമുണ്ടെങ്കിൽ അത് എന്തുകൊണ്ടുണ്ടായി എന്നറിഞ്ഞ ശേഷം അതിനെപ്പററി ആലോചിക്കാം.

MR. P. C. ADICHAN : 21 വയസ്സു തികഞ്ഞില്ല എന്ന കാരണത്താൽ ഹോസ്റ്റലിൽ പ്രവേശിക്കാൻ സാധിക്കാതെ പലരും കഷ്ടപ്പെടുന്നതായി ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമൊ?

HON'BLE MR. G. RAMACHANDRAN : ഞാൻ മുൻപു പറഞ്ഞ മറുപടിയിൽ കൂടുതലായി ഒന്നും പറയാനില്ല.

MR. A. ABDUL RAZAK (*Nedumangad I—Muslim*): Will the Hon'ble member please explain what is meant by the term 'Harijan'?

HON'BLE MR. G. RAMACHANDRAN : Am I expected to answer this question, Sir? Does it arise out of this?

74. പുനലൂർ ടൗണിൽ ഇലക്ട്രിക്ക് പവ്വർ വിതരണം.

MR. MOHAMMED MUSTAFA (*Pathanapuram—Muslim*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമൊ ?

(എ) പുനലൂർ ടൗണിൽ ഇലക്ട്രിക്ക പവ്വർ വിതരണം ചെയ്യുന്നതിനുള്ള എല്ലാ ഏർപ്പാടുകളും പൂർത്തിയായിട്ട് ഇപ്പോൾ ഒരു വർഷത്തിനു മേലായിട്ടും എന്തോ സാങ്കേതിക തടസ്സത്തിന്മേൽ ഇതുവരെയും പവ്വർ വിതരണം തുടങ്ങിയിട്ടില്ലെന്നുള്ളത് ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടൊ ?

(ബി) അതിന്മേൽ പുനലൂർ നിവാസികൾക്ക് ഉണ്ടായിട്ടുള്ള കഷ്ടനഷ്ടത്തെപ്പററി ഗവണ്മെൻറിനു പരാതികൾ കിട്ടിയിട്ടില്ലേ? ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി എന്നു വെളിപ്പെടുത്തുമൊ ?

HON'BLE MR. A. ATCHUTHAN : (എ) പുനലൂർ ടൗണിൽ ഇലക്ട്രിക് പവ്വർ വിതരണത്തിനുള്ള ഏർപ്പാട് പൂർത്തിയായിട്ടുണ്ട്. ചില സാങ്കേതികതടസ്സങ്ങൾ മൂലം പവ്വർ വിതരണം നടപ്പിൽ വരുത്തിയിട്ടില്ല.

(ബി) പരാതികൾ കിട്ടിയിട്ടുണ്ട്. കഴിയുന്നതും വേഗം പവ്വർ വിതരണം നടത്താൻ ഏർപ്പാട് ചെയ്യുന്നതാണ്.

MR. MOHAMMED MUSTAFA : പുനലൂർ പവ്വർ വിതരണത്തിന് ആരെങ്കിലും കൺട്രാക്ട് എടുത്തിട്ടുള്ളതായി അറിയാമോ?

HON'BLE MR. A. ATCHUTHAN : ഒരു ലൈസൻസിക്ക് വിതരണം നടത്തുന്നതിനുള്ള അവകാശം കൊടുത്തിരുന്നു.

MR. MOHAMMED MUSTAFA : ആ അവകാശം അദ്ദേഹത്തിനിപ്പോഴും ഉണ്ടോ?

HON'BLE MR. A. ATCHUTHAN : അദ്ദേഹം ലൈസൻസ് വ്യവസ്ഥ അനുസരിച്ച് കൽപ്പിച്ചകാലത്തിനുള്ളിൽ ചെയ്യേണ്ട ജോലി ചെയ്തുതീർക്കാത്തതിനാൽ അദ്ദേഹത്തിന്റെ പേർക്കുള്ള ലൈസൻസു ക്യാൻസൽ ചെയ്തു. അതിന്മേൽ അദ്ദേഹം ഗവണ്മെന്റിലേക്ക് റിവിഷൻ കൊടുത്തു. അത് ഗവണ്മെന്റിന്റെ പര്യാലോചനയിൽ ഇരിക്കുന്നു.

MR. MOHAMMED MUSTAFA : അതിനു പകരം വല്ല വ്യവസ്ഥയും ചെയ്തിട്ടുണ്ടോ?

HON'BLE MR. A. ATCHUTHAN : ഇതുവരെ ചെയ്തിട്ടില്ല.

MR. MOHAMMED MUSTAFA : അവിടെ ഇപ്പോൾ പല കെട്ടിടങ്ങളിലും ഇലക്ട്രിക്ക് ലൈറ്റിടുന്നതിന് വയറിംഗ് കഴിഞ്ഞു നോക്കിയിരിക്കുന്നു എന്നു ഗവണ്മെന്റിനറിയാമോ?

HON'BLE MR. A. ATCHUTHAN : അറിയാം.

MR. MOHAMMED MUSTAFA : ഇനി അവിടെ ഇലക്ട്രിക്ക് പവ്വർ വിതരണം ചെയ്യുന്നതിന് എത്രകാലം വേണ്ടിവരും എന്നു പറയാമോ?

HON'BLE MR. A. ATCHUTHAN : കഴിയുന്നതും വേഗം പവ്വർ വിതരണം ചെയ്യുന്നതിനു വേണ്ട ഏർപ്പാടു ചെയ്യാം. അവിടത്തെ ലൈസൻസിയുടെ റിവിഷൻ ഗവണ്മെന്റ് ആലോചനയിൽ ഇരിക്കുന്നു.

MR. P. T. CHACKO (*Kottayam II—General*) : ഇവിടെ ചില സാങ്കേതികതടസ്സങ്ങൾ എന്നു പറഞ്ഞല്ലോ? ആ സാങ്കേതിക തടസ്സങ്ങളുടെ ഏകദേശരൂപമെങ്കിലും നൽകാമോ?

HON'BLE MR. A. ATCHUTHAN : ആ തടസ്സങ്ങൾ ഇവിടെ പറഞ്ഞുകഴിഞ്ഞു. അതായത്, ലൈസൻസി ക്ലിപ്തകാലത്തിനകം ജോലിചെയ്തു തീർക്കാത്തതിനാൽ ലൈസൻസ് ക്യാൻസൽചെയ്തു. അതിനാൽ ആ ലൈസൻസി ഗവൺമെന്റിലേക്കു റിവിഷൻ കൊടുത്തു. അതനുസരിച്ച് ഗവൺമെന്റ് സ്റ്റേ ആർഡർ കൊടുത്തു. അപ്പോൾ മേൽനടപടി നടത്താൻവേണ്ടിയാണ് സ്റ്റേ ചെയ്തത്.

മുട്ടത്തുകടവിൽ ഒരു പാലം പണിയിക്കേണ്ട ആവശ്യം.

75. **MR. MOHAMMED MUSTAFA** : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

ആവണീശ്വരം-പത്തനാപുരം റോഡിൽ മുട്ടത്തുകടവിൽ ഒരു പാലം ഇല്ലാത്തതുമൂലം സ്ഥലവാസികൾ അനുഭവിക്കുന്ന ദുസ്സഹമായ വൈഷമ്യങ്ങളെപ്പറ്റി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തിയെന്ന് പ്രസ്താവിക്കാമോ?

HON'BLE MR. A. ATCHUTHAN : കഴിഞ്ഞ ൧൨ കൊല്ലത്തിനിപ്പുറം യാതൊരു നിവേദനവും ഗവൺമെന്റിനു കിട്ടിയിട്ടില്ല.

മുനിസിപ്പാലിറ്റിക്കു കൊടുത്ത സഹായധനം.

76. **MR. MOHAMMED MUSTAFA** : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

ഇവിടത്തെ മുനിസിപ്പാലിറ്റികൾക്ക് ഗവൺമെന്റ് എന്തെങ്കിലും തുകകൾ കടമായി നൽകിയിട്ടുണ്ടോ? ഉണ്ടെങ്കിൽ ഏതെല്ലാം മുനിസിപ്പാലിറ്റികൾക്ക്, എന്തു തുകകൾ, ഏന്താവശ്യത്തിനെന്നു പ്രസ്താവിക്കാമോ?

HON'BLE MR G. RAMACHANDRAN : ഉണ്ട്. നാഗർകോവിൽ, വൈക്കം, ആലപ്പുഴ, ചെങ്കോട്ട ഈ മുനിസിപ്പാലിറ്റികൾക്കാണ്. ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ ഒരു സ്റ്റേറ്റുമെന്റു മേശപ്പുറത്തു വച്ചിട്ടുണ്ട്. *

* Vide Appendix C.

MR. MOHAMMED MUSTAFA : ആ കൊടുക്കുന്ന തുകകൾ ഏതാവശ്യത്തിനു വിനിയോഗിക്കുന്നു എന്നു ഗവൺമെൻറ് അന്വേഷിക്കാറുണ്ടോ?

HON'BLE MR. G. RAMACHANDRAN: ഉണ്ട്. എന്തു കാരണങ്ങൾക്കാണു വിനിയോഗിക്കുന്നത് എന്നു സ്റ്റേറ്റുമെൻറിൽ ഉണ്ട്.

പ്രീ യൂണിവേഴ്സിററി.

77. MR. V. MADHAVAN (*Vaikam II—General*) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി മറുപടി പറയുമോ?

(എ) ഈ കഴിഞ്ഞ സ്കൂൾവർഷത്തിൽ ഏതെല്ലാം പ്രീയൂണിവേഴ്സിററി സ്കൂളുകളിൽ നിന്നും വിദ്യാർത്ഥികളെ പ്രീയൂണിവേഴ്സിററി പരീക്ഷയ്ക്ക് അയച്ചിരുന്നു?

(ബി) ഓരോ സ്കൂളുകളിലും ഉണ്ടായിരുന്ന വിദ്യാർത്ഥികളെത്ര?

(സി) അവരിൽ എത്രപേർ അവസാന പരീക്ഷയിൽ പാസ്സായി?

(ഡി) പ്രസ്തുത പരീക്ഷയിൽ പാസ്സായവരുടെ ശതമാനമെത്ര?

HON'BLE MR. T. M. VARGHESE : തിരുവനന്തപുരത്തെ പ്രീയൂണിവേഴ്സിററി സ്കൂളും ചങ്ങനാശേരിയിലെ പ്രീയൂണിവേഴ്സിററിസ്കൂളും. ഈ രണ്ടു സ്കൂളുകളിൽ നിന്നുമാണ് വിദ്യാർത്ഥികളെ പരീക്ഷയ്ക്ക് അയച്ചത്. തിരുവനന്തപുരത്തെ പ്രീയൂണിവേഴ്സിററിയിൽ നിന്നും ൱൭൩ വിദ്യാർത്ഥികളെ പരീക്ഷയ്ക്ക് അയച്ചു. അതിൽ ൫൨ വിദ്യാർത്ഥികൾ പാസ്സായി. ചങ്ങനാശേരി പ്രീയൂണിവേഴ്സിററിയിൽ നിന്നും ൨൪൦ വിദ്യാർത്ഥികളെ പരീക്ഷയ്ക്ക് അയച്ചതിൽ ൭൫ പേർ പാസ്സായി. തിരുവനന്തപുരം പ്രീയൂണിവേഴ്സിററിയിൽ ൪൯ ശതമാനവും ചങ്ങനാശേരിയിൽ നിന്നും ൨൫ ശതമാനം വിദ്യാർത്ഥികളും പാസ്സായിട്ടുണ്ട്.

MR. V. MADHAVAN : മററു പരീക്ഷകളുമായി നോക്കുമ്പോൾ ഈ പരീക്ഷയിൽ ജയിച്ചിട്ടുള്ളവരുടെ ശതമാനം കൂടുതലാണോ? കുറവാണോ?

HON'BLE MR. T. M. VARGHESE : കൂടുതലും ആകാം കുറവും ആകാം.

റേഷൻ വിതരണം.

78. MR. K. A. MATHEW (*Thiruvalla IV—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) തിരുവല്ലാ താലൂക്കിൽ വിതരണം ചെയ്യുന്നതിനു ൧൧൨൦ ഇടവം അവസാനത്തെ ആഴ്ചയിൽ, ചങ്ങനാശേരി ഡിപ്പോവിൽനിന്നും കച്ചവടക്കാർക്കു നൽകപ്പെട്ട അരിയിൽ ഇരുനൂറിൽപരം ചാക്കുകളിലുള്ള അരി നനഞ്ഞു നാറുന്നതും ഉപയോഗശൂന്യവുമായ രീതിയിൽ ആയിരുന്നെന്നുള്ള വസ്തുത ഗവണ്മെന്റിനറിയാമോ?

(ബി) ഈ ചീത്ത അരി വിതരണം ചെയ്യുന്നതിനനുവദിക്കരുതേ എന്നാവശ്യപ്പെട്ടുകൊണ്ട് തിരുവല്ലാതാലൂക്കിൽനിന്നും പൊതുജനപ്രതിനിധികൾ അറിയിച്ചിരുന്നുവോ?

(സി) അറിയിച്ചിരുന്നെങ്കിൽ എന്നാണറിയിച്ചത്?

(ഡി) ഗവണ്മെന്റിൽനിന്നും ഇക്കാര്യത്തിൽ എന്തു നടപടി എടുത്തു?

(ഇ) ആ അരിയുടെ വിതരണം നിരോധിച്ചതെന്നാണ്?

(എഫ്) പ്രസ്തുത അരിക്ക് കേടു വന്നതെങ്ങിനെയാണ്?

(ജി) കൊച്ചിയിൽനിന്നും ചങ്ങനാശേരി ഡിപ്പോവിലേക്കു അരി കൊണ്ടുപോകുന്നതിന്റെ ചുമതല ആർക്കാണ്?

(എച്ച്) മുൻപറഞ്ഞ ചീത്തഅരി കച്ചവടക്കാർക്കു നൽകുന്നതിനു ചങ്ങനാശേരി ഡിപ്പോ ആഫീസർക്കു ഗവണ്മെന്റിൽനിന്നും നിർദ്ദേശം നൽകിയിരുന്നോ? ഇല്ലെങ്കിൽ ആ അരി തിരുവല്ലാ താലൂക്കിലേക്കയച്ചതിന് ഉത്തരവാദി ആരാണ്?

HON'BLE MR. K. M. KORAH: (എ) ഈ വിവരങ്ങൾ കാണിച്ച് പരാതികൾ കിട്ടിയിട്ടുണ്ട്.

(ബി) അറിയിച്ചിരുന്നു.

(സി) ൨൨-൧൦-൧൧൨൦-ൽ.

(ഡി) പരാതികൾ ലഭിച്ചശേഷം സിവിൽ സപ്ലൈ കമ്മീഷണരെ വിവരം ധരിപ്പിക്കുകയും അദ്ദേഹം മേലാൽ ആ തരത്തിലുള്ള അരിവിതരണം ചെയ്യരുതെന്നു അവിടത്തെ ഡിപ്പോ ആഫീസറെ അറിയിക്കുകയും ചെയ്തു.

(ഇ) ൧൨-൧൧-൧൧൨൦-ൽ.

[Hon'ble Mr. K. M. Korah.]

(എഫ്) അരി കുറവുവരുവാൻ ഇടയായത് ചങ്ങനാശ്ശേരിയ്ക്കു കായൽ വഴി വന്ന വള്ളം മുങ്ങിപ്പോയതുകൊണ്ടാണ്.

(ജി) കായൽ വഴി കൊച്ചിയിൽനിന്നും ചങ്ങനാശ്ശേരിക്ക് അരി കൊണ്ടുവരുന്ന കാൺട്രാക്റ്റ് തിരുവനന്തപുരം വാട്ടർ ട്രാൻസ്പോർട്ട് കമ്പനിക്കാണ് കൊടുത്തിട്ടുള്ളത്.

(എച്ച്) ഇല്ല. എന്നാൽ ചങ്ങനാശ്ശേരി ഡിപ്പോ ആഫീസർ ഈ അരി മുൻപതിവനുസരിച്ചു കൊടുത്തിരുന്നു.

MR. K. A. MATHEW: [illegible]-ൽ കിട്ടിയ പരാതിക്കുശേഷം ഇങ്ങനെയുള്ള അരിവിതരണം ചെയ്യരുത് എന്ന് അറിയിച്ചതായി പറയുന്നു. അതിനുശേഷവും ഈ മാതിരി അരി വിതരണം ചെയ്തിട്ടുള്ളതായി ഗവണ്മെന്റിനറിയാമോ?

HON'BLE MR. K. M. KORAH: കൊടുത്തിരിക്കണം.

MR. K. A. MATHEW: അതിനെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ?

HON'BLE MR. K. M. KORAH: അന്വേഷിച്ചിട്ടില്ല.

MR. K. A. MATHEW: ചീത്ത അരി കൊടുക്കുന്നതിനുള്ള ഉത്തരവാദിത്വം ആർക്കാണ്?

HON'BLE MR. K. M. KORAH: ചീത്ത അരിയാണോ എന്നറിയുന്നതിന് കുറെ വിഷമമുണ്ട്.

MR. K. A. MATHEW: നാറുന്ന അരി ചീത്തയാണെന്നറിയാൻ വിഷമമുണ്ടോ?

HON'BLE MR. K. M. KORAH: നനഞ്ഞ അരി ഉണക്കിയാൽ ശരിയാകും.

MR. K. A. MATHEW: ആ അരി ചങ്ങനാശ്ശേരിയിൽ അയച്ചപ്പോഴും നാറുന്നു എന്നറിയാമോ?

HON'BLE MR. K. M. KORAH: നാറുന്നതാണെങ്കിൽ അതിനെപ്പറ്റി നടപടി നടത്താം.

MR. K. R. ELANKATH: കേടുവന്ന അരി വേറെ ഏതെങ്കിലും താലൂക്കുകളിൽ വിതരണം ചെയ്തിട്ടുള്ളതായി അറിയാമോ?

HON'BLE MR. K. M. KORAH: അറിയാൻ പാടില്ല.

MR. MANNAR GOPALAN NAIR (*Thiruvalla I—General*): വള്ളം മുങ്ങാൻ കാരണം എന്താണ്?

HON'BLE MR. K. M. KORAH: അതു പ്രകൃതിയുടെ ക്ഷോഭംകൊണ്ടാണ്.

MR. M. O. CHERIYAN (*Devicolam—General*): Do the Government insure rice to cover transport charges to other places as well?

HON'BLE MR. K. M. KURAN: Yes.

Supply of electricity in South Travancore.

79. MR. R. CHELLASWAMI NADAR (*Vilavancode—Hindu Nadar*): Will the Honourable Minister for Electricity be pleased to state:

(*a*) whether the Government are aware of the necessity of supplying electricity in the Southern taluks;

(*b*) whether the Government have taken any steps to supply electricity in the southern taluks; and

(*c*) the time the Government will require for supplying it?

HON'BLE MR. A. ATCHUTHAN: (*a*) Yes.

(*b*) Yes.

(*c*) Time required for completing the work is entirely dependent on the availability of materials, but it is expected that the major part of the work will be completed before the end of 1125.

MR. R. CHELLASWAMI NADAR: எவ்வளவு காலம் வேண்டியிருக்கும் என்று சொல்ல முடியுமா?

HON'BLE MR. A. ATCHUTHAN: That will depend on the availability of materials.

MR. R. CHELLASWAMI NADAR: வேலை ஏதாவது தொடங்கப்பட்டிருக்கிறதா? இல்லையா?

HON'BLE MR. A. ATCHUTHAN: Yes. Already in Balaramapuram and Neyyattinkara the work is complete and there is a proposal to take up other works in certain parts of South Travancore.

Transport Department.

80. MR. R. CHELLASWAMI NADAR: Will the Honourable Minister for Transport be pleased to state:

(*a*) the official duties of the Director of Transport and the Administrative Officer; and

(*b*) the names with the official designations of the officers drawing a salary of Rs. 150 and above in the Transport Department?

HON'BLE MR. A. ATCHUTHAN: (*a*) The Director is in general control of the Department and its policy. The Administrative Officer is in Charge of the day to day administration of the Accounts, Traffic, Commercial and personnel in the Department.

(*b*) Messrs N. Ramamurthi—Director of Transport
M. Velu Pillai—Administrative Officer.
T. C. S. Pillai—Automobile Engineer.
S. Y. Muthuswami—Chief Accountant.
K. S. Subramonia Iyer—Maintenance Superintendent.
Kurien Thomas—Works Superintendent.
N. Bhaskaran Nair—Operating Superintendent (on special duty.)

Mr. N. Kunjunni Kurup—District Officer in independent charge of the duties of the Operating Superintendent.

Mr. P. Raghavan Nair—Secretary.

MR. R. CHELLASWAMI NADAR: Director, Administrative Officer—இதில் யார் மேல் அதிகாரி என்று சொல்ல முடியுமா? (No answer.)

MR. A. ABDUL RAZAAK: May I know how many of these officers are to be sacked due to retrenchment?

HON'BLE MR. A. ATCHUTHAN: There is no question of sacking any of these officers. Two posts are proposed to be retrenched *viz.*, the Administrative Officer and the Maintenance Superintendent.

MR. R. CHELLASWAMI NADAR: பிராமணர், நாயர், கிறிஸ்தியன் கத்தோலிக்கர் முதலிய சமுதாயத்தினரல்லாது வேறு யாராவது இருக்கிறார்களா?

HON'BLE MR. A. ATCHUTHAN: That can be seen from the list of names I read out.

MR. T. K. NARAYANA PILLAI (*Parur II—General*): Sir, is that a supplementary question? I do not find it arises from the main question put down in the order paper.

MR. PRESIDENT: I will find it out.

MR. T. K. NARAYANA PILLAI: I am only calling the attention of the President to that aspect.

MR. R. CHELLASWAMI NADAR: பிராமணர், நாயர், கிறிஸ்தியன் கத்தோலிக்கர் அல்லது வேறு சமுதாயத்திலிருந்து அபேட்சைகள் வந்ததுண்டா? 15) ரூபாய்க்கு மேல்.

HON'BLE MR. A. ATCHUTHAN: I claim notice.

MR. A. ABDUL RAZAAK: Are the Government aware that the services of Mr. Ramamurthi have been earmarked for the Province of Madras?

MR. PRESIDENT: That question does not arise.

MR. K. R. ELANKATH: ൧൫൦ രൂപായ്ക്കുമേൽ ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരെ ഗവർമ്മെന്റു ഡയറക്ടായി നിയമിക്കുകയായിരുന്നോ, അതോ മററു ഡിപ്പാർട്ടുമെന്റുകളിൽനിന്നു തിരഞ്ഞെടുത്തു നിയമിക്കുകയായിരുന്നോ? (No answer)

MR. A. CHIDAMBARANATHA NADAR (*Kalkulam II—Hindu Nadar*): மேல் சொன்ன உத்தியோகங்களில் யாராவது தமிழர்கள் உண்டா?

HON'BLE MR. A. ATCHUTHAN: That question cannot be answered except with reference to the facts pointed out already.

MR. K. SIVARAMA PILLAI (*Thovala General*): Is it in order for the Hon. Minister to say that the question cannot be answered? Either he should say that he does not know the answer or claim notice. Am I right Mr. President?

HON'BLE MR. A. ATCHUTHAN: I have already read out the names of the officers and from there could be seen the community to which each officer belongs.

MR. A. P. UDAYABHANU (*Karunagappalli II—General*): Are not Mr. Ramamurthi and Mr. Muthuswami Tamilians?

HON'BLE MR. A. ATCHUTHAN: I think so.

MR. MANNAR GOPALAN NAIR (*Thiruvalla I—General*): ഭാസ്കരൻ നായരെ സ്പെഷ്യൽഡ്യൂട്ടിയിൽ നിയമിച്ചിരിക്കുകയാണെന്നു പറഞ്ഞല്ലോ. എന്തു സ്പെഷ്യൽ ഡ്യൂട്ടിയാണെന്നു പറയാമോ?

HON'BLE MR. A. ATCHUTHAN: ട്രാൻസ്പോർട്ട ഡിപ്പാർട്ടുമെൻറിലെ റൂൾസ് റിവൈസ് ചെയ്യുന്നതിനാണ്.

MR. K. A. MATHEW: മി. രാമമൂർത്തിതന്നെയാണൊ ഇപ്പോഴും ട്രാൻസ്പോർട്ട ഡയറക്ടരായിരിക്കുന്നതു്?

MR. PRESIDENT: അതെ.

MR. K. A. MATHEW: അദ്ദേഹത്തിൻെറ പേരിൽ പരാതികൾ ഉണ്ടായിരുന്നു. അതിനെ സംബന്ധിച്ചു അന്വേഷണം നടത്തിക്കൊണ്ടിരിക്കയാണെന്നു കഴിഞ്ഞ സമ്മേളനത്തിൽ പ്രസ്താവിക്കുകയുണ്ടായി. എന്നാൽ അന്വേഷണത്തിൻെറ ഫലം എന്തായി എന്നു പറയുമോ?

(There was no answer).

Improvement of paddy cultivation in the State.

81. MR. V. O. MARKOSE (*Kottayam III—General*): Will the Honourable Minister for Agriculture be pleased to State:

(*a*) whether any scientific research has been made by the University department of Research or any Government institution or officer for the improvement of paddy cultivation in the State;

(*b*) if the answer to (a) is in the affirmative, what is the nature and what is the result of such research or researches;

(*c*) has any research been made with a view to improve the quality of paddy seed towards increasing production; if so what is the result of such research; and

(*d*) has any research been made towards making paddy plants proof against pests; if so, what is the result of such research?

HON'BLE MR. K. M. KORAH: (*a*) Yes. By the Department of Agriculture at the Paddy Farm, Nagercoil and at the Paddy Breeding Stations at Monkompu and Adoor.

(*b*) and (*c*) To evolve improved high yielding strains of paddy, fourteen improved strains have so far been fixed suitable to different localities.

(*d*) No.

MR. V. O. MARKOSE: May I know whether the people who are doing research are those who have had previous experience?

HON'BLE MR. K. M. KORAH: Yes.

MR. V. O. MARKOSE: May I know what their previous experience is?

HON'BLE MR. K. M. KORAH: At present I claim notice.

MR. V. O. MARKOSE: Will the Government be pleased to appoint for research work men who have had previous experience in the line?

HON'BLE MR. K. M. KORAH: Certainly.

MR V. O. MARKOSE: Will the Government consider the feasibility of getting down real experts from outside to conduct research in this matter?

HON'BLE MR. K. M. KORAH: That will be seriously considered.

MR. A. P. UDAYABHANU: May I know what happened to the work of the Economic Botanist at the Kayancolam station?

HON'BLE MR. K. M. KORAH: I claim notice.

MR. A. P. UDAYABHANU: Is the Hon'ble Minister aware of the two varieties of paddy evolved there?

HON'BLE MR. K. M KORAH: Yes.

MR. A. P. UDAYABHANU: Then what is the fate of that? Is the department continuing the experiment with that or has that been given up?

HON'BLE MR. K. M. KORAH: I will find out the matter.

Paddy Cultivation.

82. DR. M. O. CHERIYAN (*Devicolam—General*:) Will the Honourable Minister for Agriculture be pleased to state:

(a) the total area suitable for paddy cultivation in Anjunad area *viz.* Natchivayal, Marayoor, Keelanthoor and Vattavada pakuthies in Devicolam taluk;

(b) the total area actually under paddy cultivation in the above pakuthies; and

(c) whether in view of the food shortage, the Government will take the necessary steps to bring the available area under cultivation?

HON'BLE MR. K. M. KORAH: (a) 29,57 acres.

(b) 14,05 acres.

(c) Yes.

Acquisition of lands.

83. MR. N. V. CHACKO (*Kunnathnad III—General*): Will the Honourable Minister for Land be pleased to state:

(a) whether complaints have been received from places in the Kunnathnad taluk and other parts, of attempts at acquisition of lands by the Government at the instance of third parties; and

(b) whether the Government are aware that such acquisitions caused untold hardship and irreparable miseries to the people in occupation or possession of such lands and that there are no unavoidable necessities or justifiable excuses for such evictions or acquisitions?

HON'BLE MR. C. KESAVAN: (*a*) Complaints have been received from Kunnathnad taluk and other places against acquisition of lands by Government.

(*b*) Acquisitions may cause inconvenience to the occupants when they are dispossessed of their lands. Acquisitions of lands are ordered only when the lands are found to be absolutely necessary for Government or public purpose.

MR. N. V. CHACKO: May I know whether lands are acquired for Government purpose?

HON'BLE MR. C. KESAVAN: Lands are acquired for Government and public purposes as well.

MR. N. V. CHACKO: Are the Government aware of a series of articles by Mr. Kumbalathu Sanku Pillai in several Dailies in Travancore about this matter? Have not the injustices of the acquisitions been pointed out therein?

HON'BLE MR. C. KESAVAN: I do know of certain articles written by Mr. Sanku Pillai and they contain grievances of the owners of lands.

MR. E. K. MADHAVAN (*Parur I—General*): എന്തു് ആവശ്യത്തിനു വേണ്ടിയാണു് ആ സ്ഥലം എടുക്കുന്നതെന്നു പറയാൻ ദയവുണ്ടാകുമോ?

HON'BLE MR. C. KESAVAN: ഏതു സ്ഥലം?

MR. E. K. MADHAVAN: കാലടിയിലുള്ള സ്ഥലം.

HON'BLE MR. C. KESAVAN: കാലടിയിൽ പല സ്ഥലങ്ങളുമുണ്ടു്. ഏതു സ്ഥലമെന്നു പ്രത്യേകം പറഞ്ഞാൽ ഉത്തരം പറയാം.

MR. E. K. MADHAVAN: ഈ ചോദ്യത്തിനു് അടിസ്ഥാനമായ സ്ഥലത്തെപ്പറ്റിയാണു് ഞാൻ ചോദിക്കുന്നതു്.

HON'BLE MR. C. KESAVAN: ആ സ്ഥലം എടുക്കുന്നില്ല.

MR. E. K. MADHAVAN: എടുക്കുന്നതിനു് ആലോചന ഉണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

HON'BLE MR. C. KESAVAN: ആലോചന ഇല്ല.

MR. MOHAMMED MUSTAFA: ആരുടെയെങ്കിലും പ്രേരണമൂലമാണു് ആ സ്ഥലം എടുക്കുന്നതു് എന്നുള്ള കാര്യം ഗവൺമെന്റു് അംഗീകരിക്കുന്നുണ്ടോ?

HON'BLE MR. C. KESAVAN: ഇല്ല.

Paddy cultivation.

84. MR. N. V. CHACKO (*Kunnathnad III—General*): Will the Honourable Minister for Agriculture be pleased to state whether the Government are aware :

(*a*) that ordinary paddy cultivations in places like the Kunnathnad taluk have been badly hit by the abnormal rise in the level of:

(i) wages to agricultural labourers, (ii) prices of all sorts of implements of husbandry, wooden and metalic, (iii) prices of ploughing animals, (iv) prices of green and other kinds of manure, (v) prices of seeds, (vi) difficulty to maintain animals for want of grazing grounds and fodder and owing to their early death, (vii) difficulty to get or buy labourers implements of husbandry, animals, manures, seeds etc., even at abnormally high prices.

HON'BLE MR. K. M. KORAH: (a) Government are aware that the agriculturists throughout the State experience some difficulties in the matter of securing labour, implements, manure etc., and as far as possible Government have taken steps to give them relief in these matters.

MR. K. K. CHELLAPPAN PILLAI (*Mavelikara II—General*) : ഈ ചോദ്യത്തിൽ പറയുന്നതരത്തിലുള്ള വൈഷമ്യങ്ങൾ തിരുവിതാംകൂറിലെ സാധാരണ കൃഷിക്കാർക്കെല്ലാം ഉണ്ടെന്നറിയാമോ ?

HON'BLE MR. K. M. KORAH : അറിയാം.

MR. K. K. CHELLAPPAN PILLAI : അതു പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

HON'BLE MR. K. M. KORAH : ആവശ്യമായ നടപടികൾ എത്രയും വേഗം എടുക്കണമെന്നാണ് ഉദ്ദേശിക്കുന്നതു്.

MR. CHERIYAN J. KAPPAN (*Meenachil II—General*) : അഗ്രികൾച്ചറൽ ഇംപ്ലിമെൻസ് വിതരണം ചെയ്യുന്നതിനു കോട്ടയം ഡിവിഷനിൽ എന്തെങ്കിലും ഏർപ്പാടുണ്ടോ ?

HON'BLE MR. K. M. KORAH : I claim notice.

MR. CHERIYAN J. KAPPAN : ഇല്ലെന്നു ഞാൻ പറഞ്ഞാൽ വിശ്വസിക്കുമോ ?

HON'BLE MR. K. M. KORAH : ഉള്ളൂ. മെമ്പറെ വിശ്വസിക്കാവുന്നിടത്തോളം വിശ്വസിക്കാം.

MR. K. A. GANGADHARA MENON (*Nedumangad I—General*) : അഗ്രികൾച്ചറൽ ഇംപ്ലിമെൻസ് വിതരണംചെയ്യാൻ ഏതെങ്കിലും ഏർപ്പാടുണ്ടോ?

HON'BLE MR. K. M. KORAH : ഉണ്ട്.

MR. K. A. GANGADHARA MENON : അതെവിടെയെല്ലാമാണെന്നു പറയാമൊ ?

HON'BLE MR. K. M. KORAH : I claim notice.

MR. K. R. ELANKATH : വളം മുതലായവ ബ്ളാക്കുമാർക്കററിലാണ് കൃഷിക്കാർക്കു കിട്ടുന്നതെന്നറിയാമൊ ?

HON'BLE MR. K. M. KORAH : ചിലപ്പോൾ അങ്ങിനെ ഉണ്ടായേക്കാം. പക്ഷെ അതു ഗവണ്മെൻറിൻെറ കുററമല്ല. ചില കൃഷിക്കാർ വാങ്ങിച്ചതിനുശേഷം അങ്ങനെ ചെയ്തിട്ടുണ്ട്.

MR. N. P. VARGHESE (*Muvattupuzha I—General*) : ഒരുപറ നിലം കൃഷിചെയ്യുന്നതിന് എന്തു ചിലവു വരുമെന്നു പറയാമൊ ?

HON'BLE MR. K. M. KORAH : പല സ്ഥലത്തും പലവിധത്തിലായിരിക്കും.

MR. N. P. VARGHESE : കുട്ടനാട്ടിലാണെങ്കിൽ എന്തു ചിലവാകുമെന്നു പറയാമൊ ?

HON'BLE MR. K. M. KORAH : തൽക്കാലം പറയാൻ നിവൃത്തിയില്ല.

MR. N. P. VARGHESE : ബഹു. മന്ത്രിയുടെ സ്വന്തം അനുഭവത്തിൽനിന്നു പറഞ്ഞുകൂടെ ?

HON'BLE MR. K. M. KORAH : എൻെറ സ്വന്ത അനുഭവങ്ങൾ ഇവിടെ പറയണമെന്നു വിചാരിക്കുന്നില്ല. എൻെറ സ്വന്തഅനുഭവങ്ങൾ കൂടി വച്ചുകൊണ്ട് വൈഷമ്യങ്ങൾ പരിഹരിക്കാൻ ശ്രമിക്കുന്നതാണ്.

MR. P. T. CHACKO : ഓരോ മെമ്പറന്മാരെയും വിശ്വസിക്കുന്നതിന് പ്രത്യേകിച്ച് വല്ല തോതും വച്ചിട്ടുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

HON'BLE MR. K. M. KORAH : ഞാൻ പറഞ്ഞതിൽനിന്ന് അങ്ങനെയൊരർത്ഥം വരുന്നില്ല.

MR. P. T. CHACKO : അങ്ങനെയാണെങ്കിൽ മെംബറെ വിശ്വസിക്കാവുന്നിടത്തോളം വിശ്വസിക്കാം എന്നു പറഞ്ഞതെന്താണെന്നു പറയുമൊ ?

HON'BLE MR. K. M. KORAH: വിശ്വസിക്കാവുന്നിടത്തോളം എന്നു വച്ചാൽ പൂർണ്ണമായി വിശ്വസിക്കുകയെന്നാണു ഞാൻ ഉദ്ദേശിച്ചിട്ടുള്ളത്.

MR. A. P. UDAYABHANU : What is the nature of the relief offered by Government ?

MR. N. V. CHACKO: What are the steps taken?

HON'BLE MR. K. M. KORAH: Government have provided measures, whereby the agriculturists can purchase agricultural implements.

MR. N. V. CHACKO: May I know whether there is any depot in Kunnathnad taluk, where the agriculturists can purchase implements or provisions for making implements.

HON'BLE MR. K. M. KORAH: Manures required by the ryots of Kunnathnad taluk can be purchased from the departmental depots at Perumbavoor and Alwaye.

MR. N. V. CHACKO: I was asking for implements and not about manures. I am asking whether the Government have made any arrangements to establish any depots to make purchase of implements and tools for cultivation or where we can buy metal or wood for these ploughs, yokes, etc.

HON'BLE MR. K. M. KORAH: They may be obtained from the Agricultural Inspectors in their offices.

MR. N. V. CHACKO: Have they got stocks anywhere in Kunnathnad?

HON'BLE MR. K. M. KORAH: They have tolerably good stock in the different Agricultural Inspectors' offices.

MR. N. V. CHACKO: May I know whether there is any stock in Kunnathnad taluk?

HON'BLE MR. K. M. KORAH: I claim notice.

Present system of procuring paddy.

85 MR. N V. CHACKO: Will the Honourable Minister for Food be pleased to state:

(*a*) whether the Government are aware that the present system of procuring paddy from the cultivators causes untold hardships and miseries to the ordinary paddy cultivators in the State;

(*b*) that there are many lands in the Government records but are not or never have been paddy lands, but only garden lands or so?

HON'BLE MR. K. M. KORAH: (*a*) No. But Government are aware that there are paddy cultivators who complain and protest against the present system of procurement.

(*b*) There are some instances of wet lands having been converted into garden lands by the cultivators.

MR. N V. CHACKO: Are the Government aware that some garden lands which have never been paddy lands have also been entered with the records?

HON'BLE MR. K. M. KORAH: Government are not aware. But I may assure the honourable member that the staff is making a detailed enquiry as to the present situation and then I may be able to furnish the necessary information.

MR. N. V. CHACKO: Are Government aware that the present system of procuring paddy is a means of oppression and suppression of cultivators?

HON'BLE MR. K. M. KORAH : It is likely to lead to such consequences.

MR. N. V. CHACKO: Will Government be pleased to adopt a smoother, easier and better means of procuring paddy ?

HON'BLE MR. K. M. KORAH : Government are considering a scheme which would enable the cultivator to be free from the so-called oppressions.

MR. N. V. CHACKO: Are the Government aware of the oppressions, so called ?

HON'BLE MR. K. M. KORAH : There is no complaint from any particular individual on this matter.

MR. N. V. CHACKO: Are the Government aware that the cultivators are not so poor that they can complain in such a way that the Honourable member cannot hear it ?

HON'BLE MR. K. M. KORAH: That is a matter of opinion.

MR. N. V. CHACKO: Are Government of opinion that all the cultivators are such false people that they cannot be relied upon ?

HON'BLE MR. K. M. KORAH : I never meant that. If there is any actual complaint and if that petition is forwarded to Government, I may assure the honourable member that very stringent measures shall be taken in that matter.

MR. N. V. CHACKO: Is the Honourable member aware that Travancore consists mostly of cultivators and that any remark against cultivators means an insinuation against the whole State ?

(There was no answer).

MR. P. T. CHACKO: നെല്ലു വളരെ കൂടുതലുള്ള കൃഷിക്കാരിൽനിന്നും പാർവ്വത്യക്കാരന്മാർ പണംപററിക്കൊണ്ടു് നെല്ലെടുക്കാതിരിക്കുന്ന വിവരം അറിയാമൊ?

HON'BLE MR. K. M. KORAH : അറിയാൻ പാടില്ല.

MR. P. T. CHACKO : ഗവൺമെൻറിന് ഇതു സംബന്ധിച്ച് പരാതികളൊന്നും കിട്ടിയിട്ടില്ലെന്നാണോ പറയുന്നതു് ?

HON'BLE MR. K. M. KORAH : I claim notice.

സിററി കാർപ്പറേഷൻ കൌൺസിൽ.

36. MR. T. T. KESAVAN SASTRI : താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട മന്ത്രി സമയം മറുപടിപറയുമൊ?

തിരുവനന്തപുരം സിററി കാർപ്പറേഷൻ കൌൺസിലിൽ, നോമിനേഷൻ ലഭിക്കാൻ പുലയരിൽനിന്നും അപേക്ഷകന്മാർ ഉണ്ടായിരുന്നൊ എന്നും, ഉണ്ടായിരുന്നുവെങ്കിൽ, അവരാരെല്ലാമായിരുന്നുവെന്നും, പറയാൻ ദയവുണ്ടാകുമൊ?

HON'BLE MR. G. RAMACHANDRAN : ചോദ്യത്തിന്റെ ആദ്യഭാഗത്തിന് "ഇല്ല" എന്നാണ് മറുപടി. അതുകൊണ്ടു രണ്ടാമത്തെ ഭാഗത്തിനും മറുപടി "ഇല്ല" എന്നു തന്നെ.

MR. T. T. KESAVAN SASTRI : ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ നയം എന്താണെന്ന് പറയാൻ ദയവുണ്ടാകുമൊ?

HON'BLE MR. G. RAMACHANDRAN : ഈ ചോദ്യത്തിനു നോട്ടീസു വേണം.

പുലയവിദ്യാർത്ഥികൾ.

87. MR. T. T. KESVAN SASTRI : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമൊ?

ഇക്കഴിഞ്ഞ സ്കൂൾഫൈനൽ പരീക്ഷയിൽ സ്റ്റേറ്റിൽ നിന്നും ചേർന്നിട്ടുള്ള പുലയവിദ്യാർത്ഥികൾ എത്രയെന്നും അവരിൽ വിജയികളായിട്ടുള്ളവരുടെ എണ്ണം എത്രയെന്നും, പറയാൻ ദയവുണ്ടാകുമൊ?

HON'BLE MR. G. RAMACHANDRAN : ൧൯൪൭-ൽ സ്കൂൾഫൈനൽ പരീക്ഷയ്ക്കു ചേർന്ന പുലയവിദ്യാർത്ഥികളുടെ എണ്ണം ൬൯ ആണ്. അതിൽ വിജയികളായിട്ടുള്ളവരുടെ എണ്ണം ൨൬ ആണ്.

MR. T. T. KESAVAN SASTRI : ഇതിൽ പെൺകുട്ടികളുടെ എണ്ണം എത്രയെന്ന് ദയവായി പറയുമൊ?

HON'BLE MR. G. RAMACHANDRAN : ഇപ്പോൾ നിവൃത്തിയില്ല.

MR. T. T. KESAVAN SASTRI : സ്റ്റേറ്റിൽ ആകെമൊത്തം എത്ര ആൺകുട്ടികളും പെൺകുട്ടികളും സ്കൂൾഫൈനൽ പരീക്ഷയ്ക്കു ചേർന്നിരുന്നു എന്നു പറയാമൊ?

HON'BLE MR. G. RAMACHANDRAN : ചേർന്നിരുന്നവരുടെ ആകെത്തുക മാത്രമേ എന്റെ കയ്യിലുള്ളു. അതുകൊണ്ട് ആൺകുട്ടികളുടെയും, പെൺകുട്ടികളുടെയും എണ്ണം തിരിച്ചു പറയാൻ തൽക്കാലം സാദ്ധ്യമല്ല.

MR. P. T. CHACKO ; Sir, may I put the next question. The honourable member concerned is absent.

PRESIDENT : Yes.

Village Uplift.

88. MR. P. T. CHACKO : (On behalf of MR. JOSEPH MALIECKAL) (*Thodupuzha I—General*) : Will the Honourable Minister for Local Self Government and Village Uplift be pleased to place on the table a statement giving a list of the villages where the village uplift scheme has been introduced, together with the date of sanctioning each village scheme the names of the office-bearers in each village,

the amount sanctioned for each and the amounts already spen for each of them, and the items of work for which expenditure has been incurred;

(*b*) will the Government be pleased to state the names of officers with pay employed in the Village Uplift Department besides those noted in the Civil List;

(*c*) what is the arrangements for checking the estimates and accounts of the village authorities; and

(*d*) is the Minister aware that large sums of money are misappropriated through the village uplift scheme?

HON'BLE MR. G. RAMACHANDRAN: (*a*) and (*b*) Necessary statements are placed on the Secretary's table.

(*c*) The draftsman and the accounts section in the office of the Village Uplift Officer check the estimates and accounts.

(*d*) No.

MR. P. T. CHACKO: ഗ്രാമോദ്ധാരണത്തിനുവേണ്ടി നൽകുന്ന തുകകൾ എങ്ങനെ ചെലവാക്കുന്നു എന്നുള്ളതിനെപ്പററി ഗവണ്മെൻറ് അന്വേഷിച്ചിട്ടുണ്ടോ?

HON'BLE MR. G. RAMACHANDRAN: തുകകൾ എങ്ങനെ ചെലവാക്കുന്നു എന്ന് അന്വേഷിക്കുക മാത്രമല്ല, അവ ചെലവാക്കുന്ന കാര്യത്തിൽ വേണ്ട നിബന്ധനകളും ഉണ്ടാക്കിയിട്ടുണ്ട്.

MR. P. T. CHACKO: ഈ തുകകളിൽ വലിയ ചോർച്ചകൾ വരുന്നതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

HON'BLE MR. G. RAMACHANDRAN: ഇല്ല.

Supply of medicines.

89. MR. PAUL THALIAT (*Parur III—General*): Will the Honourable Minister for Medical be pleased to state:

(*a*) whether a supply of medicines free of cost was yearly made to the Dewan's house formerly;

(*b*) if the Answer to (*a*) is in the affirmative the cost incurred by the Government for that purpose in the years 1120, 1121 and 1122 respectively; and

(*c*) whether such a supply is now made to the house of the Honourable Ministers?

HON'BLE MR. G. RAMACHANDRAN:

(*a*) Yes.

		Approximate cost.		
		Rs.	As.	P.
(*b*) Years.				
1120	...	2,770	2	6
1121	...	2,668	5	0
1122	...	3,697	5	6

(*c*) Yes.

MR. PAUL THALIAT : ദിവാൻജി ഉദ്യോഗത്തിൽ പ്രവേശിക്കുമ്പോൾ ഒരു കരാറു് ചെയ്യുന്ന ഏർപ്പാട് ഉണ്ടായിരുന്നോ? ആ കരാറിലെ വ്യവസ്ഥ അനുസരിച്ചാണോ ഇങ്ങനെ ചെലവു ചെയ്തിരുന്നതു്?

HON'BLE MR. G. RAMACHANDRAN : അങ്ങനെ കൊടുത്തിട്ടുണ്ടെന്നല്ലാതെ അതു് ഏതെങ്കിലും കരാറനുസരിച്ചാണോ എന്നറിയാൻ നിവൃത്തിയില്ല.

MR. PAUL THALIAT : ഗവൺമെൻറിൽനിന്നു് അങ്ങനെ കൊടുക്കുന്നതു് ശരിയാണെന്നു തോന്നുന്നുണ്ടോ?

HON'BLE MR. G. RAMACHANDRAN: കഴിഞ്ഞ ഒരു കാര്യത്തെപ്പററി ഇങ്ങനെ ഒരു ചോദ്യം ചോദിച്ചാൽ പെട്ടെന്നു് മറുപടി പറയാൻ വിഷമമാണു്.

MR. PAUL THALIAT : ഇപ്പോഴും അങ്ങനെ കൊടുത്തു വരുന്നുണ്ടെന്നു മറുപടി പറഞ്ഞുകാണുന്നു.

HON'BLE MR. G. RAMACHANDRAN : ഇപ്പോഴും കൊടുത്തുവരുന്നുണ്ടെന്നു പറഞ്ഞുവെങ്കിലും അതു് മുമ്പിലത്തെ മട്ടിലല്ല നടക്കുന്നതു്.

MR. PAUL THALIAT : പിന്നെ ഏതു മട്ടിലാണെന്നു പറയാൻ ദയവുണ്ടാകുമോ?

HONBLE MR. G. RAMACHANDRAN : പണ്ടു് ഒരു ഡിസ്പെൻസറി ദിവാൻജിയുടെ ഔദ്യോഗികവസതിയിൽ തന്നെ ഉണ്ടായിരുന്നു. ഇപ്പോൾ അതു് റസിഡൻസിയിലേക്കു് മാററിയിട്ടുണ്ടു്. അന്വേഷണത്തിൽനിന്നു മനസ്സിലാകുന്നതു് മുമ്പു് പല വഴികളിൽ മരുന്നു വാങ്ങിയതിൻെറ ഫലമായിട്ടാണു് കൂടുതൽ തുകയായിട്ടുള്ളതെന്നാണു്. ഇപ്പോഴത്തെ ഏർപ്പാടനുസരിച്ചു് സാധാരണ ഒരു ഡിസ്പെൻസറിക്കു് ആവശ്യമുള്ള മരുന്നു മാത്രമേ അവിടെ ആവശ്യമുള്ളു. അതെല്ലാം മെഡിക്കൽ സ്റ്റോറിൽ നിന്നാണു് വാങ്ങുന്നതു്. അതുകൊണ്ടു മുമ്പിലത്തെപ്പോലെ വലിയ ചെലവുകൾ വരാൻ നിവൃത്തിയില്ല.

MR. PAUL THALIAT : മന്ത്രിമാർക്കും സാധാരണ ഹോസ്പിററലുകളിൽനിന്നു് മരുന്നു വാങ്ങിയാൽ പോരെ?

HONBLE MR. G. RAMACHANDRAN : അതിനെക്കുറിച്ചു് ആലോചിക്കാം.

MR. E. K. MADHAVAN : ഒരു രണ്ടുമൂവായിരം രൂപാവരെ മരുന്നിന് ചെലവായിട്ടുണ്ടെന്നു പറയുന്നു. ഇതിൽ മരുന്നുകൾ മാത്രമാണൊ അതോ ആഹാരസാധനങ്ങളുംകൂടി ഉൾപ്പെടുമൊ?

HON'BLE MR G. RAMACHANDRAN : മരുന്നുകൾ മാത്രമേ ഉൾപ്പെടുന്നുള്ളു എന്നാണറിവ്.

MR E. K. MADHAVAN : ഹാർലിക്സ് മുതലായ മേൽത്തരം സാധനങ്ങളെല്ലാം ഭക്തിവിലാസത്തു പോയിരുന്നുവെന്നാണ് കേട്ടിട്ടുള്ളത്. അതു ശരിയാണൊ?

HON'BLE MR. G. RAMACHANDRAN : അങ്ങനെയുള്ള സാധനങ്ങളെല്ലാം ഒരു സ്ഥലത്തുതന്നെ എത്തിച്ചേരുക സാദ്ധ്യമല്ലെന്നാണ് തോന്നുന്നത്.

MR. ABDUL AZIZ (*Trivandrum I—Muslim*) : ഇത്രയധികം മരുന്നുപയോഗിക്കത്തക്കവണ്ണം ഇവിടത്തെ ദിവാൻജി അത്ര വലിയ സുഖക്കേടുകാരനായിരുന്നോ?

HON'BLE MR. G. RAMACHANDRAN: May I put to the Chair that if several members spring up and ask questions at one and the same time, it would be very difficult to deal with them. So I would respectfully beg the Chair that some method should be evolved by which we might be put to the necessity of answering one question only at a time.

MR. PRESIDENT; That can be adopted. If two or three members stand up together, the Chairman will say "So and So will ask the question"

MR. ABDUL AZIZ : ഇത്ര അധികം മരുന്നുപയോഗിക്കത്തക്കവണ്ണം ഇവിടത്തെ ദിവാൻജി അത്രവലിയ സുഖക്കേടുകാരനായിരുന്നോ എന്നാണ് എന്റെ ചോദ്യം.

MR. PRESIDENT : That question does not arise. It is a matter of opinion.

MR. P. T. CHACKO : ഭക്തിവിലാസത്തേക്ക് ഹെയർ ആയിലും ഹെയർ ടാണിക്കും അയച്ചിട്ടുണ്ടോ?

HON'BLE MR. G. RAMACHANDRAN : മെഡിക്കൽ സ്റ്റോറിലുള്ള മരുന്നിനു പുറമെ അവിടത്തെ ആവശ്യത്തിനു വെളിയിൽനിന്നും മരുന്നു വാങ്ങിച്ചിട്ടുണ്ട്. എന്തെല്ലാമാണ് വാങ്ങിച്ചിരിക്കുന്നതെന്നറിവില്ല.

MR. ABDUL RAZAK : Do these figures include the cost of medicine supplied to him in connection with the dastardly attack on the person?

MR. PRESIDENT : That does not arise.

Collection of Water Cess and Basic Tax for Puduval lands.

90. MR. SREE V. DAS (*Kalkulam I—Hindu Nadar Reserved*): கனம் ரெவன்யூ மந்திரி அவர்கள் கீழே காணும் வினாக்களுக்கு விடை தருவார்களா?

1. (அ) சமநிலவரி முறை நடப்பில் வந்ததினால் புதுவல் நிலங்களிலிருந்து தண்ணீர் வரியோடுகூட புதிய சமநிலவரியும் சர்க்காரால் வசூலிக்கப்படுகிறது தெரியுமா?

(ஆ) தண்ணீர் வரியை ரத்துசெய்து புதுவல் நிலங்களுக்கும் சமநிலவரியை மாத்திரம் ஏற்படுத்தவேண்டுமென்று சர்க்காரிடம் புதுவல் கிருஷிகர்களும் பிற பொது ஸ்தாபனங்களும் விண்ணப்பங்களும் தீர்மானங்களும் அனுப்பியிருப்பது சர்க்காருக்குத் தெரியுமா?

(இ) தெரியுமானால் என்ன நடபடிக்கைகள் அதுபற்றி எடுக்கப்பட்டிருக்கின்றன என்பதை சர்க்கார் தெரியப்படுத்துமா?

HONBLE MR. C. KESAVAN: (a) yes.

(b) yes.

(c) The matter is under investigation.

MR. SREE V. DAS: Water Cess ஏற்பட்டதற்குக் காரணம் என்னவென்று சர்க்காருக்குத் தெரியுமா?

HON'BLE MR. C. KESAVAN: അവിടെ വലിയ സംഖ്യ ചെലവാക്കി ഒരു അണ കെട്ടി. ആ അണയിൽ നിന്നും വെള്ളം കൊടുക്കുന്നു. അതിന് ഒരു സെസ്സ് വച്ചിട്ടുണ്ട്.

MR. SREE V. DAS: அந்த அணை கட்டின செலவு Water Cess மூலம் எடுக்கப்பட்டவுடன், இந்த Water Cess நின்றுவிடும் என்ற ஏற்பாடு ஏதாவதுண்டா?

HON'BLE MR. C. KESAVAN: ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന സെസ്സുകൊണ്ട് അതിനുവേണ്ടി ചെലവായ പണത്തിന്റെ പലിശ പോലും നടക്കുന്നില്ല.

MR. SREE V. DAS: When the interest is made up to meet the cost of the dam expense, are the Government prepared to cancel the expenditure.

HON'BLE MR. C. KESAVAN: Once it is paid up, of course, Government will have no objection to take away the cess.

MR. R. K. RAM (*Agasteeswaram—General*): வெள்ளவரியாக இது வரையில் எவ்வளவு கிடைத்திருக்கிறதென்று சொல்ல முடியுமா?

HON'BLE MR. C. KESAVAN: I claim notice.

MR. A. NESAMONY (*Vilavancode S. I. U. C.*): Can the cess on puduval wet land be reduced to the level of the water cess on ayacut lands?

HON'BLE MR. C. KESAVAN: That is a matter to be considered.

ഗൃഹനിർമ്മാണപരിപാടി.

31. MR. K. K. CHELLAPPAN PILLAI: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

സഹകരണസംഘങ്ങൾ വഴി ഗൃഹനിർമ്മാണപരിപാടി നടപ്പിൽ വരുത്താൻ ഗവണ്മെൻറു തീരുമാനിച്ചിട്ടുണ്ടോ?

(എ) ഗൃഹനിർമ്മാണപരിപാടി ലക്ഷ്യമായി കരുതിയിട്ടുള്ള എത്ര സഹകരണസംഘങ്ങൾ നിലവിലുണ്ട്?

(ബി) അതുമാതിരിയുള്ള സംഘങ്ങൾക്ക് ഗവണ്മെൻറ് ഏതെല്ലാം തരത്തിലുള്ള ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കുന്നുണ്ട്?

(സി) സഹകരണാധിഷ്ഠാനത്തിന്മേൽ കൂട്ടുകൃഷി ആരംഭിക്കുന്നതിനുവേണ്ടി കുത്തകപ്പാട്ടമായൊ മററൊ സ്ഥലം സംഘങ്ങൾക്കു വിട്ടു കിട്ടുന്നതിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ?

(ഡി) എത്ര സംഘങ്ങളുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്?

(ഇ) എത്ര സംഘങ്ങൾക്ക് ഗവണ്മെൻറിൽ നിന്നും സ്ഥലം വിട്ടു കൊടുത്തിട്ടുണ്ട്?

HON'BLE MR. G. RAMACHANDRAN: ചോദ്യത്തിൻെറ ആദ്യപകുതിക്ക് ഉത്തരം, സഹകരണസംഘങ്ങൾ വഴി ഭവനനിർമ്മാണപരിപാടി നടപ്പിൽ വരുത്തുവാൻ ചില പദ്ധതികൾ ഗവണ്മെൻറു സ്വീകരിച്ചിട്ടുണ്ട്.

ഒന്നാം ഭാഗത്തിനു 6 എന്നാണു മറുപടി. രണ്ടാംഭാഗത്തിന്, സംഘങ്ങളുടെ ചെലവു്ൽ ഭൂമി പൊന്നുംവില കൊടുത്തെടുക്കാൻ നടപടി നടത്തിയിട്ടുണ്ട്. ഭവനനിർമ്മാണപരിപാടിയെപ്പററി വേണ്ടതു പ്രവർത്തിക്കുന്നതിന് സഹകരണഡിപ്പാർട്ടുമെൻറിൽ നിന്നും ഒരു ഉദ്യോഗസ്ഥനെ പ്രത്യേകജോലിയിൽ നിയമിക്കുകയും ആ ഉദ്യോഗസ്ഥനെ മദ്രാസിൽ അയച്ച് അവിടെ നടപ്പിലിരിക്കുന്ന ഭവനനിർമ്മാണപദ്ധതി കണ്ടുപഠിച്ച്, പരിചയിപ്പിച്ച് വരുത്തുകയും ചെയ്തിട്ടുണ്ട്. ആ പദ്ധതിക്കുവേണ്ട ഉപദേശം നൽകുന്നതിന് മററു ജോലിക്കു പുറമെ ഒരു എക്സിക്യൂട്ടീവ് എൻജിനീയരെയും കൂടി നിയമിച്ചിട്ടുണ്ട്. കൂടാതെ മററു സഹായസഹകരണങ്ങൾക്കും വെള്ളം, വിദ്യുച്ഛക്തി, മുതലായവയുടെ വിതരണത്തിനും മററും ഇലക്ട്രിക്കൽ എൻജിനീയർ, വാട്ടർ വർക്ക്സ് ആൻഡ് ഡ്രെയിനേജ് എൻജിനീയർ, കാർപ്പറേഷൻ കമ്മീഷണർ, സംഘങ്ങളുടെ ഒരു പ്രതിനിധി, ഇത്രയും അംഗങ്ങൾ അടങ്ങിയ ഒരു കമ്മിററിയേയും നിയമിച്ചിട്ടുണ്ട്.

[Hon'ble Mr. G. Ramachandran]

(ന) ഉണ്ട്.

(ഠ) ഒന്ന്.

(ഉ) ഒന്ന്.

MR. K. K. CHELLAPPAN PILLAI : ആദ്യത്തെ വകുപ്പിന് ൧ എന്ന് ഉത്തരം പറഞ്ഞു. ആ സംഘങ്ങളുടെ പേരു പറയുവാൻ ദയവുണ്ടാകുമൊ?

HON'BLE MR. G. RAMACHANDRAN : ഒന്നിന്റെ പേർ, തിരുവനന്തപുരം ബ്രാഹ്മണജന ഭവനനിർമ്മാണ സഹകരണസംഘം, നമ്പർ ൧൦൧൦. രണ്ടാമത്തേത്, തിരുവനന്തപുരം, ഹൗസ് കൺസ്ട്രക്ഷൻ സൊസൈററി നമ്പർ ൧൭൭.

MR. K. R. ELANKATH : ഈ സംഘങ്ങൾ കൂടാതെ ഭവനനിർമ്മാണസംഘങ്ങൾ ഉണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

HON'BLE MR. G. RAMACHANDRAN : ഉണ്ടായിരിക്കാം, സൂക്ഷ്മമായ അറിവില്ല.

MR. K. R. ELANKATH: സെൻട്രൽ കോവാപ്പറേറ്റീവ് ബാങ്കിൽ നിന്നും ഇതു സംബന്ധിച്ച സ്ഥലം വാങ്ങിക്കകയും, ഭവനനിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി നടത്താൻ തുടങ്ങുകയും ചെയ്തിട്ടുള്ളതായി അറിയാമൊ?

HON'BLE MR. G. RAMACHANDRAN : അങ്ങനെ ചെയ്യുന്നുണ്ടെന്നറിയാം.

MR. P. T. CHACKO : ഒരു പോയിൻറ് ഓഫ് ആർഡർ. ഇന്നത്തേക്ക് അനുവദിച്ചിട്ടുള്ള ചോദ്യങ്ങളുടെ ഉത്തരമെല്ലാം പറഞ്ഞുകഴിഞ്ഞു.

MR. PRESIDENT : കഴിഞ്ഞിട്ടില്ല. ഇപ്പോഴും തുടർന്നുകൊണ്ടിരിക്കയാണ്.

MR. K. R. ELANKATH : ഗൃഹനിർമ്മാണം പ്രത്യേക കാര്യപരിപാടിയായി അംഗീകരിച്ചിട്ടില്ലാത്ത സംഘങ്ങൾക്ക് അതായത്, സഹകരണ ബാങ്കുകൾക്കും, ക്രെഡിററ സൊസൈററികൾക്കും മററും ഈ ഗൃഹനിർമ്മാണപരിപാടി നടത്തിക്കൊണ്ടു പോകരുതേ?

HON'BLE MR. G. RAMACHANDRAN : പോകാമെന്നു തോന്നുന്നു.

MR. K. R. ELANKATH : അങ്ങനെയാണെങ്കിൽ പ്രത്യേക സംഘങ്ങൾ രൂപീകരിക്കേണ്ടതുണ്ടോ?

HON'BLE MR. G. RAMACHANDRAN : അതിനും ഇതിനും പരസ്പര വൈരുദ്ധ്യമുണ്ടെന്നു തോന്നുന്നില്ല.

MISS ANNIE MASCARENE (*Trivandrum I—Latin Catholic*) മുസ്ലിം ഏരിയായിലാണ് ആദ്യമായി ഭവനനിർമ്മാണപരിപാടികൾ നടപ്പിലാക്കേണ്ടതെന്നറിയാമൊ?

HON'BLE MR. G. RAMACHANDRAN : അറിയാം. അതിലേക്കു പ്രത്യേക പദ്ധതിയൊന്നുമില്ല.

MR. K. P. NILAKANTA PILLAI (*Chirayinkil I—General*) : ഒരു എക്സിക്യൂട്ടീവ് എൻജിനീയരെ നിയമിച്ചുവെന്നു പറഞ്ഞല്ലോ. ഏതു ഗ്രേഡിലുള്ള എക്സിക്യൂട്ടീവ് എൻജിനീയരെയാണ് നിയമിച്ചിട്ടുള്ളതു്; എത്ര കാലമായി?

HON'BLE MR. G. RAMACHANDRAN : I claim notice.

MR. A. P. UDAYABHANU : ഈ ഹൗസിംഗ് പദ്ധതി ഇപ്പോൾ തുടങ്ങിയിരിക്കുന്നതു് തിരുവനന്തപുരം കേന്ദ്രമാക്കിയാണ്. എന്നാൽ തിരുവനന്തപുരത്തിനപ്പുറത്തും രാജ്യങ്ങൾ ഉണ്ടെന്നുള്ള വസ്തുത ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ?

HON'BLE MR. G. RAMACHANDRAN : അതിനെപ്പററി തർക്കമില്ല. അതെല്ലാപേർക്കും അറിയാം.

MR. A. P. UDAYABHANU : ആ നിലയ്ക്കു് ഈ ഭവനനിർമ്മാണപദ്ധതി ആലപ്പുഴ മുതലായ ഇൻഡസ്ട്രിയൽ സെന്റേഴ്സ് കേന്ദ്രമാക്കി ഏർപ്പെടുത്തുന്ന പക്ഷം അവിടങ്ങളിൽ ഇന്നുള്ള തൊഴിലില്ലായ്മയ്ക്കു ഒരു പരിഹാരമുണ്ടാക്കാൻ സാദ്ധ്യമാകയില്ലേ?

HON'BLE MR. G. RAMACHANDRAN : അങ്ങനെ ചെയ്യാം. പക്ഷെ, അതു പരിതഃസ്ഥിതികൾ പോലെയും, ആവശ്യം പോലെയും, സൗകര്യം പോലെയും ചെയ്യാനേ സാധിക്കുകയുള്ളൂ.

Appendix A.

[*Vide* Answer to Question No. 71].

Name of Pakuthy.	Area earmarked.		Area assigned.	
	Acre.	Cent.	Acre.	Cent.
1. Ramapuram ...	156	99	100	63
2. Kondoor ...	100	57	41	48
3. Bharananganam ...	53	34	52	36
4. Uzhavoor ...	3	31	3	27
Total ...	314	21	197	74

Appendix B.

[*Vide* Answer to Question No. 73.]

Name of Hostel.	*No. of Students admitted.*
S. C. H. Hostel Trivandrum	34
Harijan Hostel Nagercoil	30
" Adoor	34
" Kottayam	30
H. H. for girls Quilon	30
" Parur	11

Appendix C

Vide Answer to Question No. 26.

Government have sanctioned loans to the following Municipal Councils for the purposes noted against each.

Name of Municipality.	*Amount sanctioned.*	*Purpose for which it was granted.*
1. Nagercoil ...	Rs. 50,000 (at 3½ per cent. interest and repayable in 25 annual instalments.)	To pay off its prior liabilities and to have a sufficient working balance to carry on the routine work.
2. Vaikom ...	Rs. 5,000 (at 3½ per cent. interest and repayable in 10 annual instalments.) The amount has not yet been drawn.)	For the cost of acquisition of land for a Municipal park.
3. Half the capital outlay for water works in the following Municipalities ...		
(*a*) Alleppey ...	Rs. 5,80,168 (at 4½ per cent. interest repayable in 60 equated annual instalments.)	As per the agreement executed by the council on 13-10-1936.
(*b*) Nagercoil...	Rs. 11,76,283 (at 4½ per cent. interest repayable in 60 equated annual instalments.)	As per the agreement executed by the Council on 24-11-1936 and G. O. R. O. C. No. 9879/46/P. W. dated 21-6-1947.
(*c*) Shencottah.	Rs. 2,07,268 (at 4½ per cent. interest repayable in 60 equated annual instalments.)	G. O. R. O. C. No. 8176/44/P. W. dated 19-9-1946.

MR. P. T. CHACKO : ഇന്നത്തേക്കു വച്ചിരുന്ന ചോദ്യങ്ങൾക്കെല്ലാം ഉത്തരം പറഞ്ഞു കഴിഞ്ഞിരിക്കുന്നു. ഇന്നത്തെ പ്രോഗ്രാമിൽ തന്നെ ഉൾപ്പെടുത്തുവാൻ ഞാനും മററു പല മെംബറന്മാരും ചോദ്യങ്ങൾ അയച്ചിരുന്നു. സാധാരണ ഇവിടെ അയയ്ക്കുന്ന ചോദ്യങ്ങളിൽ ചുരുക്കം ചില ചോദ്യങ്ങൾക്കേ ഉത്തരം നൽകാറുള്ളു. മററു ചോദ്യങ്ങൾക്കുള്ള ഉത്തരം ഒരിക്കലും തരാതെയാണിരിക്കുന്നതു്. അതുകൊണ്ടു് ഇന്നു് ഉത്തരം പറയണമെന്നു കാണിച്ചു് ഞാൻ അയച്ചിട്ടുള്ള ഒന്നു രണ്ടു ചോദ്യങ്ങൾ എങ്കിലും ഇപ്പോൾ ചോദിക്കുവാൻ എന്നെ അനുവദിക്കണമെന്നപേക്ഷിക്കുന്നു.

MR. PRESIDENT : ഈ സെഷനിലേക്കു് ഉദ്ദേശം ൮൦൦ ചോദ്യങ്ങൾ ഉണ്ടായിരുന്നു. അതിൽ എട്ടോ, പത്തോ ചോദ്യങ്ങൾ ഒഴിച്ചു ബാക്കിയുള്ള ചോദ്യങ്ങളെല്ലാം ഞാൻ സ്വീകരിച്ചിട്ടുണ്ടു്. ഇന്നു് ഉത്തരം പറയേണ്ട ചോദ്യങ്ങൾക്കെല്ലാം മറുപടി തരണമെന്നു് ആവശ്യപ്പെട്ടതനുസരിച്ചു് ഇന്നലെ ഉത്തരം തന്ന എല്ലാ ചോദ്യങ്ങളും ഇന്നത്തേക്കുള്ള അജൻറായിൽ ചേർത്തിട്ടുണ്ടു്. ൨൨ ചോദ്യങ്ങൾക്കു മാത്രമേ ഇന്നലെ ഉത്തരം വന്നിട്ടുള്ളു. കൂടുതൽ ചോദ്യങ്ങൾക്കു് ഉത്തരം പറയുവാൻ ട്രഷറി ബഞ്ചു് തയാറാകേണ്ടതായിരുന്നു. ഇത്രയും പറയാമെന്നല്ലാതെ ഈ ചോദ്യങ്ങൾക്കു് ഉത്തരം പറയണമെന്നു മന്ത്രിമാരെ നിർബന്ധിക്കുന്നതിനു പ്രസിഡൻറു് എന്ന നിലയിൽ എനിക്കു യാതൊരധികാരവുമില്ല.

MR. P. T. CHACKO : ചോദ്യങ്ങളെ സംബന്ധിച്ചു് ഞങ്ങൾക്കു വളരെ പരാതിയുണ്ടു്. ഞങ്ങൾക്കു ചെയ്യാൻ കഴിയുന്നതു് നിബന്ധനകളനുസരിച്ചു് ക്ലിപ്തദിവസത്തിനു മുൻപു് തെററു കൂടാതെ ചോദ്യങ്ങൾ അയച്ചുകൊടുക്കുക എന്നുള്ളതാണു്. എന്നാൽ ഇവിടെ നോക്കിയതിൽ ചിലരുടെ ചോദ്യങ്ങൾക്കു മാത്രമേ ഉത്തരം പറയുന്നതിനായി ലിസ്റ്റിൽ വരികയുള്ളു. ചിലരുടെ ചോദ്യങ്ങൾ വരുന്നതേ ഇല്ല. എല്ലാ ചോദ്യങ്ങൾക്കും കഴിയുന്നിടത്തോളം മറുപടി പറയത്തക്ക രീതിയിൽ എന്തെങ്കിലും വ്യവസ്ഥ ചെയ്യണമെന്നപേക്ഷിക്കുന്നു.

MR. PRESIDENT : ഞാൻ പറഞ്ഞതിൽ കൂടുതലായി പ്രസിഡൻറിനു് ഒരധികാരവുമില്ല. വേണമെങ്കിൽ ഇക്കാര്യത്തെ പററി സഭ തന്നെ എന്തെങ്കിലും വ്യവസ്ഥ ചെയ്തുകൊള്ളട്ടെ.

MR. K. A. MATHEW : ഡിസ്അലൌ ചെയ്യുന്ന ചോദ്യങ്ങൾ എന്തുകൊണ്ടാണ് ഡിസ്അലൌ ചെയ്തതെന്ന് മുമ്പ് മെംബറന്മാരെ അറിയിക്കുന്ന പതിവ് ഉണ്ടായിരുന്നു.

MR. PRESIDENT : കാരണങ്ങൾ പറഞ്ഞുതന്നെയാണ് ചോദ്യങ്ങൾ ഡിസ്അലൌ ചെയ്യുന്നതു. അതു് എല്ലാ മെംബറന്മാരെയും അറിയിക്കണമെന്ന് ഏർപ്പാടു ചെയ്തിട്ടുണ്ട്. മേലാൽ അപ്രകാരം അറിയിക്കുന്നതാണ്.

MR. K. K. CHELLAPPAN PILLAI : സർ, സമയമില്ലായ്മകൊണ്ട് ഉത്തരം പറയാതിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം അടുത്ത ദിവസം പറയുവാൻ ഏർപ്പാട് ചെയ്യുമൊ?

MR. PRESIDENT : ഉത്തരം പറയാതിരിക്കുന്ന ചോദ്യങ്ങളുടെ ഉത്തരം അതാതു ദിവസം തന്നെ അസംബ്ളി മേശപ്പുറത്തു വയ്ക്കുന്നതാണ.

MR. K. K. CHELLAPPAN PILLAI : ഏതു മേശപ്പുറത്താണ് വച്ചിട്ടുള്ളതെന്ന് പറഞ്ഞാൽ കൊള്ളാം. ഞങ്ങളുടെ മേശപ്പുറത്തു് കണ്ടില്ല.

MR. PRESIDENT : അതേപ്പററി ഞാൻ മുൻപ് പറഞ്ഞിട്ടുള്ളതാണ്. അസംബ്ളി സെക്രട്ടറിയുടെ മേശപ്പുറത്തു വയ്ക്കുകയാണ പതിവ്.

MR. P. T. CHACKO : സർ, ഇന്നത്തേയ്ക്ക് ഉത്തരം പറയുവാൻ ഞാൻ അയച്ചിട്ടുള്ള ഒന്നുരണ്ടു ചോദ്യങ്ങൾ ചോദിക്കുവാൻ ഇപ്പോൾ എന്നെ അനുവദിക്കുമൊ?

MR. PRESIDENT : ആർഡർ, ആർഡർ. ചോദ്യോത്തരങ്ങൾക്കുള്ള സമയം കഴിഞ്ഞു.

MR. N. V. CHACKO : സർ, ഒരു പായിൻറ് ആഫ് ആർഡർ. ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുമ്പോൾ അതിന് നംബർ ഇടുന്നതിനേപ്പററിയുള്ള ഒരു സംശയം എനിക്കുണ്ട്. ഇപ്പോൾ അടിച്ചിരിക്കുന്ന ഡിമാൻറു ഷീററിൽ ഒരു നംബർ കൊടുത്തിട്ടുണ്ട്. എന്നാൽ ഡിമാൻറിൻെറ നംബറുകൾ ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നതായി അറിയുന്നു. ആ നിലയ്ക്ക് ഞങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അയയ്ക്കുമ്പോൾ അതിൻെറഫാറത്തിൽ ഡിമാൻറ് നംബറിൻെറ സ്ഥാനത്തു് ഏതു നംബറാണ കൊടുക്കേണ്ടതെന്നറിഞ്ഞാൽ കൊള്ളാം. ഞങ്ങൾക്ക് കിട്ടിയിട്ടുള്ള ഡിമാൻറ് ഷീററിലെ നംബർ അനുസരിച്ചാണോ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കേണ്ടതു്?

MR. PRESIDENT : ഡിമാൻഡ് പതിവ് ഓർഡറിൽ ഇന്നുള്ളടക്കുന്നുണ്ട്. അതു് ഇന്നുതന്നെ അംഗങ്ങളുടെ ഇടയിൽ വിതരണം ചെയ്യുന്നതാണ്. അതനുസരിച്ചു ബഡ്ജറ്റ്പത്രത്തിൽ ഡിമാൻഡ് നംബർ കാണിക്കാവുന്നതാണ്.

MR. P. K. RAMAN : സർ, ഈ രാജ്യത്തുള്ളതായിരിക്കുന്ന സാമ്പത്തിക കുഴപ്പത്തേയും ധനപ്പെരുപ്പവും നമ്മുടെ സാമ്പത്തികനിലയെ എങ്ങനെ ബാധിക്കുമെന്നുള്ളതിനെയും പററി ഞാൻ ഇന്നലെ പറഞ്ഞു. യുദ്ധകാല പരിതഃസ്ഥിതി എല്ലാ രാജ്യങ്ങൾക്കും സാമ്പത്തികക്കുഴപ്പം ഉണ്ടാക്കിത്തീർക്കുന്ന ഒന്നാണ്. അങ്ങനെയുള്ള ഒരു പരിതഃസ്ഥിതിയത്തിൽ നമ്മുടെ രാജ്യവും പെട്ടു കിടക്കുന്നു. അതിൽ നിന്നും മോചിച്ചു എന്നു പറയാവുന്നതല്ലാത്ത ഒരു സ്ഥിതിയാണ് ഇപ്പോഴും ഈ രാജ്യത്തിനുള്ളതു്. അങ്ങനെ ജനങ്ങൾക്കനുഭവിക്കേണ്ടിവരുന്ന ബുദ്ധിമുട്ടിനു പരിഹാരം കാണുകയും രാജ്യത്തെ സാമ്പത്തികസ്ഥിതിയുടെ ഭദ്രതയും നിലനില്പും ഉൾക്കൊള്ളുന്നതിനു വേണ്ടിയുള്ള ഉപശാന്തികൾ കണ്ടുപിടിക്കുകയും ചെയ്യേണ്ടിയിരിക്കുന്ന ഒരു ഘട്ടത്തിലാണ് നാം ഇപ്പോൾ നിലകൊള്ളുന്നതു്. അതുകൊണ്ടു് ഈ ബഡ്ജററ് വളരെ ശ്രദ്ധാവഹമായിരിക്കുന്നില്ലായെങ്കിൽ തന്നെയും ചില കാരണങ്ങളാൽ അതു സഹിക്കാവുന്നതാണെന്നാണ് എന്റെ അഭിപ്രായം. ഈ ബഡ്ജററിന്റെ ആകമാനമുള്ള ഒരു പരിശോധന സാമാന്യജ്ഞാനമുള്ള ആർക്കുംപോലും നടത്താവുന്നതാണ്. ഇതിന്റെ ഗുണദോഷങ്ങളെപ്പററി മനസ്സിലാക്കാൻ ശ്രമിക്കുന്നവർക്ക് അതു പ്രയാസംകൂടാതെ സാധിക്കാവുന്നതുമാണ്. എന്നാൽ നാം ഇതിനെപ്പററി എന്തെങ്കിലും അഭിപ്രായം രൂപീകരിക്കുന്നതിനു മുൻപു് ഒരു കാര്യം ഓർക്കേണ്ടതുണ്ട്. സാങ്കേതികജ്ഞാനമുള്ള ആളുകൾ എല്ലാംതന്നെ ഒരുവക യാഥാസ്ഥിതികന്മാരാണ്. യാഥാസ്ഥിതികമായ അവരുടെ മനോഗതിയിൽ കൂടിയാകുന്നു ഇന്നത്തെ ബഡ്ജററ് രൂപമെടുത്തിട്ടുള്ളതു്. ബഡ്ജററു രൂപീകരിക്കുന്ന വിഷയത്തിൽ, ഇന്നത്തെ ധനകാര്യമന്ത്രിയെ ഉപദേശിച്ചിട്ടുള്ള ആളുകൾ അവരുടെ പഴയ ചിന്താഗതിയിൽ കൂടി ഉപദേശിക്കുവാനാണു എളുപ്പം. ഈ പശ്ചാത്തലം വിസ്മരിച്ചു ജനങ്ങളുടെ അഭിലാഷഗതിയെയും നവീനാശയങ്ങളെയും സംതൃപ്തിപ്പെടുത്തത്തക്ക പരിഷ്കൃതമായ ഒരു നിലയിൽ നിന്നുകൊണ്ടു ബഡ്ജറ്റിനെപ്പററി ചിന്തിക്കുവാൻ അവർക്കു സാധ്യമല്ല. രണ്ടു മുഖ്യകാര്യങ്ങൾ ബഡ്ജററു തയ്യാറാക്കുന്ന ഘട്ടത്തിൽ ഓർമ്മിക്കേണ്ടതായിരുന്നു. ഒന്നാമത്തു്, രാജ്യത്തെ ധനപരമായ കുഴപ്പം; രണ്ടാമത്തേതു്, തൊഴിലില്ലായ്മ. ഇവയെ രണ്ടിനെയും ഉൾക്കൊള്ളുന്ന യുദ്ധാനന്തര

പരിതഃസ്ഥിതിയുടെ കാർക്കശ്യത്തിൽപ്പെട്ട് കുഴിഞ്ഞുകൂടുന്ന അവസ്ഥയാണ് നമ്മുടെ ഇന്നത്തെ അവസ്ഥ. ഈ വിഷമങ്ങളെല്ലാം തരണം ചെയ്ത കഴിവുള്ള നിലയിൽ ജനകീയാഭിപ്രായങ്ങളെ ആദരിച്ചും അവരുടെ അഭിലാഷങ്ങളെ ഏററക്കുറെ തൃപ്തിപ്പെടുത്തിയും ഒരു ബഡ്ജററ അവതരിപ്പിക്കുവാൻ പ്രധാനമന്ത്രി അവർകൾക്ക സാധിച്ചതിൽ അദ്ദേഹം അഭിനന്ദനാർഹനാണെന്ന പറയാതെ തരമില്ല. എന്നാൽ സാധാരണ മനുഷ്യന്റെ ഭാവനകളെ ഉദ്ദീപിപ്പിക്കത്തക്ക വിധത്തിലും, നമ്മുടെ ജനങ്ങളെ കുറിച്ചുനോക്കിക്കൊണ്ടിരിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളെ പരിഹരിക്കത്തക്കനിലയിലും എന്തെങ്കിലും വക ഈ ബഡ്ജററിലുണ്ടോ എന്ന നോക്കിയാൽ, പോസ്ററവാർ റീ കൺസ്ട്രക്ഷൻ എന്നപേരിൽ നേഷൻ ബിൽഡിംഗിനായി ഒരുകോടി രൂപാ നീക്കിവച്ചിട്ടുള്ള അതൊരിനമല്ലാതെ മറെറാന്നുംതന്നെ കാണുകയില്ല. അങ്ങനെ ഒരിനം നീക്കിവച്ചിട്ടുണ്ടെങ്കിലും അതിലെ ഓരോ ഐററവും പ്രത്യേകം പ്രത്യേകം പരിശോധിച്ചാൽ ഈ നാട്ടിലെ സാധാരണക്കാരുടെ ആവശ്യങ്ങൾ നിറവേററുവാൻ, അവരുടെ അഭിലാഷങ്ങളെ തൃപ്തിപ്പെടുത്തുവാൻ, അവരെ ആശ്വസിപ്പിക്കുവാൻ പര്യാപ്തമായ പരിപാടികൾ അതിലുണ്ടോ എന്ന സംശയമാണ്. ഗവണ്മെൻറു ശ്രദ്ധാപൂർവം ഈ വിഷയത്തെപ്പററി പര്യാലോചിക്കുമെന്ന ഞാൻ വിശ്വസിക്കുന്നു.

നാല്പതുലക്ഷം രൂപാ പ്രാഥമികവിദ്യാഭ്യാസത്തിനുവേണ്ടി നീക്കിവച്ചിട്ടുണ്ട്. അതുകൂടാതെ ഇരുപതു ലക്ഷം രൂപയോളം വരുന്ന തുക പല പല ചില്ലറ കാര്യങ്ങൾക്കായി ആരുടെയും കാര്യമായ ശ്രദ്ധയെ അർഹിക്കാത്ത വിഷയങ്ങൾക്കായി കൊള്ളിച്ചിരിക്കുന്നു. നമ്മുടെ രാജ്യത്തെ സാധാരണ മനുഷ്യർ ഈ വിഷയങ്ങൾ ഗ്രഹിക്കുവാൻതന്നെ പ്രയാസമായിരിക്കും. ഒരുപക്ഷെ, പല ഉദ്ദേശങ്ങളോടുകൂടിയായിരിക്കാം ഈ തുകകൾ കൊള്ളിച്ചിട്ടുള്ളത്. എന്നാൽ അവർക്ക ആശ്വാസം നൾകുന്ന ഐററങ്ങൾ ഒന്നുംതന്നെ അതിലില്ല. മുൻപ് ചില റിലീഫ് വർക്കുകൾക്കായി പണം അനുവദിച്ചിരുന്നു. എന്നാൽ അത്തരം റിലീഫ് വർക്കുകൾ എല്ലാം നിറുത്തുകയുണ്ടായി. ഇപ്പോൾ ആളുകൾ വേലയും കൂലിയുമില്ലാതെ വിഷമിക്കുന്നു. കമ്മ്യൂണിസ്ററുകാരുടെ കുത്തുകൊണ്ടു ഗവണ്മെൻറിനു ഇപ്പോൾ അവരെ സഹായിക്കുവാൻ നിവൃത്തിയില്ലാതെ വന്നിരിക്കുന്നുവെന്ന് എനിക്കറിയാം. എങ്കിലും അതേ അവസരത്തിൽ അവർക്ക് ആശ്വാസം നൾകുവാൻ ചുമതലയും കടമയും ഗവണ്മെൻറിനുണ്ടെന്നും, അതിനുവേണ്ടി ഒരു നല്ല തുകതന്നെ ബഡ്ജററിൽ കൊള്ളിക്കേണ്ടതായിരുന്നുവെന്നും എനിക്കഭിപ്രായമുണ്ട്.

[Mr. P. K. Raman.]

എന്നാൽ ബഡ്ജററിലെ റീ കൺസ്ട്രക്ഷൻ സ്കീമിൽ അതിനുള്ള തുക കൊള്ളിച്ചിരിക്കുന്നതായി കണ്ടില്ല.

ഈ അവസരത്തിൽ ബഡ്ജററിൽ കുട്ടികളുടെ ഉച്ചഭക്ഷണത്തിനായി ൫ ലക്ഷം രൂപാ കൊള്ളിച്ചിരിക്കുന്നതിൽ ഞാൻ ധനകാര്യമന്ത്രിയെ അനുമോദിക്കുന്നു. ഇതു് ഏററവും സന്തോഷപ്രദമായ ഒരു കാര്യമാണ്. ആളുകൾക്ക് എന്തെങ്കിലും അസുഖകരമായ ഒരു സംഗതിയുണ്ടെങ്കിൽ അതു അവരുടെ കുഞ്ഞുങ്ങൾ വിശന്നിരിക്കുക എന്നുള്ളതുതന്നെയാണ്. ആ പാവനമായ ഒരു കാര്യത്തിന് അഞ്ചുലക്ഷം രൂപ നീക്കിവയ്ക്കുവാൻ ഗവണ്മെൻറിനു മനസ്സുണ്ടായതു കാര്യമായ ഒന്നുതന്നെയാണു. ഒരു ജനകീയ ഭരണമാണു ഇപ്പോൾ ഏർപ്പെടുത്തിയിരിക്കുന്നതു. അററലാൻറിക ചാർട്ടർ എന്നു പറയുന്ന ജനകീയഭരണകാര്യങ്ങളിൽ പ്രാവീണ്യം സിദ്ധിച്ച ആളുകൾകൂടിച്ചേർന്നു് ആലോചിച്ചതിൻെറ ഫലമായി നിർമ്മിച്ച ആ പ്രമാണത്തിൽ പറയുന്നതു് ഒരു ജനകീയഭരണത്തിൻെറ സാർവത്രികമായ വിജയം സ്ഥിതിചെയ്യുന്നതു് ഭയത്തിൽനിന്നു, ദാരിദ്ര്യത്തിൽനിന്നും അതുപോലെ അഭിപ്രായപ്രകടനത്തിനും ആരാധനയ്ക്കുമുള്ള തടസ്സത്തിൽനിന്നും ജനങ്ങളെ മോചിപ്പിച്ചു രക്ഷിക്കുക എന്നുള്ളതിൽ ആണെന്നാണ്. ആ നിലവച്ചുനോക്കുമ്പോൾ ഇപ്പോൾ അവതരിപ്പിക്കപ്പെട്ടിരിക്കുന്ന ഈ ബഡ്ജററു ഈ നാട്ടിലെ ജനങ്ങളെ ദാരിദ്ര്യത്തിൽനിന്നും വളരെ മോചിപ്പിക്കുവാൻ പര്യാപ്തമായ ഒന്നാണെന്നു കാണുന്നില്ല. ഏതായാലും അതിൽ ഗവണ്മെൻറിനെ അധികം കുററപ്പെടുത്താനില്ലെന്നു പറയേണ്ടിയിരിക്കുന്നു. ഞങ്ങളെല്ലാം വരുന്ന സ്ഥലങ്ങളിലുള്ള ജനങ്ങൾ വളരെ പ്രതീക്ഷയോടെയാണു ഇപ്പോഴത്തെ ഗവണ്മെൻറിനെ വീക്ഷിച്ചുകൊണ്ടിരിക്കുന്നതെന്നും അവരെ ഭയത്തിൽനിന്നും, ദാരിദ്ര്യത്തിൽനിന്നും മോചിപ്പിക്കുവാൻ ഇന്നത്തെ ഗവണ്മെൻറു കാര്യമായി ശ്രദ്ധിക്കുമെന്നുമുള്ള വിശ്വാസത്തോടെയാണു അവർ കഴിഞ്ഞുകൂടുന്നതെന്നും ഇവിടത്തെ ഭരണസാരഥ്യം വഹിക്കുന്ന ആളുകളെ അറിയിക്കുവാൻവേണ്ടി ഞാൻ ഇത്രയും പറഞ്ഞതാണ്. ഇനി ഒരൊററ കാര്യം മാത്രമെ എനിക്കു പറയുവാനുള്ളു. അതു പ്രത്യേകിച്ചും ഞാൻ വന്നിട്ടുള്ള സ്ഥലത്തെ സംബന്ധിച്ചുള്ളതാണ്. ചേർത്തല കമ്മ്യൂണിസ്ററുകാരുടെ ശക്തികേന്ദ്രമാണ്. അവിടെ കമ്മ്യൂണിസ്ററുകാരുണ്ടു്, കമ്മ്യൂണിസ്ററുകാരല്ലാത്തവരും അനവധിയുണ്ടു്. കമ്മ്യൂണിസ്ററുകാർ ചെയ്യുന്ന അക്രമങ്ങളെ തടയുവാൻ നിയുക്തരായിരിക്കുന്ന പോലീസും പട്ടാളവും അവിടെയുള്ള ജനങ്ങൾക്കു വളരെ വിഷമങ്ങൾ ഉണ്ടാക്കിത്തീർക്കുന്നു. ഒരു നിയമത്തിൻെറയും നിർഭയമായ

പ്രവർത്തനത്തിൽ പലപ്പോഴും നിരപരാധികൾ അകപ്പെട്ടുപോകാമെന്നുള്ളതു് സാധാരണയാണെങ്കിലും കൈവശമിരിക്കുന്ന തോക്കും, ലാത്തിയും കാട്ടി മററുള്ളവരെ ഭയപ്പെടുത്തുവാനും ഉപദ്രവിക്കുന്നതിനും കൂടി ചിലർ ശ്രമിക്കുന്നുണ്ടെന്നും അക്കാര്യം ഗവണ്മെൻറു പ്രത്യേകം ശ്രദ്ധിച്ചു അവിടത്തെ ജനങ്ങളെ രക്ഷിക്കണമെന്നുമാണു എനിക്കു ഈ അവസരത്തിൽ ഗവണ്മെൻറിനെ അറിയിക്കുവാനുള്ളതു്. വിഷം ഒരു സിദ്ധൌഷധമാണു്; എന്നാൽ അതു് ക്രമംതെററി ഉപയോഗിച്ചാൽ മരണത്തിനു ഹേതുവായിത്തീരും. അതുപോലെ എന്തെങ്കിലും പ്രകോപനങ്ങൾ ഉണ്ടായാൽതന്നെയും ഗവണ്മെൻറിൻെറ ശരിയായ നിയന്ത്രണത്തിലും ആത്മസംയമനം നല്ലതുപോലെ സിദ്ധിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ മേൽനോട്ടത്തിലും ഈ പോലീസിനേയും പട്ടാളത്തിനേയും നിയോഗിക്കാതിരിക്കുന്നപക്ഷം, അതുകൊണ്ടു ജനങ്ങൾക്കു കൂടുതൽ ആപത്തുണ്ടാകാ എന്നുള്ളതു നിശ്ചയമാണു. അക്കാര്യത്തിൽകൂടി ഗവണ്മെൻറു ശ്രദ്ധിക്കണമെന്നപേക്ഷിച്ചുകൊണ്ടും ഈ ബഡ്ജററു അവതരിപ്പിച്ചതിൽ ധനകാര്യമന്ത്രിയെ ഒരിക്കൽകൂടി അനുമോദിച്ചുകൊണ്ടും വേലക്കാർക്കും ജനങ്ങൾക്കും ഏററവും ഗുണപ്രദമായ രീതിയിൽ ഉള്ള ഒരു ബഡ്ജററു അടുത്തകൊല്ലം അവതരിപ്പിക്കുവാൻ അദ്ദേഹത്തിനു സംഗതിയാകട്ടെ എന്നു് ആശംസിച്ചുകൊണ്ടും ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

MR. ABDUL RAZAK : May I know whether the Hon'ble member relishes the art of killing the Communists? (No answer)

MR. MOHAMMED MUSTAFA : സർ, ഈ രാജ്യത്തിലെ ജനങ്ങൾക്കുവേണ്ടി ജനങ്ങളുടെ പേരിൽ ഭരണഭാരം ഏററിരിക്കുന്ന ഗവണ്മെൻറു ആദ്യമായി രൂപീകരിച്ചിട്ടുള്ള ബഡ്ജററാണു നമ്മുടെ മുൻപിൽ ഇരിക്കുന്നതു്. ൨൭൭ ലക്ഷം രൂപാ വരവും ൨൭൩ ലക്ഷം രൂപ ചെലവുമുള്ള ഒരു ബഡ്ജററാണു് അവതരിപ്പിച്ചിരിക്കുന്നതെന്നു കാണുമ്പോൾ സാധാരണയായി നമുക്കുണ്ടാകാവുന്നതായ അഭിപ്രായം നമ്മുടെ സാമ്പത്തികനില ഒരു വിധം ഭദ്രമാണെന്നാണു്. എന്നാൽ സാമ്പത്തികനില പരിശോധിക്കുന്നതിനുമുൻപു മററുചില കാര്യങ്ങൾകൂടി നോക്കേണ്ടതുണ്ടു്. ഒരു സ്ഥാപനത്തിൻെറ, അല്ലെങ്കിൽ ഒരു ഗവണ്മെൻറിൻെറ സാമ്പത്തികനില ഭദ്രമാണോ എന്നു പരിശോധിക്കുന്നതിനു് ഏററവും സുഗമമായ മാർഗ്ഗം അതിൻെറ അസററ്സും ലയബിലിററീസും എങ്ങനെയിരിക്കുന്നു എന്നു നോക്കുകയാണെന്നാണു് എനിക്കു തോന്നുന്നതു്. ഈ ഗവണ്മെൻറു് ഇന്നത്തെ നിലയ്ക്കു എന്തു [illegible]ക്കെല്ലാം കൊടുക്കുവാനുണ്ടെന്നും, ഗവണ്മെൻറിനു് എന്തു മുതലുണ്ടെന്നും

[Mr. Mohammed Mustafa]

ഇങ്ങനെ രണ്ടു പ്രധാന കാര്യങ്ങൾ മാത്രം പരിശോധിച്ചാൽ മതിയാകും. ഈ ബഡ്ജററിൽ അസററ്സും ലയബിലിററീസും എന്നു രണ്ടു വകുപ്പുകൾ നാം കാണുന്നുണ്ട്. അതിൽനിന്നും ശരിയായി പരിശോധിച്ചു നോക്കുന്നപക്ഷം ഗവണ്മെൻറിനു ൧൧൨൨-ൽ ൧൨ ലക്ഷം രൂപ ലയബിലിററീസ് ഉണ്ടായിരുന്നതു ൧൧൨൩-ൽ ൨൫ ലക്ഷമായി വർദ്ധിച്ചു എന്നു മനസ്സിലാകുന്നതാണ്. ഒരു ഗവണ്മെൻറിനു ലയബിലിററീസ് അസററ്സിൽനിന്നു കൂടുതലാകുന്നെന്നു കാണുമ്പോൾ അതിൽനിന്നു മനസ്സിലാകുന്നതു ആ ഗവണ്മെൻറിൻെറ സാമ്പത്തികനില അത്ര ഭദ്രമല്ലെന്നാണ്. ൧൧൨൪-ൽ ൨൪ ലക്ഷം രൂപ അസററ്സ് കൂടും എന്നു ഇതിലുള്ള മററൊരു സ്റ്റേററുമെൻറുകൊണ്ടു കാണുന്നു. ഇപ്പോഴത്തെ നില പരിശോധിച്ചു നോക്കുന്നപക്ഷം ൨൫ ലക്ഷം രൂപ അസററ്സിൽനിന്നും ലയബിലററീസ് കൂടുതലായി കാണുന്നുണ്ട്. ആ നിലയ്ക്കു ൧൧൨൪-ൽ ൨൪ ലക്ഷം രൂപയായി വർദ്ധിപ്പിക്കാമെന്നുള്ള ഒരു വാഗ്ദാനമല്ലെങ്കിൽ ഒരു സ്റ്റേററുമെൻറുകൊണ്ടുമാത്രം ഈ ഗവണ്മെൻറിൻെറ സാമ്പത്തികനില ഭദ്രമാണെന്നു വിശ്വസിക്കുവാൻ ന്യായമില്ല. കൂടാതെ അസററ്സിൽ കാണുന്ന ഇനങ്ങൾ ശരിയായി പരിശോധിച്ചുനോക്കുന്ന പക്ഷം ഒരു ഗവണ്മെൻറിനെന്നല്ല, ഏതൊരു സ്ഥാപനത്തിനും എത്ര തന്നെ താല്പര്യങ്ങൾ ആ കാര്യത്തിൽ ഉണ്ടായിരുന്നാലും കുറെ ഐററങ്ങൾ എപ്പോഴും കുറവെഴുതി തള്ളേണ്ടതായിവരും. എന്നാൽ ലയബിലിററീസ് ഒരു പൈസപോലും കുറവെഴുതേണ്ടതായിവരികയില്ല. എന്നു മാത്രമല്ല, പലിശയിനത്തിലും മററും ആ ഇനം കൂടിവരികയേയുള്ളു.

അതുകൊണ്ടു നമ്മുടെ സാമ്പത്തികനില അത്ര വളരെ ഭദ്രമാണെന്നു വിചാരിക്കാൻ വളരെയൊന്നും ന്യായം കാണുന്നില്ല. മററൊരു കാര്യം എനിക്കു ഈ അവസരത്തിൽ പറയുവാനുള്ളതു് ഇതൊരു സമാധാനകാലത്തെ ബഡ്ജററാണെന്നുള്ള കാര്യം നമ്മുടെ മന്ത്രിമാർ അത്ര വളരെ കാര്യമായി പരിഗണിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. യുദ്ധകാലത്തുണ്ടായിരുന്ന അനേകം ചെലവുകളും അത്യാവശ്യത്തിനുവേണ്ടിയാണ് ഉണ്ടാക്കിയിട്ടുള്ളതു്. യുദ്ധകാലത്തു് പല വൻചെലവുകളും പല അനാവശ്യച്ചെലവുകളും ഒരു ഗവണ്മെൻറിനുണ്ടാവുക സാധാരണമാണ്. എന്നാൽ ആ പദ്ധതികളെല്ലാം സമാധാനകാലത്തു തുടർന്നുകൊണ്ടു പോകുന്നതു ശരിയല്ല. യുദ്ധകാലത്തേയും സമാധാനകാലത്തേയും ബഡ്ജററുകൾ തമ്മിൽ തീർച്ചയായും വളരെ വ്യത്യാസപ്പെട്ടിരിക്കേണ്ടതാണ്, യുദ്ധകാലത്തെ ബഡ്ജററിൽ എസ്റ്റാബ്ലീഷ്മെൻറ് ചെലവു് വളരെ

വർദ്ധിച്ചിരിക്കും. എന്നാൽ സമാധാനകാലത്തെ ബഡ്ജററിൽ അതു വളരെ കുറഞ്ഞിരിക്കേണ്ടതാണ്. മാത്രമല്ല, നമ്മുടെ ഈ സമാധാനകാലത്തെ ബഡ്ജററിൽ സൃഷ്ടിപരമായ കാര്യങ്ങൾ വളരെ വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതാണ്. നമ്മുടെ ബഡ്ജററുകൾ പരിശോധിക്കുന്നപക്ഷം ൧൧൨൧-ലും, ൧൧൨൨-ലും, ൧൧൨൩-ലും ഉള്ളതിനെക്കാളും വളരെ വർദ്ധിച്ചാണ് എസ്റ്റാബ്ലിഷ്മെൻറു ചെലവുകൾ കൊള്ളിച്ചിരിക്കുന്നത്. അതുകൊണ്ട് ഇത് ഒരു സമാധാനകാലത്തെ ബഡ്ജററാണെന്ന് ഉള്ള കാര്യം മനസ്സിൽ വച്ചുകൊണ്ട് ഇതു പരിശോധിക്കുന്നപക്ഷം ഇതു പൊതുജനങ്ങളെ സംതൃപ്തിപ്പെടുത്തുവാൻ പര്യാപ്തമാണെന്ന് പറയുവാൻ സാധിക്കുന്നതല്ല. അതുപോലെതന്നെ യുദ്ധകാലത്തു് മിലിട്ടറി, പോലീസ് എന്നീ വകുപ്പുകളുടെ ചെലവും കൂടാറുണ്ട്. അതു് സമാധാനകാലത്തു് കുറയേണ്ടതാണ്. ഇന്നാണെങ്കിൽ ഈ രാജ്യത്തു് ആഭ്യന്തരസമരത്തിൻെറയോ, യുദ്ധത്തിൻെറയോ യാതൊരുവിധമായ പ്രത്യാഘാതവുമില്ല. ഒരു സമാധാനകാലത്തെ ബഡ്ജററു് ജനങ്ങൾക്ക് ഉപകാരപ്രദമായ പദ്ധതികൾ സ്വീകരിച്ചുകൊണ്ടും അതിനുള്ള അത്യാവശ്യമായ മററു ചെലവുകൾ ഉൾപ്പെടുത്തിക്കൊണ്ടുമാണ് രൂപവൽക്കരിക്കേണ്ടിയിരുന്നതു്. മറെറാരുകാര്യം പറയുവാനുള്ളതു് ഈ ബഡ്ജററു് പരിശോധിക്കുന്നപക്ഷം മുൻകാലങ്ങളിലെ ബഡ്ജററിൽനിന്നും ഇതു് വ്യത്യസ്തമല്ലെന്നാണ് മനസ്സിലാവുന്നതു്. മുൻകാലങ്ങളിൽ ബഡ്ജററു് രൂപീകരിച്ച അതേ കൈകൾ തന്നെയാണ് ഈ ബഡ്ജററും രൂപീകരിച്ചിട്ടുള്ളതെന്ന് കാണുന്നതിന് പ്രയാസവുമില്ല. മുമ്പു ആരോ ഒരാൾ പറഞ്ഞതുപോലെ ഭാര്യ പഴയതുതന്നെങ്കിലും സാരിമാത്രം മാറി എന്ന വ്യത്യാസമേയുള്ളു. മുമ്പു് സിൽക്കസാരി ആയിരുന്നതു ഇപ്പോൾ ഖദർസാരിയായി മാറിയിട്ടുണ്ടെന്നുള്ള വ്യത്യാസം മാത്രമേയുള്ളു. മുമ്പു രൂപീകരിച്ചിട്ടുള്ള ബഡ്ജററും ഇപ്പോഴത്തെ ബഡ്ജററും തമ്മിൽ മുൻപിലത്തെ ഗവൺമെൻറും ഇപ്പോഴത്തെ ഗവൺമെൻറും പോലെ വ്യത്യാസപ്പെട്ടിരിക്കേണ്ടതാണ്. അതു പ്രായോഗികമാക്കുവാൻ ഇനിയെങ്കിലും നമ്മുടെ ഗവൺമെൻറു് ശ്രമിക്കുമെന്ന് വിശ്വസിക്കുന്നു. അതുപോലെതന്നെ വലിയ ഉദ്യോഗസ്ഥന്മാരുടെ ശമ്പള ഇനത്തിൽ വലിയ കുറവു വരുത്തേണ്ടതായിരുന്നു. അതിനുള്ള പരിപാടികൾ സ്വീകരിച്ചുകാണുന്നില്ല. മന്ത്രിമാരുടെ ശമ്പളം എഴുനൂററിഅൻപതുരൂപ ആയിരിക്കെ മററുള്ള ഉദ്യോഗസ്ഥന്മാരുടെ ശമ്പളം ഒരിക്കലും അതിൽ കൂടുതലായിരിക്കാൻ പാടില്ല. ഏററവും വലിയ ഉദ്യോഗസ്ഥൻെറ ശമ്പളം അഞ്ഞൂറുരൂപയിൽ കൂടുതൽ പാടില്ല. അതുപോലെതന്നെ താഴ്ന്നതരം ഉദ്യോഗസ്ഥന്മാരുടെ ശമ്പളം അല്പംകൂടി ഉയർത്തു

[Mr. Mohammed Mustafa]

കയും ചെയ്യേണ്ടതാണ്. ഇതിനൊന്നിനും പ്രൊവിഷൻ ഈ ബഡ്ജററിൽ കാണുന്നില്ല. അതു കൂടി ചെയ്യേണ്ടതാണ്. മറെറാരു കാര്യം യുദ്ധകാലത്തെപ്പോലെതന്നെ ഡയറക്ട് ടാക്സേഷൻ പദ്ധതി ഇപ്പോഴും സ്വീകരിച്ചുകാണുന്നു. ഇന്ന് സാധാരണ ജനങ്ങൾ ഈ ടാക്സേഷൻ മൂലം അനുഭവിച്ചുകൊണ്ടിരിക്കുന്ന വൈഷമ്യങ്ങൾ ചില്ലറയൊന്നുമല്ല. സാധാരണ ഒരാൾ പത്തുപന്ത്രണ്ടിനം ടാക്സ് കെട്ടേണ്ടതായിവരുന്നുണ്ട്. അതായതു സാധാരണ ടാക്സ്, ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ്, ലൈസൻസ് ഫീസ് എന്നിങ്ങനെ പലതരം ടാക്സുകൾകൊണ്ട് സാമാന്യജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന ഒരു പദ്ധതി ഈ ബഡ്ജററിലും സ്വീകരിച്ചുകാണുന്നു. ശരിയായ ഗഡുക്കളിൽ കരംകെട്ടിവയ്ക്കുന്നതു ഒരാളിന്റെ കർശനമായ ചുമതലയാണ്. വല്ല കാരണവശാലും അയാൾക്ക് അതു് ശരിയായി അടയ്ക്കാൻ സൌകര്യപ്പെട്ടില്ലെങ്കിൽ അയാൾ വല്ലതെ വൈഷമ്യം അനുഭവിക്കുന്നുണ്ട്. അതിനാൽ ആദായം വർദ്ധിപ്പിക്കുന്നതിനും ജനങ്ങൾക്കു ഫലപ്രദമായ രീതിയിൽ കാര്യങ്ങൾ നടത്തിക്കൊണ്ടു പോകുന്നതിനും ഈ മാതിരിയുള്ള ടാക്സേഷൻ സമ്പ്രദായം വെടിഞ്ഞു് മററു വല്ല മാർഗ്ഗവും അന്വേഷിക്കേണ്ടതാണെന്ന് ഞാൻ ഓർമ്മപ്പെടുത്തിക്കൊള്ളുന്നു. നമുക്ക് പല കാര്യങ്ങളും ആ വിധത്തിൽ സാധിക്കാം. അതായത്തു് മിനറൽസ് സർവെ, ഫാറസ്ററ്സർവെ ഇതൊക്കെ നടത്തി ആ വിധത്തിൽ ആദായം ഉണ്ടാക്കുകയും ഫാക്ടറി മുതലായവകൾ മുഖാന്തിരം അങ്ങനെയും ആദായം ഉണ്ടാക്കുകയും മററും ചെയ്തു് നമ്മുടെ റവന്യൂ വർദ്ധിപ്പിക്കാവുന്നതാണ്. വേറൊന്നു പറയാനുള്ളതു നമ്മുടെ ഗവണ്മെന്റിനെ പല വിധത്തിൽ അഭിനന്ദിക്കേണ്ടതായിട്ടുണ്ട്. അതായതു്, മദ്യനിരോധനം, നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസം, മെഡിക്കൽ കാളേജ് ഇവയെല്ലാംകൂടി ഈ ബഡ്ജററിൽ പ്രൊവിഷൻ കാണുന്നുണ്ട്. എന്നാൽ അതേ സമയംതന്നെ അരിവില വർദ്ധിപ്പിക്കുകയും സെയിൽസ് ടാക്സ് മുതലായ മററു കരങ്ങൾ നടപ്പിൽ വരുത്തുകയും ചെയ്തതു് പൊതുജനങ്ങളെ സംബന്ധിച്ചിടത്തോളം വളരെ ഭാരമേറിയ ചുമതലകളായിട്ടാണ് വന്നിരിക്കുന്നതു്. സമയം തീർന്നിരിക്കുന്നതുകൊണ്ട് ഇനിയും പല കാര്യങ്ങളും പറയാനുണ്ടെങ്കിലും അതൊന്നും പറയുന്നില്ല. ഇത്രയും പറഞ്ഞുകൊണ്ട് തൽക്കാലം വിരമിച്ചുകൊള്ളുന്നു.

Mr. T. K. NARAYANA PILLAI (*Parur II—General*) : സർ, ധനകാര്യമന്ത്രി ഈ സഭയുടെ സ്വീകരണത്തിനായി അവതരിപ്പിച്ചിട്ടുള്ള ബഡ്ജററ് ഒരു മിച്ച ബഡ്ജററാണോ അതല്ല, ഒരു ഡഫിസിററ് ബഡ്ജററാണോ.

എന്നുള്ള വിഷയത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിനോ ഏതാനും കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് ഈ രാജ്യത്തിന്റെ സാമ്പത്തികസ്ഥിതി അത്ര സുരക്ഷിതമല്ലെന്ന് സ്ഥാപിച്ച് ഈ രാജ്യത്തെപ്പററി അന്യരാജ്യങ്ങളിലുള്ള ക്രെഡിററ് നശിപ്പിക്കുന്നതിനുള്ള ഉദ്യമത്തിൽ വ്യാപരിക്കുന്നതിനോ ഞാൻ തൽക്കാലം ശ്രമിക്കുന്നില്ല. ഈ ബഡ്ജററ് ഡഫിസിററാണെന്ന് വാദത്തിനുവേണ്ടി സമ്മതിച്ചാൽത്തന്നെയും, ഈ ബഡ്ജററുകൊണ്ട് എത്ര ഗുണം കിട്ടുമെന്ന് മാത്രമേ നമുക്ക് തൽക്കാലം ആലോചിക്കേണ്ടതായിട്ടുള്ളു. ഒരു രാജ്യത്തിന്റെ ചെലവ് എത്രയാണെന്ന് ആദ്യമായി തിട്ടപ്പെടുത്തുകയും അങ്ങിനെ വേണ്ടിവരുന്ന ചെലവിലേയ്ക്കു ആവശ്യമായ ധനാഗമമാർഗ്ഗങ്ങളെപ്പററി ചിന്തിക്കുകയും അവയെ നടപ്പിൽവരുത്തുകയും ആണ് എല്ലാ പരിഷ്കൃതരാജ്യങ്ങളിലും പബ്ലിക്ക് ഫൈനൻസ് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നയം. ആ സ്ഥിതിക്കു ഇതു് ഒരു ഡഫിസിററ് ബഡ്ജററാണെങ്കിൽത്തന്നെ ആ വിധത്തിൽ അതിനെക്കുറിച്ച് എന്തെങ്കിലും പറയണമെന്നു തോന്നുന്നില്ല. നേരേമറിച്ച് ഡഫിസിററ് ബഡ്ജററിൽത്തന്നെ, രാജ്യത്തിന് പൊതുവെ പുരോഗമനപരമായിട്ടുള്ള മാർഗ്ഗത്തിൽ വേണ്ടത്ര ചെലവുചെയ്യുന്നതിനുള്ള വ്യവസ്ഥകൾ അതിലുണ്ടോ എന്നുള്ളതിനെ അടിസ്ഥാനമാക്കി മാത്രമാണു നാം ഇതിനെ വീക്ഷിക്കേണ്ടതും പരിചിന്തിക്കേണ്ടതും. ഒരു ബഡ്ജററ് സാധാരണക്കാരന്റെ ബഡ്ജററാണോ (ordinary man's budget) ദരിദ്രലക്ഷങ്ങളുടെ ജീവിതഭാരം ലഘൂകരിക്കുന്നതിനും ഗ്രാമങ്ങളിൽ വസിക്കുന്ന സാധുജനങ്ങളുടെ ഇരുളടഞ്ഞ ജീവിതത്തിന് അല്പമെങ്കിലും വെളിച്ചം നൽകുന്നതിനും ഉദ്ദേശിച്ചിട്ടുള്ളതാണോ പ്രത്യുൽപ്പാദനകരങ്ങളായ (റീ പ്രൊഡക്ററീവ്) സംരംഭങ്ങളെ നടപ്പിൽവരുത്തുന്നതിനും പുലർത്തുന്നതിനും പര്യാപ്തമായ നടപടികൾ ആസൂത്രണം ചെയ്യുന്ന തരത്തിലുള്ളതാണോ എന്നുള്ള മാനദണ്ഡത്തെ അടിസ്ഥാനമാക്കിയാണോ ബഡ്ജററ് രൂപവൽകരിച്ചിരിക്കുന്നതു്. എന്നാണ് നാം പരിചിന്തനം ചെയ്യേണ്ടതു്. അങ്ങനെയാണെങ്കിൽ ഈ ബഡ്ജററ് നിരാശാജനകമാണെന്ന് പറയുവാൻ നിവൃത്തിയില്ല. ചില കുറവും കുററങ്ങളും ഈ ബഡ്ജററിനും ഉണ്ടെന്ന് ഞാനും സമ്മതിക്കുന്നു. എന്നാൽ ഒരു മൌലികമായ വ്യത്യാസം, മററു ബഡ്ജററുകളിൽനിന്നും ഈ ബഡ്ജററിന് ഞാൻ കാണുന്നുണ്ട്. തിരുവിതാംകൂറിലെ ൯൦ ശതമാനം ആളുകളും ഗ്രാമങ്ങളിലാണ് നിവസിക്കുന്നതെന്നും തിരുവിതാംകൂറിന്റെ ഭാവി ഈ ഗ്രാമങ്ങളുടെ സുസ്ഥിതിയെ ആശ്രയിച്ചാണിരിക്കുന്നതെന്നും അതിനാൽ തിരുവിതാംകൂറിന്റെ പുരോഗതിക്ക് ഗ്രാമോദ്ധാരണം അത്യന്താപേക്ഷി

[Mr. T. K. Narayana Pillai.]

തമാണെന്നും ഗ്രാമങ്ങളിലെ ജീവിതത്തെ സ്വൈരമാക്കിയാൽ മാത്രമെ സമാധാനജീവിതം കൈവരികയുള്ളു എന്നുമുള്ള ഈ അടിസ്ഥാനതത്വം ഈ ബഡ്ജറ്റ് അംഗീകരിച്ചിട്ടുണ്ട്. അതുകൊണ്ടു ഗ്രാമോദ്ധാരണത്തിന് ഒരു വൻപിച്ച തുക ബഡ്ജറ്റിൽ നീക്കിവച്ചിട്ടുമുണ്ട്. ഗ്രാമപഞ്ചായത്തുബിൽ ഈ സഭയിൽ പാസാക്കി അതുമൂലം ഗ്രാമങ്ങൾ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള ഒരു നടപടി ഇന്നത്തെ ഗവർമ്മെന്റ് സ്വീകരിച്ചിട്ടുണ്ടെന്നുള്ളതും പ്രശംസാർഹമായ ഒരു കാര്യമാണ്. സർ, ഈ ബഡ്ജറ്റിനെപ്പറ്റി കൂടുതൽ വിമർശനം ചെയ്യണമെന്നു തോന്നുന്നില്ല. കാരണം അതുകൊണ്ടു പ്രത്യേകമായി യാതൊരു ഗുണവും ജനങ്ങൾക്കു സിദ്ധിക്കുവാൻ പോകുന്നില്ല. എന്നാൽ കാര്യങ്ങളുടെ നടത്തിപ്പിനു ചില നിർദ്ദേശങ്ങൾ നൽകാമെന്നു ഉദ്ദേശിക്കുന്നു. പ്രധാനമായി ഇന്നു തിരുവിതാംകൂറിനെ അഭിമുഖീകരിച്ചിരിക്കുന്ന രണ്ടു ജീവൽപ്രശ്നങ്ങൾക്കു എന്തെങ്കിലും പരിഹാരം കണ്ടുപിടിച്ചില്ലെങ്കിൽ അതു സാധുജനങ്ങളെ ഗൗരവമായി ബാധിക്കുന്നതായിരിക്കും. അതിൽ ഒന്ന് ഭവനനിർമ്മാണപദ്ധതിയാണ്. രണ്ടാമത്തേതു തിരുവിതാംകൂറിലെ ഒരു ശതമാനം ആളുകൾക്കു കുടിയേറിപ്പാർക്കുന്നതിനു വാസസ്ഥലം ഇല്ലാതിരിക്കുന്നതിനു സ്ഥിരമായ ഒരു പരിഹാരം ഉണ്ടാക്കുകയാണ്. ഇതിലെല്ലാം ഗവർമ്മെന്റിന്റെ ലാൻഡ് പോളിസി എന്താണെന്നു പ്രഖ്യാപനം ചെയ്യേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഇങ്ങനെയുള്ള ഭവനനിർമ്മാണപദ്ധതികൾ ഇൻഡ്യൻ യൂണിയനിൽ എന്നല്ല, മദ്രാസ് പ്രവിശ്യയിൽ മാത്രമല്ല മൈസൂറിലുംതന്നെ നടപ്പിൽവരുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിരിക്കുന്നു. കൂടാതെ ഒരു ദശവത്സരപദ്ധതികൊണ്ടു തിരുവിതാംകൂറിൽ ആകമാനം വീടില്ലാതിരിക്കുന്നവർക്ക് വീടുണ്ടാക്കിക്കൊടുക്കുന്നതിനുള്ള പദ്ധതി ഈ ബഡ്ജറ്റിൽ ആസൂത്രണം ചെയ്യേണ്ടതായിരുന്നു. അല്ലെങ്കിൽ അതിനുള്ള പ്രാരംഭനടപടിയെങ്കിലും ഗവർമ്മെന്റ് ഈ ബഡ്ജറ്റിൽ സ്വീകരിക്കേണ്ടതായിരുന്നു എന്നാണ് എന്റെ വിനീതമായ അഭിപ്രായം. ഇന്ന് ഇൻഡ്യൻ യൂണിയനിലും മററു പ്രാവിൻസുകളിലും സാധുമനുഷ്യരുടെ കഷ്ടപ്പാടുകൾ പരിഹരിക്കുന്നതിനും മററുമായി സെമിൻഡാരിബിൽ അവതരിപ്പിച്ച് ഇടിഞ്ഞുപൊളിഞ്ഞ പഴയ സെമിൻഡാരി സിസ്റ്റം ഇല്ലാതാക്കുകയാണ് ചെയ്തിട്ടുള്ളത്. വളരെ വളരെ കാലങ്ങളായി ഗവർമ്മെന്റിന്റെ ലാൻഡ് പോളിസി വ്യക്തമാക്കണമെന്ന് അഭിപ്രായപ്പെട്ടുകൊണ്ടിരുന്നിട്ടും അതു ഗവർമ്മെന്റ് ശ്രദ്ധിച്ചുകാണുന്നില്ല. അതിനു പ്രധാനമന്ത്രി ഇപ്പോൾ ഉന്നയിച്ച വാദം അടിസ്ഥാനരഹിതമാണെന്ന് ഞാൻ പറയുന്നുമില്ല. എന്നാൽ ഇതിന് ഒരു പരിഹാരം ഉണ്ടാക്കേണ്ടതു അത്യന്താപേക്ഷി

തമാണ്. ഒരു എക്കണോമിക്ക് സർവെ നടത്തി ഒരു പ്ലാനിങ്ങ് കമ്മിററിയെ ഈ കാര്യത്തിലേക്കായി നിയോഗിക്കണം. അങ്ങനെയാണെങ്കിൽ ഗവണ്മെൻറിൻെറ ലാൻഡ് പോളിസിയെ സംബന്ധിച്ച് നിശ്ചിതമായ ഒരു നയം പ്രഖ്യാപനം ചെയ്യുന്നതിന് സാധിക്കുമെന്നാണ് എനിക്കു തോന്നുന്നത്.

The House aojourned for lunch at 12-30 P. M. and met again at 2-30 P. M. with the President (the Hon'ble Mr. A. J. John) in the Chair.

MR. T. K. NARAYANA PILLAI : സർ, ഞാൻ ഭവനനിർമ്മാണ പദ്ധതിയെപ്പററിയാണ് സംസാരിച്ചുകൊണ്ടിരുന്നത്. അപ്പോൾതന്നെ സഭ പിരിഞ്ഞതുകൊണ്ട് എൻെറ പ്രസംഗം നിറുത്തേണ്ടിവന്നു. ഇപ്പോൾ ഞാൻ ആ വിഷയത്തെക്കുറിച്ചു ഒന്നുരണ്ടു കാര്യങ്ങൾ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരണമെന്ന് ആഗ്രഹിക്കുന്നു. സർ, ഭവനരഹിതരായ അനേകം സാധുജനങ്ങൾ തിരുവിതാംകൂറിൻെറ നാനാഭാഗങ്ങളിലും താമസിക്കുന്നുണ്ടെന്നുള്ള വസ്തുത നമുക്കെല്ലാവർക്കും അറിയാവുന്നുള്ളതാണ്. ഇതിൻെറ ഫലമായിട്ടു തിരുവിതാംകൂർ സഹകരണ ഇൻസ്റ്റിററ്യൂട്ടിൽനിന്നും ഭവനനിർമ്മാണ പദ്ധതിയെപ്പററി പാസാക്കിയിട്ടുള്ള പ്രമേയങ്ങൾ ഗവണ്മെൻറിൻെറ സത്വരശ്രദ്ധയിൽ പെടണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. ഗവണ്മെൻറിൻെറ ഇപ്പോഴത്തെ സാമ്പത്തികസാദ്ധ്യതകളെപ്പററി എനിക്കു നല്ല നിശ്ചയമില്ലെങ്കിലും അതിപ്രധാനവും ഒഴിച്ചുകൂടാൻ പാടില്ലാത്തതുമായ ഈ പദ്ധതി കഴിയുന്നതും വേഗത്തിൽ നടപ്പിൽ വരുത്തുന്നതു് ന്യായത്തിൻെറ പേരിൽ, ധർമ്മത്തിൻെറ പേരിൽ, സാധുക്കളോടു ചെയ്യുന്ന മഹൽ കൃത്യമായിരിക്കും. അതിനുവേണ്ടി ഭൂമി സംബന്ധിച്ച് ഗവണ്മെൻറു ധീരമായ ഒരു നയം സ്വീകരിക്കേണ്ടതു് ഏററവും അത്യാവശ്യമാണ്. അതോടുകൂടി സ്വകാര്യസ്വത്തുടമയുടെ പരിധി നിർണ്ണയിക്കുകയും സ്വകാര്യസ്വത്തുടമയെ നിയന്ത്രിക്കുകയും ക്ലിപ്തപ്പെടുത്തുകയും ചെയ്യേണ്ടതിൻെറ അത്യാവശ്യകതയും ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. നമ്മുടെ രാജ്യം വ്യവസായീകരിക്കുന്നതിനും ഉല്പാദനങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഗവണ്മെൻറു സ്വീകരിച്ചിട്ടുള്ള നയം എന്താണെന്നും അതു് സാധിതപ്രായമാക്കുന്നതിനു ഉദ്ദേശിച്ചിട്ടുള്ള പ്രവർത്തനപരിപാടികൾ എന്തെല്ലാമാണെന്നും ഉള്ളതിനെപ്പററി പൊതുജനങ്ങളുടെ ഇടയിൽ യാതൊരറിവും ഇതുവരെ നല്കിയിട്ടില്ല. നമ്മുടെ രാജ്യത്തു കുടിൽവ്യവസായങ്ങൾ ധാരാളം

[Mr. T. K. Narayana Pillai]

ഉണ്ട്. എന്നാൽ ആ കുടിൽ വ്യവസായങ്ങൾ പോഷിപ്പിക്കുന്നതിനും അതിന്റെ സാദ്ധ്യതകൾ എന്തെല്ലാമാണെന്നും വലിയ മൂലധനമാവശ്യമില്ലാത്തതും എന്നാൽ ആദായകരമായതും ആയ കുടിൽവ്യവസായങ്ങൾ എന്തെല്ലാമാണെന്നും അത് പ്രായോഗികമാക്കുന്നത് എങ്ങിനെയാണെന്നും മററും വിജ്ഞാനപ്രദമായ യാതൊരറിവും വ്യവസായകർക്ക് ഗവൺമെന്റ് മുഖേന നൽകുന്നില്ല. നമ്മുടെ രാജ്യത്തെ കുടിൽവ്യവസായത്തെ പരിപുഷ്ടമാക്കുന്നതിനുള്ള വിഭവങ്ങൾ ധാരാളം ഉണ്ട്. എന്നാൽ രാജ്യത്തെ അടിയന്തിരാവശ്യങ്ങളെ പരിഗണിച്ച് അധികൃതന്മാർ രാജ്യക്ഷേമകരമായി വേണ്ടത് അപ്പോഴപ്പോൾ പ്രവർത്തിക്കേണ്ടതാണ്. ഈ ആവശ്യങ്ങൾക്കായിട്ടാണ് ഒരു ഇക്കണോമിക്ക് സർവെ ആൻഡ് പ്ലാനിംഗ് കമ്മിററി നിയമിക്കണമെന്നു ഞാൻ ആവശ്യപ്പെട്ടത്. ഇന്നു തിരുവിതാംകൂറിലെ ഉദ്യോഗസ്ഥന്മാരെപ്പററി പല പരാതികളും ഉത്ഭവിച്ചുകൊണ്ടുതന്നെ ഇരിക്കുന്നു. അവരുടെ അനാശാസ്യമായ പ്രവൃത്തികളും അനാസ്ഥയും കാരണം പൊതുജനങ്ങൾക്കു സാരമായ കഷ്ടനഷ്ടങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്നു എന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. ഇന്നു സാധുജനങ്ങൾപോലും വിശ്വസിച്ചുവരുന്ന ഉദ്യോഗസ്ഥന്മാരുടെ കൈക്കൂലിയെ ഇല്ലാതാക്കത്തക്കവണ്ണം ഉള്ള ഒരു വ്യവസ്ഥ കഴിയുന്നതും വേഗത്തിൽ നടപ്പിൽ വരുത്തേണ്ടതാകുന്നു. അതിലേക്കു ഒരു കമ്മിഷനെ നിയമിക്കണം. അതായത് ന്യായബോധവും സദാചാരശുദ്ധിയും കൃത്യനിഷ്ഠയും ഉള്ള മൂന്നുനാലുപേർ അടങ്ങിയ ഒരു ആന്റി കറപ്ഷൻ കമ്മിററിയെ നിയമിച്ചാൽ നമ്മുടെ രാജ്യത്തു നടമാടിക്കൊണ്ടിരിക്കുന്ന അഴിമതിക്കും കൈക്കൂലിക്കും സാരമായ വ്യത്യാസം വരുകയും തന്മൂലം പൊതുജനങ്ങളുടെ ഇടയിൽ ഉളവായിക്കൊണ്ടിരിക്കുന്ന ഉദ്യോഗസ്ഥന്മാരെപ്പററിയുള്ള അവജ്ഞ നീങ്ങുകയും ചെയ്യുന്നതാണ്. എനിക്ക് ഒരു കാര്യംകൂടി പറയണമെന്നു ആഗ്രഹമുണ്ട്. ഉദ്യോഗകാര്യമാണ് ഈ രാജ്യത്തിലെ സമുദായങ്ങൾ തമ്മിൽ ഉള്ള അകൽച്ചയും മാത്സര്യങ്ങളും വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നത്. തന്നിമിത്തം സമുദായമത്സരം പൊതുജനങ്ങളുടെ ഇടയിൽ പടർന്നുപിടിക്കുന്ന ഒരു രോഗമായി തീർന്നിരിക്കുന്നു. അതുകൊണ്ടു ഉദ്യോഗവിതരണകാര്യത്തിൽ മൂന്നോ നാലോ അംഗങ്ങളടങ്ങിയ ഒരു പബ്ലിക്ക് സർവീസ് കമ്മീഷൻ എത്രയും വേഗത്തിൽ നടപ്പിൽ വരുത്തേണ്ടതാണ്. ഇൻഡ്യാഗവൺമെന്റിലും മററു പല ഗവൺമെന്റുകളിലും നിയമനം നടത്തുന്നതിനായിട്ടു സർവീസു കമ്മീഷൻ ഉണ്ട്.

സകല ഉദ്യോഗങ്ങളും അവർതന്നെ നടത്തുന്നു. എന്നാൽ തിരുവിതാംകൂർ രാജ്യത്തിൽ ഒരു സർവീസ് കമ്മീഷണർ ഉണ്ട്. അദ്ദേഹത്തിന്റെ നിയമനാധികാരപരിധി വളരെ പരിമിതമാണ്. ഹൈക്കോടതി, മിലിട്ടറി മുതലായ ഡിപ്പാർട്ടുമെന്റുകളിലെ ഉദ്യോഗംകൂടി സർവീസ് കമ്മീഷണരുടെ നിയന്ത്രണത്തിൽ ഉൾപ്പെടുത്തിയിരുന്നെങ്കിൽ നിയമനകാര്യങ്ങളിൽ മന്ത്രിമാർക്കുള്ള വിഷമതകൾ കുറയുമായിരുന്നു. എന്നാൽ പബ്ലിക്ക സർവീസ കമ്മീഷനെപ്പററി യാതൊരു വ്യവസ്ഥയും ബഡ്ജററിൽ ചെയ്തുകാണാത്തതിൽ ഖേദിക്കയും ബഹുമാനപ്പെട്ട പ്രധാനമന്ത്രി എത്രയും വേഗത്തിൽ അതിനു വേണ്ട വ്യവസ്ഥ ചെയ്യുമെന്നു വിശ്വസിക്കുകയും ചെയ്യുന്നു. ഇതോടുകൂടിത്തന്നെ ഒരു പേ കമ്മീഷനെ നിയമിക്കേണ്ടതും അത്യാവശ്യമാണ്. standardisation of salaries-ഉം വ്യയന്യൂനകരണം ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിനു അതിന്റെ നിർദ്ദേശങ്ങൾ സഹായകമായിരിക്കും. മറെറാരു സംഗതി എനിക്ക് പറയുവാനുള്ളതു കുടിയിറക്കലിനെപ്പററിയാണ്. ഈ കുടിയിറക്കൽനിമിത്തം തിരുവിതാംകൂറിൽ ഇന്നു അനവധി ആളുകൾ ദുരന്തദുരിതങ്ങളിലേക്കു തള്ളപ്പെടുന്നു എന്നുള്ളതു് നാം വിസ്മരിക്കത്തക്ക ഒരു കാര്യമല്ല. പെട്ടെന്നു ഇതിനൊരു പരിഹാരം ഉണ്ടാക്കാൻ സാധിക്കുകയില്ലായിരിക്കാം. അതിനായി ഒരു നിയമം ഉണ്ടാക്കാൻ പല പ്രതിബന്ധങ്ങളും ഉണ്ടായേക്കാം. ഒരു നിയമംതന്നെ പെട്ടെന്നുണ്ടാക്കിയില്ലെങ്കിലും ഈ നിയമസഭയിലെ അനുമതിയോടുകൂടി എന്തെങ്കിലും ഓർഡിനൻസോ മറേറാ ഉണ്ടാക്കി കുടിയിറക്കലിനു തൽക്കാലമെങ്കിലും ഒരു പരിഹാരം വരുത്തേണ്ടതു അത്യാവശ്യമാണ്. കൊച്ചി രാജ്യത്തു നടന്നുവരുന്ന കുടിയിറക്കു കേസുകളിലെല്ലാംതന്നെ മേലാൽ ഒരു നടപടിയും നടത്താതെന്നു വ്യവസ്ഥ ചെയ്തു അവിടെ ഒരു രാജകീയവിളംബരംതന്നെ ഉണ്ടായി. അതുപോലെ ഇവിടെയും നടപടികൾ കൈക്കൊള്ളുന്നതു് നന്നായിരിക്കും. ഈ ഘട്ടത്തിൽ ഒരു കാര്യം എനിക്കു പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാനുണ്ട്. ഇവിടെ ഒരു ക്യാബിനററ് സെക്രട്ടറിയററ് ഏർപ്പെടുത്തുന്നതിനെക്കുറിച്ചാണ്. അങ്ങിനെ ഒരു ക്യാബിനററ് സെക്രട്ടറിയററ് ഏർപ്പെടുത്തുകയും അതിൽനിന്നു വിഭിന്നമായ ഒരു പെർമനൻറ് സെക്രട്ടറിയററ് സ്ഥാപിക്കുകയും ചെയ്യുന്നതുകൊണ്ടു മാത്രമേ ഭരണകാര്യനിർവഹണം സുഗമമാകയുള്ളു എന്നു എനിക്കു നിശ്ചയമായി പറയുവാൻ കഴിയും. ഡെമോക്രസി—അതായതു് ജനകീയഭരണം ഉള്ള എല്ലാ രാജ്യങ്ങളും

[Mr. T. K. Narayana Pillai]

ക്യാബിനററ് സെക്രട്ടറിയേററ് സ്ഥാപിച്ചിട്ടുണ്ട്. അതുപോലെ ഒരു ക്യാബിനററ് സെക്രട്ടറിയേററ് ഇവിടെ സ്ഥാപിക്കുകയും ഏററവും ഊർജ്ജസ്വലതയോടുകൂടി അതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്യുന്നതായാൽ രാജ്യത്തുള്ള സകല ജനങ്ങളുടെയും സകലവിധമായ അവശതകളെയും പരിഹരിക്കുന്നതിന് പര്യാപ്തമാകുമെന്ന് എനിക്കു നിശ്ചയമായി പറയാൻ കഴിയും. സർ, നമ്മുടെ ഇന്നത്തെ സെക്രട്ടറിയേററിൽ കുറെ അധികം ഉദ്യോഗസ്ഥന്മാർ ഉണ്ട്. നിരുത്തരവാദികളായ ചില ഉദ്യോഗസ്ഥന്മാർ അവിടെ ഇരുന്നുകൊണ്ട് പത്രങ്ങൾക്ക് ലേഖനങ്ങൾ എഴുതുകയാണ് ചെയ്യുന്നത്. ഇത് രാജ്യത്തോടുള്ള അവരുടെ ചുമതല എത്രത്തോളം നിർവഹിക്കുന്നുണ്ടെന്നു തെളിയിക്കുന്നുണ്ട്. ഈ ദുഷിച്ച ഏർപ്പാടുകളെ ഇവിടെനിന്നും ഉന്മൂലനം ചെയ്യേണ്ടത് ഏററവും അത്യാവശ്യമാണെന്നു ഞാൻ ബഹുമാനപ്പെട്ട മന്ത്രിമാരെ ഉൽബോധിപ്പിച്ചുകൊള്ളുന്നു. വേറൊരു കാര്യം എനിക്ക് പറയുവാനുള്ളത് ഈയിടെ ഉണ്ടായ അരിയുടെ വിലവർദ്ധനവിനെപ്പററിയാണ്. ഉള്ള റേഷൻകൂടി വാങ്ങിക്കാൻ ചക്രമില്ലാതെ വിഷമിക്കുന്ന സാധുജനങ്ങൾ അരിവിലകൂടി വർദ്ധിച്ചപ്പോൾ അനുഭവിക്കുന്ന വിഷമങ്ങൾ എത്രയാണെന്നു പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. പക്ഷേ വിലകൂട്ടിയതിന് മതിയായ കാരണങ്ങൾ ഗവണ്മെന്റിന് ഉണ്ടായിരിക്കാം. എന്നിരുന്നാലും സാധുജനങ്ങളുടെ നിത്യജീവിതത്തെ സ്പർശിക്കുന്ന ഒരു പ്രശ്നമായതുകൊണ്ട് അവരുടെ ഇടയിൽ അസംതൃപ്തിക്കും അസമാധാനത്തിനും ഇടയായിട്ടുണ്ട് എന്നുള്ള വസ്തുത ബഹുമാനപ്പെട്ട മന്ത്രിമാരുടെ ശ്രദ്ധയിൽ കൊണ്ടുവന്നുകൊള്ളുന്നു. അടുത്ത ഭാവിയിൽതന്നെ എന്തെങ്കിലും പരിഹാരമാർഗ്ഗം ഇതിനുണ്ടാക്കണമെന്നും ഞാൻ ഗവണ്മെന്റിനെ ഉൽബോധിപ്പിക്കുന്നു. ഫുഡ് ഡിപ്പാർട്ടുമെന്റിനെപ്പററി ഇപ്പോൾ ഞാൻ ഒന്നും പറയാൻ ഉദ്ദേശിക്കുന്നില്ല. എന്നിരുന്നാലും ജനപ്രതിനിധി എന്ന നിലയിൽ എനിക്കു പറയുവാനുള്ളത് സാധുക്കൾക്കെങ്കിലും അതായത് ദാരിദ്ര്യം അനുഭവിച്ചുകൊണ്ടിരിക്കുന്ന സാധുക്കൾക്കെങ്കിലും അരിയുടെ വില കുറച്ചുകൊടുക്കാൻ സാധിക്കുമെങ്കിൽ അത് ഗവണ്മെന്റ് അവരോട് ചെയ്യുന്ന ധർമ്മം മാത്രമായിരിക്കുമെന്നാണ്. ഇതിൽ ഗവണ്മെന്റ് പ്രത്യേകം ശ്രദ്ധിക്കുമെന്നു വിശ്വസിച്ചുകൊണ്ട് പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

MR. V. O. MARKOSE (*Kottayam II – General*): സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അവർകൾ ഈ സഭയുടെ അംഗീകാരത്തിനു സമർപ്പിച്ചിട്ടുള്ള ബഡ്ജറ്റിന്റെ രൂപീകരണത്തിൽ ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുന്നു. അങ്ങിനെ ഞാൻ അഭിനന്ദിക്കുന്നതു് ഈ ബഡ്ജററു ഒരു സർപ്ലസ് ബഡ്ജററായതുകൊണ്ടല്ല. എന്താണെന്നുവെച്ചാൽ എന്റെ മാന്യസ്നേഹിതൻ മി. ടി. കെ. നാരായണപിള്ള പറഞ്ഞതുപോലെ ബഡ്ജററിന്റെ നന്മയെയോ തിന്മയെയോ അളക്കുന്നതിനുള്ള മാനദണ്ഡം, അതു് ഒരു ഡെഫിസററു് ബഡ്ജററാണോ അല്ലെങ്കിൽ ഒരു സർപ്ലസ് ബഡ്ജററാണോ എന്നുള്ളതല്ല. ഇന്നത്തെ പരിതസ്ഥിതികൾക്കനുയോജ്യമായി വിപ്ലവാത്മകമായ ഒരു ബഡ്ജററാണു അതെന്നോ നാട്ടുകാരോടു നാം ചെയ്തിട്ടുള്ള വാഗ്ദത്തങ്ങൾക്കനുരൂപമായി പുരോഗമനപരമായ ഒരു ബഡ്ജററാണു അതെന്നോ ഞാൻ വിചാരിക്കുന്നതുകൊണ്ടുമല്ല ഞാൻ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയെ അഭിനന്ദിക്കുന്നതു്. പ്രത്യുത കഴിഞ്ഞ പത്തു പതിനഞ്ചു കൊല്ലങ്ങളായി സംശയാതീതമല്ലാത്ത സമ്പ്രദായത്തിൽ ഈ രാജ്യത്തു നടന്നുവന്ന സ്വേച്ഛാഭരണത്തിനുശേഷം അതിൽനിന്നുളവായിട്ടുള്ള അമിതവ്യയങ്ങൾക്കും, Budget manipulations -നും, താറുമാറുകൾക്കും ശേഷം, സ്ഥിതിഗതികൾ ശരിയായി പഠിക്കുന്നതിനോ, പരിഷ്കരിക്കുന്നതിനോ, പുതിയരൂപം ആലോചിച്ചുണ്ടാക്കുന്നതിനോ വേണ്ട സമയവും സൗകര്യവും ലഭിക്കുന്നതിനു മുമ്പായിതന്നെ, ഇന്നത്തെ രാഷ്ട്രീയസാമ്പത്തികപരിതസ്ഥിതിയിലും [illegible] കഴിഞ്ഞ രാജ്യത്തെ ക്ലേശസ്ഥിതിയിലും ഇതുപോലെയുള്ള ഒരുബഡ്ജറ്റെങ്കിലും രൂപീകരിക്കുന്നതിനു ബഹുമാനപ്പെട്ട ധനകാര്യമന്ത്രിക്കു സാധിച്ചതിലാണു് ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുന്നതു്. ഈ പ്രത്യേക പരിതഃസ്ഥിതികളിൽനിന്നുവിട്ടു, ആലോചിക്കുന്നപക്ഷം ഇപ്പോൾ പരിചിന്തനത്തിലിരിക്കുന്ന ബഡ്ജററിന്റെ ന്യൂനതകളെപ്പററിയോ, പ്രയോജനപ്രദമായി അതിൽ വരുത്തുമായിരുന്ന വ്യത്യാസങ്ങളെപ്പററിയോ ഈ അവസരത്തിൽ ചർച്ചചെയ്യണമെന്നു ഞാൻ വിചാരിക്കുന്നില്ല.

അതുപോലെതന്നെ എന്റെ ബഹുമാന്യസ്നേഹിതൻ മി. ജോസഫ് മാളിയേക്കൽ വിശദമായി ഇവിടെ വിവരിച്ചു കാണിച്ച വിധത്തിൽ ഭീമമായ കുറവുകൾ വന്നിട്ടുള്ള നമ്മുടെ സ്ഥിരമായ ആസ്തികളുടെ തിരോധാനത്തെ സംബന്ധിച്ചോ, അതിനുള്ള കാരണങ്ങളെ സംബന്ധിച്ചോ, ഗവണ്മെൻറിൽനിന്നും കൊടുത്തിരിക്കുന്ന കടങ്ങളുടെ പലിശവകയിൽ ഇതിനുമുമ്പു് ഉള്ള ബഡ്ജററും ഇപ്പോഴത്തെ ബഡ്ജററും

[Mr. V. O. Markose]

തമ്മിൽ താരതമ്യപ്പെടുത്തി നോക്കുമ്പോൾ കാണുന്ന വ്യത്യാസങ്ങളുടെ കാരണങ്ങളെ സംബന്ധിച്ചോ, നാൺവോട്ടബിൾ ഐറ്റങ്ങളിൽ കാണുന്ന പരിഭ്രമജനകമായ ചില ചെലവുകളെ സംബന്ധിച്ചോ, ഈ അവസരത്തിൽ വിമർശിച്ചതുകൊണ്ടും പ്രയോജനമുണ്ടെന്ന് എനിക്കു തോന്നുന്നില്ല. മറ്റൊരവസരത്തിൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രി തന്നെ പറഞ്ഞിട്ടുള്ളതുപോലെ നാം ഇപ്പോൾ ഇവയുടെ ചരിത്രത്തിലേക്കു പ്രവേശിക്കുന്നതുകൊണ്ട് സ്ഥായിയായ പ്രയോജനം ഉണ്ടാകുകയില്ലായിരിക്കാം. എന്നാൽ ഒരു ജനകീയഭരണം ഏർപ്പെടുത്തിയിരിക്കുന്ന ഈ ഘട്ടത്തിൽ നമ്മുടെ ഭരണമേധാവികളായ ബഹുമാനപ്പെട്ട മന്ത്രിമാരോടു ഇതു സംബന്ധിച്ച് എനിക്കു പറയുവാനുള്ളത് അവർ ഇതിനുമുമ്പ് ജനങ്ങളോടു പല ഉത്ത വാഗ്ദാനം ചെയ്തിട്ടുള്ളതുപോലെ ഈ വക കാര്യങ്ങളെപ്പറ്റി അവർതന്നെ ശരിയായി അന്വേഷണം നടത്തണമെന്നാണ്. ഇതിന്റെ കാരണങ്ങൾ കണ്ടുപിടിക്കുകയും ഇതിന്റെ കാരണക്കാരെ സംബന്ധിച്ച് എന്തെങ്കിലും ചെയ്യാമെങ്കിൽ അതു ചെയ്യുകയും അങ്ങനെ ജനങ്ങളുടെ ഉൽക്കണ്ഠയെ ശമിപ്പിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. അതോടൊപ്പംതന്നെ ഈ രാജ്യത്തെ ശാശ്വതമായ താല്പര്യങ്ങൾക്ക് വിഘാതം വരാത്ത വിധത്തിൽ ഇതു സംബന്ധിച്ചുള്ള വിവരം എത്രത്തോളം പൊതുജനങ്ങളെ മനസ്സിലാക്കുവാൻ സാധിക്കുമോ അത്രത്തോളം മനസ്സിലാക്കിക്കൊടുക്കുന്നതും നല്ലതാണ്. സർ സി. പി. രാമസ്വാമിഅയ്യരുടെ കാലത്തുപോലും അദ്ദേഹം പലപ്പോഴും ജനപ്രതിനിധികളോട് I am taking you into my confidence എന്നു പറഞ്ഞു ചിലതു പറയുന്നതു കേട്ടിട്ടുണ്ട്. തീർച്ചയായിട്ടും അതിൽകവിഞ്ഞ നിലയിൽ നമ്മുടെ മന്ത്രിമാർക്ക് ഈ രാജ്യത്തിന്റെ ഉത്തമതാല്പര്യങ്ങൾക്ക് ഹാനിവരാത്ത വിധത്തിൽ, ഇങ്ങനെയുള്ള കാര്യങ്ങളെ സംബന്ധിച്ചിടത്തോളം, ആവശ്യമുള്ളിടത്തോളം മാത്രം വിവരങ്ങളെങ്കിലും, ജനങ്ങളെ മനസ്സിലാക്കുവാൻ സാധിക്കുമെന്നാണ് ഞാൻ വിചാരിക്കുന്നത്. ഒരുപക്ഷെ അതു ജനങ്ങളും ഗവണ്മെന്റും തമ്മിലുള്ള സമ്പർക്കത്തെ ശരിയായി പുലർത്തിക്കൊണ്ടുപോകുന്നതിനും, ജനങ്ങൾക്കു ഗവണ്മെന്റിനോടുള്ള വിശ്വാസത്തെ വർദ്ധിപ്പിക്കുന്നതിനും സഹായകമായിരിക്കും എന്നു ഞാൻ വിശ്വസിക്കുന്നു.

അങ്ങനെ പൂർവ്വചരിത്രങ്ങളിലേക്ക് കടക്കാതെ, ഇപ്പോൾ അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ്റിലുൾപ്പെടുത്തിയിട്ടുള്ള ചില പ്രധാന ഇനങ്ങളേയും തുകകളേയും സംബന്ധിച്ചുമാത്രം, രാജ്യത്തിന്റെ ശാശ്വതതാല്പര്യങ്ങളെ മുൻനിറുത്തി ചില കാര്യങ്ങൾ പറയാമെന്ന് ഞാൻ

വിചാരിക്കുന്നു. ഒന്നാമത്തെ പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളെപ്പററിയാണ്. ഇവിടുത്തെ പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളിൽ പ്രധാനമായവ മുനിസിപ്പാലിററികളും വില്ലേജുയൂണിയനുകളും ആണ്. ബഡ്ജററിൽ വില്ലേജ അപ്പ്ലിഫ്ററിന് ഒരു നല്ല സംഖ്യ മാററിവച്ചുകൊണ്ട് ഈ രംഗത്തിൽ അതു സംബന്ധിച്ചുള്ള പ്രവർത്തനം ഊർജ്ജിതമായി നടത്തുവാൻ ഗവർമ്മെൻറ് വിചാരിച്ചിരിക്കുന്നതായി തോന്നുന്നു. വില്ലേജ് അപ്പ്ലിഫ്ററ പ്രവർത്തനങ്ങൾ മേലാൽ വില്ലേജുയൂണിയൻ മുഖേന നടത്തണമെന്ന് വിചാരിക്കുന്നതായി അറിയുന്നു. അതാണ് ഗവർമ്മെൻറിൻെറ ഉദ്ദേശമെങ്കിൽ ഇപ്പോൾ അതിലേക്ക് നീക്കിവച്ചിട്ടുള്ള തുക മതിയാകുമെന്നു തോന്നുന്നില്ല. കൂടുതൽ തുക ഇതിനുവേണ്ടി അനുവദിക്കേണ്ടതാണ്.

ഈ രാജ്യത്തു നടപ്പാക്കുന്നതിനു നാം വിഭാവനം ചെയ്തിരിക്കുന്ന ഭരണസമ്പ്രദായത്തിന് പ്രാദേശിക സ്വയംഭരണത്തെ ഇപ്പോൾതന്നെ ഏററവും വിപുലപ്പെടുത്തേണ്ടതും വിജയപ്രദമാക്കേണ്ടതും അത്യാവശ്യമാണ്. പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങൾ അതാതു സ്ഥലത്തെ ജനങ്ങൾതന്നെ ചുമതലയെടുത്തു നടത്തത്തക്കവണ്ണം വേണ്ട പരിതഃസ്ഥിതി സൃഷ്ടിച്ചുകൊടുക്കുന്നതു നാം വിഭാവനം ചെയ്യുന്ന ഭാവിയിലെ ഭരണസമ്പ്രദായത്തിനും പ്രയോജനകരമായിരിക്കും. ജനകീയഭരണത്തിൻെറ കെട്ടുപാടുറപ്പിക്കാനും അതു മഹാത്മാഗാന്ധി ആഗ്രഹിച്ചവിധത്തിൽ രൂപപ്പെടുത്തി എടുക്കുവാനും വേണ്ടിയുള്ള സംരംഭത്തിൽ ആദ്യത്തെ ചവിട്ടുപടിയായി ഈ പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളെ ഗവർമ്മെൻറും ജനങ്ങളും ഉപയോഗപ്പെടുത്തുവാനുള്ള സൌകര്യം എല്ലാവിധത്തിലും ഉണ്ടാക്കിക്കൊടുക്കേണ്ടതാകുന്നു. അതുകൊണ്ട് ഗവർമ്മെൻറിൽനിന്നും എല്ലാവിധ സഹായങ്ങളും സഹകരണങ്ങളും ഈ പ്രാദേശികസ്വയംഭരണസ്ഥാപനങ്ങൾക്ക് ചെയ്തുകൊടുക്കേണ്ടതു് അത്യാവശ്യമാണ്.

ഇതിന് മുൻപ് നിലവിലിരുന്ന ഗവർമ്മെൻറിൻെറ നയം എന്തായിരുന്നു എന്നു വെച്ചാൽ പ്രാദേശികസ്വയംഭരണസ്ഥാപനങ്ങളേർപ്പെടുത്തി അതിൻെറ ഭരണം മുഴുവൻതന്നെയും ഗവർമ്മെൻറു നടത്തുക എന്നുള്ളതായിരുന്നു. ആ നയം മാററി പ്രാദേശികസ്വയംഭരണസ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരങ്ങൾ കൊടുക്കേണ്ടതാണ്. ആ സ്ഥാപനങ്ങളിൽ ജോലിനോക്കുന്ന ഉദ്യോഗസ്ഥന്മാരുടെ നിയമനങ്ങളെ സംബന്ധിച്ചിടത്തോളം ഗവർമ്മെൻറിന് മേൽനോട്ടം വഹിക്കാ

[Mr. V. O. Mrrkose]

വുന്നതാണെങ്കിലും അവയെ നിയമിക്കുന്നതിനും നിയന്ത്രിക്കുന്നതിനുള്ള അധികാരം അതാതു സ്ഥാപനങ്ങൾക്കുതന്നെ വിട്ടുകൊടുക്കേണ്ടതാകുന്നു. ഈ പ്രാദേശികസ്ഥാപനങ്ങൾ നല്ല നിലയിൽ നടത്തിക്കൊണ്ടുപോയാൽ ഇപ്പോൾ ഗവൎമ്മെന്റു നടത്തിക്കൊണ്ടുപോകുന്നതും മേലിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ പല കാൎയ്യങ്ങളും ഈ സ്ഥാപനങ്ങൾക്കുതന്നെ ചെയ്യുവാൻ സാധിക്കും. അതിൽ ഏറ്റവും പ്രാധാന്യം അൎഹിക്കുന്ന ഒന്നു് അതാതു സ്ഥലത്തെ ഗതാഗതസൗകൎയ്യങ്ങൾ സംബന്ധിച്ചാണു്. ഈ കാൎയ്യത്തിൽ മുനിസിപ്പാലിറ്റിയെ സംബന്ധിച്ചാണെങ്കിലും ഡിസ്ട്രിക്ട് യൂണിയനെ സംബന്ധിച്ചാണെങ്കിലും വേണ്ടിടത്തോളം പരിജ്ഞാനവും പരിശീലനവും സിദ്ധിച്ചവരും സത്യസന്ധതയുള്ളവരുമായ ഉദ്യോഗസ്ഥന്മാരുടെ അഭാവമാണു ഒരു പ്രധാന ന്യൂനതയായി കാണുന്നതു്. പ്രാപ്തിയുള്ള എൻജിനീയരന്മാരെ ഗവൎമ്മെന്റിൽനിന്നും നിയമിച്ചു് അതാതു സ്ഥാപനങ്ങളുടെ ഭരണത്തിൻകീഴിൽ വിട്ടുകൊടുക്കേണ്ടതു് അത്യാവശ്യമാണു്. മറ്റൊന്നു് ശുദ്ധജലവിതരണമാണു്. അതാതു സ്ഥലത്തുള്ള ആളുകൾക്കു് നല്ല വെള്ളം കുടിക്കുന്നതിനുള്ള ഏൎപ്പാടുകൾ ഗവൎമ്മെന്റിൽനിന്നും പണം ചെലവു ചെയ്തും പണം കടം കൊടുത്തും നടപ്പിൽ വരുത്തുന്നുണ്ടു്. എന്നാൽ അതു് ഗവൎമ്മെന്റു് സാൎവത്രികമായി നടപ്പിലാക്കേണ്ട ഒരു നയമായി അംഗീകരിച്ചിട്ടുള്ളതായി തോന്നുന്നില്ല. ചില കാലങ്ങളിൽ കുടിക്കുന്നതിനു് വെള്ളം അശേഷംപോലുമില്ലാത്ത കോട്ടയം പോലെയുള്ള ചില പട്ടണങ്ങളിൽ ഇനിയും ആ വക ജോലികൾ ചെയ്യേണ്ടതായിട്ടുണ്ടു്. ഗവൎമ്മെന്റിന്റെ അടിയന്തിരമായ ശ്രദ്ധ ഈ വിഷയത്തിൽ പതിഞ്ഞുകാണുവാൻ ആഗ്രഹിക്കുന്നു.

മറ്റൊരുകാൎയ്യം ആദായനികുതിയെ സംബന്ധിച്ചാണു്. തിരുവിതാംകൂറിൽ ൧൧൨൨ മുതൽക്കാണു് ഇപ്പോൾ നിലവിലിരിക്കുന്ന ആദായനികുതി നിയമം നടപ്പിൽ വരുത്തിയതു്. ആ നിയമത്തിന്റെ പരിധിയിൽ സാധാരണ വ്യവസായങ്ങളിൽനിന്നോ തൊഴിലുകളിൽനിന്നോ ഉള്ള ആദായത്തിനു് പുറമേ കാൎഷികാദായവും കൂടി ഉൾപ്പെടുത്തിയിട്ടുണ്ടു്. സാധാരണ ആദായനികുതി എന്നു പറഞ്ഞുവരുന്ന നികുതി മുഴുവൻതന്നെ ഇൻഡ്യൻ യൂണിയനിൽചേൎന്ന രാജ്യങ്ങളെ സംബന്ധിച്ചിടത്തോളം സെൻട്രൽ ഗവൎമ്മെന്റിന്റെ ഒരു റവന്യൂ ആയിട്ടു് വിട്ടുപോകാവുന്നതാണു്. എന്നാൽ കാൎഷികാദായത്തിന്മേലുള്ള നികുതി അതതു ഘടകരാജ്യങ്ങൾക്കുതന്നെ ഇരിക്കുന്നതാണു്. അങ്ങനെ

വിട്ടുപോകുന്നതുകൊണ്ട് ഇന്നു നടപ്പിലിരിക്കുന്ന ആദായനികുതിനിയമം ഭേദഗതിചെയ്തു വ്യവസായങ്ങളിൽനിന്നും മററു തൊഴിലുകളിൽനിന്നുമുള്ള ആദായത്തിന്മേലുള്ള നികുതിയും കാർഷികാദായനികുതിയും മുമ്പിരുന്നതുപോലെ രണ്ടായി വിഭാഗിച്ച് ഈടാക്കപ്പെടാൻ നിയമം വ്യവസ്ഥ ഉണ്ടാക്കേണ്ടതാണ്. ഇപ്പോൾ ഗവണ്മെൻറിന് കിട്ടിവരുന്ന ആദായ നികുതി കുറക്കണമെന്നോ അല്ലെങ്കിൽ നികുതി വഹിക്കത്തക്ക ആദായമുള്ളവരെ ഏതെങ്കിലും വിധത്തിൽ ഒഴിവാക്കണമെന്നോ അല്ല ഞാൻ പറഞ്ഞതിൻെറ ഉദ്ദേശം. എന്നാൽ തത്വപരമായും നിയമപ്രകാരവും നോക്കുമ്പോൾ ഈടാക്കാൻ പാടില്ലാത്തതുമായ ചില നികുതി ബാദ്ധ്യതകൾ കാർഷികാദായനികുതി സംബന്ധിച്ചുള്ള വകുപ്പുകളിൽ ഉൾപ്പെടുത്തി ഈടാക്കിവരുന്നുണ്ട്. ഒരുദാഹരണം പറയാം. ഇപ്പോൾ നിലവിലിരിക്കുന്ന നിയമത്തിൽ ഭൂമി തുണ്ടുതുണ്ടായി വിഭജിച്ചുപോകാതിരിക്കാൻ വേണ്ടി ചില പ്രോത്സാഹനങ്ങൾക്കു വ്യവസ്ഥകൾ ചെയ്തിട്ടുണ്ട്. എന്നാൽ വസ്തുക്കൾ കൂട്ടമായി അനുഭവിക്കുന്ന ആളുകളുടെമേൽ നികുതി ചുമത്തുന്നതു സംബന്ധിച്ച ഈ ഉദ്ദേശത്തിനു വിപരീതമായും, സാധാരണ നിയമത്തിനും നീതിക്കും വിരുദ്ധമായും, ഇപ്പോൾ നിലവിലിരിക്കുന്ന നിയമത്തിൻെറ മറവിൽ, കരം ചുമത്തൽ നടത്തുന്നുണ്ട്. ബ്രിട്ടിഷ് ഇൻഡ്യയിൽ ഇപ്പോൾ നടപ്പിലിരിക്കുന്ന ആദായനികുതി നിയമം കാർഷികാദായത്തെ സംബന്ധിക്കുന്നതല്ല. എങ്കിലും ആദായനികുതിനിയമ വ്യവസ്ഥയിൽതന്നെ കൂട്ടുടമയിലിരിക്കുന്ന കെട്ടിടങ്ങളുടെ ആദായത്തെപ്പററി പ്രത്യേകം വ്യവസ്ഥയുണ്ട്. കെട്ടിടങ്ങളുടെ കൂട്ടുടമസ്ഥരെ ഒന്നായി, ഒരു വ്യക്തിയെപ്പോലെ, കരം ചുമത്താതെ ഓരോ ഉടമസ്ഥനേയും അയാളുടെ വീതത്തിനുള്ള ആദായത്തിനുമാത്രം പ്രത്യേകം നികുതി ചുമത്തണമെന്നാണ് ആ വ്യവസ്ഥ. ഇവിടത്തെ നിയമത്തിലും കെട്ടിടങ്ങളെ സംബന്ധിച്ച അതേ വ്യവസ്ഥയുണ്ട്. എന്നാൽ കൂട്ടുടമയിലുള്ള ഭൂമിയുടെ ആദായത്തെ സംബന്ധിച്ചു മുൻ കാർഷികാദായനിയമത്തിൽ ഉണ്ടായിരുന്ന ഇതുപോലെയുള്ള വ്യവസ്ഥ എടുത്തുകളഞ്ഞിരിക്കയാണ്. അതു അനർഹമായ നികുതിഭാരത്തിനും കഷ്ടനഷ്ടങ്ങൾക്കും ഇടയാക്കുന്നു. ഈ സംഗതിയിൽ നമ്പൂരി കുടുംബങ്ങളെ സംബന്ധിച്ചു പിന്നീടു ചില ആനുകൂല്യവ്യവസ്ഥകളും ഉണ്ടാക്കിയിട്ടുണ്ട്. എല്ലാ കൂട്ടുടമസ്ഥർക്കും പ്രയോജനപ്പെടത്തക്കവണ്ണം നിയമത്തിൽ വ്യവസ്ഥ ചെയ്യണം. മുൻ കാർഷികാദായനിയമത്തിൽ ഉണ്ടായിരുന്ന വ്യവസ്ഥ വീണ്ടും ഉൾപ്പെടുത്തിയാൽ പര്യാപ്തമാകുന്നതാണ്. അല്ലെങ്കിൽ പല കൃഷി കൂട്ടുകുടുംബങ്ങളും കൂട്ടുടമ

[Mr. V. O. Markos]

സ്ഥലം നശിക്കുന്നതിനും ഭൂമി തുണ്ടുതുണ്ടായിപ്പോകുന്നതിനും വലിയ തോതിലുള്ള കൃഷിതന്നെ നശിക്കുന്നതിനും ഇടയാകുന്നതാണ്.

മറെറാരു സംഗതി മെഡിക്കൽ കാളേജിനെപ്പററിയാണ്. ബഡ്ജററിൽ പുതിയതായി ഒരു മെഡിക്കൽ കാളേജ് ഉണ്ടാക്കുന്നതിനുള്ള പ്രാരംഭ ചെലവുകൾക്കായി പത്തുലക്ഷം രൂപാ മാററിവച്ചിട്ടുള്ളതായി കാണുന്നതു് വളരെ സന്തോഷാവഹമായ ഒരു സംഗതിയാണ്. എന്നാൽ പത്തുലക്ഷം രൂപായുടെ ചെലവിനെ സംബന്ധിച്ച് ആലോചിക്കുമ്പോൾ, ഒരു പഴഞ്ചൊല്ല് ഉള്ളതുപോലെ, കുതിരയുടെ മുമ്പിൽ വണ്ടികെട്ടുന്ന സമ്പ്രദായം ഉണ്ടാകാതിരിക്കാൻ പ്രത്യേകം സൂക്ഷിക്കണമെന്നുകൂടി പറയാതെ നിവൃത്തിയില്ല. ഒരു മെഡിക്കൽ കാളേജുണ്ടാക്കുന്നതിന് മുൻപ് ഏററവും അത്യന്താപേക്ഷിതമായിട്ടുള്ളതു് മെഡിക്കൽ കാളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വേണ്ട പ്രായോഗിക പരിശീലനം കൊടുക്കുന്നതിനു പര്യാപ്തമായ ഒരു ഒന്നാംതരം ആശുപത്രി ഉണ്ടാകണമെന്നുള്ളതാണ്. ഇന്ന് തിരുവനന്തപുരത്തുള്ള ജനറലാശുപത്രി അതിന് മതിയാകുകയില്ലെന്നുള്ളതു് ഏവക്കും അറിയാവുന്നതും, വിദഗ്ദ്ധന്മാർ ഇതിനുമുൻപു അഭിപ്രായപ്പെട്ടിട്ടുള്ളതുമാണ്. ഒരു നാലഞ്ചുകൊല്ലങ്ങൾക്ക് ഇൻഡ്യൻ മെഡിക്കൽ വകുപ്പിന്റെ മേധാവിയായ സർ ഗോഡ്ഫ്റെ ജാളി ഇവിടത്തെ ജനറലാശുപത്രി കണ്ടതിന്റെ ഫലമായി ഞാൻ മുൻപു പറഞ്ഞരൂപത്തിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. അതിനുശേഷം ൧൯൪൩-ൽ ഇൻഡ്യയിലെ ഹെൽത്തും ആശുപത്രികളും സംബന്ധിച്ച അന്വേഷണം നടത്തി റിപ്പോർട്ടുചെയ്യുവാൻ ഒരു കമ്മിററിയെ നിയമിച്ചിരുന്നു. ആ കമ്മിററിയുടെ പ്രസിഡന്റ് സർ. ജോസഫ് ബോർ ആയിരുന്നു. പ്രശസ്തരായ അനവധി ഡാക്ടറന്മാർ അംഗങ്ങളായി ചേർന്നിരുന്ന ഒരു കമ്മിററിയായിരുന്നു അതു്. ആ കമ്മിററി ഇൻഡ്യയൊട്ടുക്കു വളരെ വിപുലമായ അന്വേഷണങ്ങൾ നടത്തിയതിനുശേഷം ഇൻഡ്യാഗവമെന്റിലേക്ക് ഒരു റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ട്. ആ റിപ്പോർട്ടിലെ അഭിപ്രായഗതി നോക്കിയാലും ഒരു മെഡിക്കൽ കാളേജിന്റെ ആവശ്യത്തിന് ഇവിടത്തെ ആശുപത്രി അശേഷം മതിയാകുകയില്ലെന്ന് കാണാവുന്നതാണ്. അതിലേക്ക്, ജോസഫ് ബോറിന്റെ റിപ്പോർട്ടിൽ പറയുന്നപ്രകാരം ഏകദേശം ൧൦൦൦ ഏക്കർ സ്ഥലം പ്രത്യേകമായി എടുത്ത് അവിടെ ഒരു കാളേജും അതോടനുബന്ധിച്ച് എല്ലാ ശാഖകളേയും ഉൾക്കൊള്ളുന്ന ഒരാശുപത്രിയും ഉണ്ടാക്കേണ്ടതാണെന്നും അതൊരു പ്രത്യേക സ്ഥാപനമായും മറെറാരുസ്ഥലത്തും ഉണ്ടാക്കുന്നതാണു നന്ന്.

സമയം ഇല്ലാത്തതുകൊണ്ട് ഞാൻ ഇതേപ്പററി ഇതിൽ കൂടുതൽ ഒന്നും പറയാൻ ഉദ്ദേശിക്കുന്നില്ല. ഈ കാളേജിന്റെ ആവശ്യത്തിന് കൂടുതൽ പണം ചെലവാക്കാൻ തയാറാകുന്നതിന് മുൻപ് ഞാൻ മുൻപറഞ്ഞ കാര്യങ്ങളെപ്പററി അവഗാഢമായി പഠിക്കേണ്ടതും ചിന്തിക്കേണ്ടതുമാണ്.

ബഡ്ജററിൽ വിദ്യാഭ്യാസപരമായും മററു രാജ്യക്ഷേമകരമായുമുള്ള പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനങ്ങൾ നൽകുന്നതിന് മുഴുവൻ പര്യാപ്തമായിടത്തോളമല്ലെങ്കിലും തല്ക്കാലം കഴിവുള്ള തുകകൾ കൊള്ളിച്ചിരിക്കുന്നതു അനുമോദനാർഹംതന്നെ. ഇപ്പോൾ മാററിവച്ചിട്ടുള്ള തുകകളും ഇനി മാററിവയ്ക്കാൻ സാധിക്കുന്ന തുകകളും ബുദ്ധിപൂർവമായി വിനിയോഗിച്ച് ഏററവും വിജയപ്രദമായ വിധത്തിൽ രാജ്യത്തിന്റെ സ്ഥായിയായ താല്പര്യങ്ങളെ പരിരക്ഷിക്കുവാൻ പര്യാപ്തമാകത്തക്കവണ്ണം ഗവമെൻറും ജനങ്ങളും പരസ്പരം സഹകരിച്ച് പ്രവർത്തനം നടത്തി, രാജ്യത്തിന് കൂടുതൽ ക്ഷേമവും ഐശ്വര്യവും സംപ്രാപ്തമാകട്ടെ എന്നുള്ള ആശംസയോടുകൂടി ഞാൻ അവസാനിപ്പിക്കുന്നു.

MR. R. K. RAM (*Agasteeswaram General*): Sir, இப்பொழுது பதவி ஏற்றிருக்கின்ற நிதிமந்திரி, பழைய பட்ஜெற்று முறையை காப்பி அடித்திருப்பதற்கு எடுத்திருக்கின்ற முயற்சி பாராட்டிற்குரியதே. பட்ஜெற்று என்பது அரசாங்கத்தின் வரவை எடுத்துக் காட்டி, அதற்கியைந்தபடி செலவையும் சரிக்கட்டி (surplus) சர்ப்பிளஸ் பட்ஜெற்று என்று எடுத்துக்காட்டுவதல்ல. நாட்டில் வாழும் மக்களின் வாழ்க்கைத் தரத்தை உயர்த்தும்பொருட்டும், உற்பத்தி முதலியவைகளைப் பெருக்கி நாட்டை வளமடையச் செய்யும்பொருட்டும், தயாரிக்கின்ற வரவுசெலவுக் கணக்குத் திட்டம்தான் பட்ஜெற்று. "Budgets are not merely matters of arithmeticbut in a thousand ways go to the root of the prosperity of individuals, the relation of classes and the strength of the kingdom." என்று சொல்லியிருக்கிறார் Gladston. இந்த பட்ஜெற்றில் மக்களின் வாழ்க்கைக்கு ஆக்கம் தரும் திட்டம் என்னயிருக்கிறது? முதன் முதலாக மக்களுக்கு இன்றியமையாதது உணவு. உணவு பொருள்களைப் பெருக்க முயற்சி செய்யவேண்டியது அரசாங்கத்தின் முதற்கடமை. உணவு பொருள்களைப் பெருக்கவேண்டுமானால் கிருஷிக்கு வேண்டிய எல்லா உதவிகளும் செய்யவேண்டும். இந்த ஆண்டு பட்ஜெற்றைப் பார்த்தால் Kodayar project works என்ற இனத்தில் ஒரு தொகையும் ஒதுக்கப்படவில்லை. பேச்சுப்பாறை அணைக் கட்டில் ஒரு நாளும் பழுதுபார்க்க வேண்டிய நிலையே ஏற்படாது என்பது அரசாங்கத்தின் தோற்றம்போலும். இந்த அணையினால் எத்தனை ஏக்கர்கள் பயிர் ஏறப்படுகின்றன? இதற்கு ஏதாவது உடைவு ஏற்பட்டால் அதனால், நெல் உற்பத்தி எவ்வளவு பாதிக்கப்படும் என்பதைப்பற்றி அரசாங்கம் சற்றுவது சிந்தித்துத் தானா இந்த பட்ஜெற்று தயார் செய்யப்பட்டிருக்கிறது.

பெருஞ்சாணி அணை கட்டுவதற்கு என்று 11,52,650 ரூபாய் ஒதுக்கி வைக்கப்பட்டிருப்பதாகக் காணப்படுகிறது. இந்தத் தொகையினால்

[Mr. R. K. Ram]

இந்தத் திட்டம் நிறைவேறுமா என்பது ஆலோசனைக்குரியது. எத்தனை காலம் கொண்டு இந்தத் திட்டத்தை முடிக்க அரசாங்கம் தீர்மானித்திருக்கிறது? மற்றெல்லாத் திட்டங்களையும்விட இது மிகவும் முக்கியமானது என்பதை அரசாங்கம் உணர்ந்திருக்கிறதா? உணவு உற்பத்தி பெருக்கும் திட்டத்தின் செலவுத் தொகை போன்றவைகளைக் குறைத்துவிட்டு பட்ஜெற்றை சர்ப்பிளஸ் (surplus) என்று காட்டுவதனால் என்ன பயன்? மக்களெல்லோரும், அரசாங்கம் கட்டளையிட்டால் பட்டினி கிடந்துகொண்டு, அந்தப் பணத்தை அரசாங்கத்திற்கு அளிக்கவேண்டுமென்றால் அந்த வகையிலும் கொஞ்சம் தொகை மிச்சம் வைக்கலாம்!

உணவு நிலையைப்பற்றி நிதிமந்திரியவர்கள் தமது பட்ஜெற்றுச் சொற்பொழிவில் "Government had to incur a loss of Rs. 96·28 lakhs till the end of 1122" என்று 1122-ம் ஆண்டைப்பற்றிக் குறிப்பிட்டிருக்கிறார். பின்னர் 1123-ம் வருடத்தைப்பற்றிக் குறிப்பிடுகையில் "The total estimated loss during the year 1123 on account of the subsidisation of the sale of rice is about 200 lakhs," என்று சொல்லியிருக்கிறார். 1123-ம் ஆண்டு முடிவில் இரண்டு கோடி ரூபாய் நஷ்டம் வருமென்று எதிர் பார்க்கப்படுகிறதென்று நிதி மந்திரி சொல்லுகிறார். நேற்று ஒரு கேள்விக்குப் பதில் அளிக்கையில் கனம் மந்திரி கோரா அவர்கள் சொன்னார்கள் "1123-ம் ஆண்டு கணக்கு இதுவரையிலும் ஆடிட் செய்யப்படவில்லை. ஆகையால் நஷ்டம் எவ்வளவென்று சொல்ல முடியாது" என்று. பட்ஜெற்றைப் புரட்டிப் பார்த்தால் establishment charges முதலியவைகளைப்பற்றித் தான் குறிப்பிட்டிருக்கின்றனவே தவிர, இந்தக் கணக்கைப்பற்றி ஓரிடத்திலும் குறிப்பிட்டிருப்பதாகக் காணவில்லை. நாம் எந்த மந்திரி சொல்வதைக் கேட்கவேண்டுமென்பது தெரியவில்லை. இந்தமாதிரி தெளிவாகக் குறிப்பிடாமல் நஷ்டம் என்று சொன்னால் இந்த நஷ்டத்திற்குப் பொறுப்பாளி யார்?

5% debenture loanஐ தீர்க்கும்பொருட்டு 1091-ல் ஒரு Sinking Fund ஏற்படுத்தப்பட்டது. 1118-ல் இந்த debenture loan திரட்சை அடைகிறது. 1119-ல் இந்தக் கடன் ரூ. 55,100 என்று கூறப்பட்டிருக்கிறது. 1120 பட்ஜெட் மெமோராண்டத்தில் "In respect of the 5% loan the balance under the sinking fund already came up to the loan amount and the same was already utilised for the repayment of this loan" என்று கூறப்பட்டிருக்கிறது. இந்த வாக்கியம் (sentence) 1121, 1122, 1123-லும் கூறப்பட்டிருக்கிறது. இந்த ஆண்டு அதாவது 1124 பட்ஜெட் மெமோராண்டத்தில் அந்த வாக்கியம் அப்படியே காப்பியடிக்கப்பட்டிருக்கிறது. இந்த ஆண்டு பட்ஜெட்டில் 5% Debenture loan 1124 முதலில் 22,600 ரூபாயாக எதிர்பார்க்கப்படுகிறது என்றும் குறிப்பிட்டிருக்கிறது. இதை நோக்கும்பொழுது நிதிமந்திரி பார்த்துத்தான் பட்ஜெட் தயாரித்தது அல்லது வேறு யாராவது எழுதி வைத்ததைக் கையொப்பம் போட்டாரா என்ற ஐயப்பாடு உண்டாகின்றது. 1091-ல் ஏற்படுத்தப்பட்ட Sinking Fund எங்கே போயிற்று என்பதைப் பற்றிய கணக்கைக் காணவில்லை. இந்தப் பணத்திற்கு பொறுப்பாளி யார் என்பதைப்பற்றி இந்த சபை தீர்மானிக்கவேண்டும். அனேக ரூபாய்கள் காணப்படாமலிருந்தது இவர்கள் பொறுப்பை ஏற்றபொழுது, அதற்கு இவர்கள் பொறுப்பல்ல. மேலுள்ளவைகளுக்குத் தான் இவர்கள் பொறுப்பாளிகள் என்று, இதுவரையிலும் எத்தனை

ரூபாய்கள், எந்த எந்த வகைகளில் காணப்படவில்லை என்று தெளிவாக எடுத்துக் காட்டவேண்டியது இவர்கள் கடமையல்லவா? அங்ஙனம் காட்டாமல் மறைத்து வைத்திருந்தால் இவர்களும் அதற்கு பொறுப்பாளிகள் தானே என்பதைத் தான் நான் இந்த சபையின் கவனத்திற்குக் கொண்டு வர விரும்புகிறேன்.

Unclaimed deposit என்று 10,00,000 (பத்து லட்சம்) ரூபாய் Revenue-வில் சேர்க்கப்பட்டிருக்கிறது. இந்த ரூபாயை ஒருவருமே அவகாசப்படமாட்டார்கள் என்று கனவு கண்டுகொண்டிருக்க முடியுமா? திடீரென்று இந்த ரூபாயைக் கோரினால் அரசாங்கம் எங்கிருந்து கொடுக்கும்? இப்பொழுது 20,000 ரூபாய் surplus காண்பிக்கப்பட்டிருக்கிறதே அந்த பட்ஜெட்டின் கதி என்னவாகும். 1118 முதல் பார்த்தால் இந்த unclaimed deposit-ன் நிலைமை என்ன என்பது தெரியும். அதைப் பற்றி விரிவாகக் கூற சமயம் இல்லை.

நேற்று கனம் மந்திரி கேசவன் அவர்கள் சொன்னார்கள், பேச்சுப்பாறை அணைக்கட்டின் தொகையின் வட்டிகூட இன்னும் கிடைக்கவில்லை. தொகை முழுமையும் கிடைத்துவிட்டால் புதுவல் தண்ணீர்வரியைக் குறைத்துவிடலாம் என்று. 1906-ல் அது கட்டப்பட்டதென்றும் சுமார் 87 லட்ச ரூபாயும் செலவு ஆயிற்று என்றும் அரசாங்கக் கணக்கில் காணப்படுகிறது. அந்த நாள் முதல் இதுவரையிலுமுள்ள வரியினால் இந்தத் தொகை ஈடாயிருக்குமென்று நம்புகிறோம். இல்லை என்று வைத்துக் கொண்டாலும் அந்த வரியைக் குறைக்கவேண்டியதுதான். வரியை விதித்து பணத்தை சேர்க்கவேண்டுமென்றல்ல ஒரு அரசாங்கம் நினைக்கவேண்டியது. யாரிடத்திலிருந்து வரி வாங்கப்படுகிறதோ அந்த மக்கள் வயிறார உண்டுகளித்திருக்கிறார்களா என்று பார்க்கவேண்டும். உழுது விதைத்து அறுத்துத் தருகின்ற மக்களை மடியவிட்டுவிட்டு அவர்களிடமிருந்து இந்த அநியாய வரியை வாங்குவது நியாயமன்று. வரிப்பளு தாங்க முடியாமல் தத்தளிக்கிறார்கள். ஆகையால் இந்த வரியை உடனேயே ரத்து செய்துவிட்டு இதை ஈடு செய்வதற்கு வேறு முறை கையாள வேண்டும். இதற்கு அனேக வழிகள் உண்டு, இப்பொழுது சமயமில்லாதலால் அதைப்பற்றி சொல்லவில்லை.

ஒரு வார்த்தை—நேற்று எனது நண்பர் கனம் John Philipose அவர்கள் தமிழ்நாடு காங்கிரஸைப்பற்றி குறிப்பிட்டதனால் அதைப்பற்றி ஒரு வார்த்தை சொல்ல நான் கடமைப்பட்டிருக்கிறேன். மலையாளி தமிழன் என்ற வேற்றுமை மனப்பான்மையினாலல்ல நாங்கள் தமிழ் மாகாணத்தோடு சேரவேண்டுமென்று கோருகிறது. மொழி, கலை முதலியவைகள் அடிப்படையில் நியாயமாக எங்கு சேர்க்கப்படவேண்டுமோ அங்கு சேர்த்து ஐக்கிய இந்திய யூனியனோடு ஒன்றாகி இந்திய யூனியனை வலுப்படுத்த வேண்டும் என்ற பரந்த நோக்கத்தோடுதான். சமஸ்தான காங்கிரஸ் அ. இ. காங்கிரஸோடு இணைந்துவிட்டதனால் திருவிதாங்கூர் மாகாணக் காங்கிரஸின்கீழ் திருவிதாங்கூர் தமிழ்நாடு காங்கிரஸ் இருக்கவேண்டுமென்பதல்ல. எங்களுக்குத் தெரியும் இந்த காங்கிரஸின் செயல்முறையை. இதுவரையிலும் நாங்கள் அனுபவித்துவருகிற இன்னல்களும் ஞாபகத்தில் இருக்கிறது.

எங்களது திருவிதாங்கூர் தமிழ்நாடு காங்கிரஸ் காரியக் கமிட்டி தாய்த் தமிழ்நாடு மாகாண காங்கிரஸோடு திருவிதாங்கூர் தமிழ்நாடு இணைக்கப்

[Mr. R. K. Ram]

படவேண்டுமென்றும், அதில் திருவிதாங்கூர் தமிழ்நாடு ஒரு டிஸ்டிரிக்டாக கருதப்படவேண்டுமென்றும் தீர்மானம் நிறைவேற்றியுள்ளது. எங்கள் உரிமையை அடைவதற்கு எந்த இன்னல்கள் நேர்ந்தபோதிலும், ரெத்த ஆற்றுப் பெருக்கிலே பெருக்கியாவது போராடியே தீருவோம் என்பதை இந்த அரசாங்கத்திற்குத் தெரியப்படுத்திக்கொள்கிறேன்.

MR. P. K. KRISHNAN SASTRI: സർ, തിരുവിതാംകൂർ ജനകീയ ഗവൺമെൻറിൻെറ, പ്രധാന മന്ത്രികൂടിയായ ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ബഡ്ജറ്റിനെ സ്വാഗതം ചെയ്യുന്നതിനു എനിക്കു അതിയായ സന്തോഷമുണ്ട്. ഇന്നു ജനങ്ങളോട് പരിപൂർണ്ണമായി ഉത്തരവാദിത്വമുള്ള ഒരു ഗവൺമെൻറാണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. ജനങ്ങളുടെ ക്ഷേമൈശ്വര്യങ്ങൾക്ക് ഉതകുന്ന പല നല്ല കാര്യങ്ങളും ഈ ബഡ്ജറ്റിൽ ഉണ്ടെന്നു കാണാൻ കഴിയുന്നതാണ്. പഴയ ഗവൺമെൻറിനെപ്പോലെയുള്ള ഒരു ഗവൺമെൻറിന് ൫൦ കൊല്ലം കഴിഞ്ഞാലും ചെയ്യുവാൻ സാധിക്കാത്ത ഒരു സംഗതി, അതായതു് മദ്യവർജ്ജനം ൯൦ ലക്ഷം രൂപാ നഷ്ടം സഹിച്ചും ഗവൺമെൻറു നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നു. ഈ വസ്തുത തിരുവിതാംകൂർ ജനായത്തഭരണം അഭിമാനകരമായ ഒന്നാണെന്നു പറഞ്ഞാൽ അതിനെ ആരും എതിർക്കുകയില്ലെന്ന് എനിക്കു വിശ്വാസമുണ്ട്. ഞാനും ഞാൻ ഉൾപ്പെടുന്ന സമുദായവും ഗവൺമെൻറിൻെറ ഈ സംരംഭത്തെ സന്തോഷത്തോടുകൂടി സ്വാഗതം ചെയ്യുകയും ഗവൺമെൻറിനു സകലവിധ സഹകരണങ്ങളും വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു. മദ്യവർജ്ജനംകൊണ്ട് ഈ രാജ്യത്തെ ജനങ്ങളുടെ സാമ്പത്തികവും സാമൂഹ്യവും സാന്മാർഗ്ഗികവുമായ പുരോഗതിക്കുതകുന്ന പരിതഃസ്ഥിതികൾ സൃഷ്ടിക്കുന്നതിന് ജനകീയഗവൺമെൻറിന് അനായാസേന സാധിക്കുമെന്നു പറയുവാൻ എനിക്കു അതിയായ സന്തോഷമുണ്ട്. മദ്യവർജ്ജനം എന്നാൽ സാമ്പത്തികക്ഷേമത്തിനു അസ്തിവാരമിടുന്നു എന്നു അതിനുള്ള പൂർണ്ണമായ അർത്ഥത്തിൽതന്നെ ഞാൻ ഇവിടെ പറയുന്നു.

ഓരോ ഗ്രാമത്തിലും ജനകീയഭരണത്തിൻെറ സുമധുരമായ ഫലം എത്തിച്ചുകൊടുക്കുകയാണ് ഇതുകൊണ്ട് ചെയ്യുന്നത്. ഇതിൽ കൈക്കൊണ്ട ധീരമായ നിലയെ ഞാൻ ഒന്നുകൂടി അഭിനന്ദിക്കുന്നു.

സർ, കഴിഞ്ഞ കൊല്ലങ്ങളിലെപ്പോലെ കുഴഞ്ഞുമറിഞ്ഞ കണക്കുകൾകൊണ്ടുള്ള കളികളോ കണക്കുകളുടെ ഒരു നീണ്ട പട്ടികയോ അല്ല ഇന്നത്തെ ബഡ്ജറ്റ് എന്നു കാണാൻ കഴിയും. ഇപ്രകാരം ഉള്ള ഒരു ബഡ്ജറ്റ് ഒരുപക്ഷെ ഒരുമിച്ച ബഡ്ജറ്റ് അല്ലെങ്കിൽ

തന്നെയും സ്വാഗതം ചെയ്യുന്നതിന് ആരും മടിക്കുകയില്ലെന്നാണ് എനിക്കു തോന്നുന്നത്. ധനം കൂടുതൽ മിച്ചം വരുന്നതുകൊണ്ടുമാത്രം ഒരു ബഡ്ജററു നല്ലതാണെന്നു പറഞ്ഞുകൂടാ. പണത്തിന്റെ വിനിയോഗം രാജ്യത്തിന്റെ ഐശ്വര്യാഭിവൃദ്ധിയെ സുഗമമാക്കിത്തീർക്കുന്നുണ്ടോ എന്നാണു നോക്കേണ്ടത്. ഗ്രാമോദ്ധാരണത്തിനുവേണ്ടി ൩൭ ലക്ഷം രൂപാ നീക്കിവച്ചിട്ടുള്ളത് ഏററവും ആശാസ്യമായ ഒന്നാണെന്നു പറയുന്നതിൽ തെററുണ്ടെന്നു തോന്നുന്നില്ല. ഗ്രാമപ്രദേശങ്ങളുടെ, ഗ്രാമീണജനങ്ങളുടെ അഭിവൃദ്ധിയിലാണ് രാജ്യത്തിന്റെ ക്ഷേമൈശ്വര്യങ്ങൾ സ്ഥിതിചെയ്യുന്നത് എന്ന കാര്യം ഒരു പരമാർത്ഥം മാത്രമാണ്. ഈ തുക ഗ്രാമാന്തരങ്ങളിൽ ശരിയായവിധത്തിൽ കൊണ്ടെത്തിക്കുന്നതിലുള്ള ശ്രദ്ധയിലാണ് ഇതിന്റെ വിജയം സ്ഥിതിചെയ്യുന്നത്. മഹാത്മാ ഗാന്ധിയുടെ ആദർശങ്ങളിൽ വിശ്വസിച്ചുകൊണ്ട് ഒരു ഗ്രാമസ്വരാജ് നമ്മുടെ രാജ്യത്തു സ്ഥാപിക്കുന്ന കാര്യത്തിൽ തിരുവിതാംകൂർ ഇന്ന് ഇൻഡ്യയിലെ ഏതൊരു പ്രവിശ്യയുടെയും പിന്നിലല്ലെന്നു നമുക്ക് ന്യായമായി അഭിമാനിക്കാവുന്നതാണ്. സർ, ഈ അവസരത്തിൽ മറെറാന്നു പറയുവാനുള്ളത് തിരുവിതാംകൂറിലെ ജനസംഖ്യയിൽ നാലിൽ ഒരു ഭാഗം വരുന്ന പിന്നോക്കസമുദായങ്ങളുടെ ഉന്നമനത്തിനു വേണ്ടി നീക്കിവച്ചിരിക്കുന്ന തുക വെറും നാലുകാൽ ലക്ഷം രൂപാ മാത്രമാണെന്നുള്ളതാണ്. ഇതിനെ ശ്ലാഘിക്കാതിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഏതൊരു പരിഷ്കൃത ഗവണ്മെന്റിനും മഹാത്മാ ഗാന്ധിയുടെ ഭാഷയിൽ പറയുകയാണെങ്കിൽ പിന്നോക്കസമുദായങ്ങളെ ചവിട്ടിത്താഴ്ത്തിയിട്ടിരുന്നതിന്റെ പാപപരിഹാരാർത്ഥമെങ്കിലും രാജ്യത്തെ ആകെ മുതലെടുപ്പിന്റെ ൨൫ ശതമാനം അവരുടെ ഉന്നമനത്തിനായി നീക്കിവയ്ക്കണമെന്നുള്ളതാണ് എന്റെ അഭിപ്രായം. ഇന്ന് പിന്നോക്കസമുദായങ്ങൾക്കു നീക്കിവച്ചിട്ടുള്ള സംഖ്യയുടെ കണക്കു നോക്കുകയാണെങ്കിൽ ഒരാളിനു ശരാശരി നാലണ മാത്രമാണുള്ളത്. ഈ നാലണകൊണ്ട് ഒരാളിന്റെ ഉന്നമനം ഏതുതരത്തിലാണ് സാധിക്കാൻ പോകുന്നതെന്നു ചിന്തിക്കേണ്ട ആവശ്യമുണ്ട്. സർ, സാമ്പത്തികമായും, സാമുദായികമായും, സാംസ്കാരികമായും ഈ രാജ്യത്തെ ഉയർത്തണമെന്നു ആഗ്രഹിക്കുന്നെങ്കിൽ ഈ പിന്നോക്കസമുദായങ്ങളുടെ ഉന്നമനത്തിനു വേണ്ടി ആത്മാർത്ഥമായി പ്രവർത്തിക്കുകതന്നെ വേണം. ഒരു വണ്ടിയിൽ കെട്ടിയിരിക്കുന്ന കുതിരകളിൽ ഒന്നു വളരെ മുമ്പിലും മറെറാന്നു വളരെ പുറകിലും ആയി നിന്ന് വണ്ടി വലിച്ചുകൊണ്ടുപോകുന്നതു കാണുമ്പോഴുണ്ടാകുന്ന വൈകൃത്യം തിരുവിതാംകൂറിൽ സർവ്വത്ര കാണുന്നുണ്ട്. ഈ നില മാറേറണ്ടതു് ഏററവും അത്യാവശ്യമായ ഒരു കാര്യമാണ്.

[Mr. P. K. Krishnan Sastri]

പിന്നോക്കം നിൽക്കുന്ന എല്ലാ സമുദായങ്ങളും മുന്നോക്കം നിൽക്കുന്ന സമുദായങ്ങളോടൊപ്പം ഉയർന്നുവരുവാൻ വേണ്ട പരിതഃസ്ഥിതികൾ ഉണ്ടാക്കിത്തീർക്കണം. എന്നാൽ മാത്രമേ മഹാത്മാഗാന്ധി വിഭാവനം ചെയ്തിട്ടുള്ള ഗ്രാമസ്വരാജ് ഇവിടെ സ്ഥാപിക്കുവാൻ സാധിക്കുകയുള്ളു. പിന്നോക്കസമുദായങ്ങളുടെ വളർച്ചയെ സഹായിക്കുന്നതിനു ആവശ്യമായ പരിതഃസ്ഥിതികൾ സൃഷ്ടിക്കുന്നതു് ഗവണ്മെന്റിന്റെ ധാർമ്മികമായ കടമ മാത്രമാണെന്നു ഞാൻ വിചാരിക്കുന്നു. അവരുടെ സാമൂഹ്യവും സാമ്പത്തികവുമായ അവശതകളും അവരുടെ അസ്ഥിരമായ കുടിപാർപ്പ്, മാനുഷികമല്ലാത്ത അവരുടെ ജീവിതരീതി, ആഹാരം, ഭവനം, വസ്ത്രം, വൈദ്യസഹായം ഇതൊക്കെത്തന്നെ ഗവണ്മെന്റിന്റെ പ്രത്യേക പരിഗണനയിൽപ്പെടേണ്ടവകളാണ്. വിദ്യാഭ്യാസപരമായും സാംസ്കാരികമായും ഏററവും അധഃപതിച്ചുകിടക്കുന്ന ഈ സമുദായങ്ങളെ ഉയർത്തിക്കൊണ്ടുവരുവാൻ ഈ ഗവണ്മെൻറു ചെയ്തുവരുന്ന സഹായങ്ങളെ മറന്നിട്ടല്ല ഞാൻ ഇതു പറയുന്നതു്. ഇന്നത്തെ ജനകീയഗവണ്മെൻറ് ജനങ്ങളുടെ താല്പര്യങ്ങളെ സംരക്ഷിക്കുവാൻ കൂടുതൽ താല്പര്യം പ്രദർശിപ്പിക്കേണ്ടതാണെന്നുള്ളതുകൊണ്ടുമാത്രമാണ്. പിന്നോക്കസമുദായങ്ങൾക്കുവേണ്ടി ബഡ്ജററ്പ്രസംഗത്തിലെ വിഭ്രമിപ്പിക്കുന്ന പദപ്രയോഗങ്ങളോ നീണ്ട പട്ടികകളോകൊണ്ടു് പിന്നോക്കസമുദായങ്ങൾ സംതൃപ്തരാകാൻ പോകുന്നില്ല. അവർക്കുവേണ്ടി നീക്കിവച്ചിട്ടുള്ള തുകകൾകൊണ്ടു് അവർ തൃപ്തിപ്പെടുവാൻ പോകുന്നു എന്നും ഞാൻ വിശ്വസിക്കുന്നില്ല. പണിമുടക്കുകൾകൊണ്ടും വിപ്ലവങ്ങൾ ഇളക്കിവിട്ടും ഗവണ്മെൻറിനെ തകിടംമറിക്കുവാൻ മുന്നോട്ടുവരാതെ ശാന്തമായിരിക്കുന്ന ഒരു സമുദായമാണെന്നുവച്ച് ഈ സമുദായത്തിന്റെ കാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കാതിരിക്കുന്നതു് ഏററവും പരിതാപകരമാണ്. ഇക്കാര്യത്തിൽ ജനകീയഗവണ്മെൻറിന്റെ സവിശേഷമായ ശ്രദ്ധ പതിയണമെന്ന് ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. അടുത്തതായി എനിക്ക് ഭക്ഷ്യനിലയെ സംബന്ധിച്ചാണ് പറയുവാനുള്ളതു്. ഭക്ഷ്യനിലയെ സംബന്ധിച്ച് കൂടുതൽ ശ്രദ്ധിക്കേണ്ടതു് ഇപ്പോൾ ആവശ്യമാണ്. ഇനിയും ഒരു ലോകമഹായുദ്ധത്തിന്റെ ലക്ഷണങ്ങൾ കാണുന്നുണ്ടെന്ന് നാം ഓർമ്മിക്കണം. ഒരു യുദ്ധമുണ്ടായാൽ നമുക്ക് ഭക്ഷ്യക്ഷാമം ഉണ്ടാകാത്ത ഒരു നിലയുണ്ടാകണം. തിരുവിതാംകൂറിനു കാർഷികമായി സ്വയം പര്യാപ്തമായ ഒരു നില ഉണ്ടാകേണ്ടതു് ഏററവും അത്യാവശ്യമാണ്. കാർഷികമായി ഗ്രാമപ്രദേശങ്ങളെ അഭിവൃദ്ധിപ്പെടുത്തണം. എല്ലാ കൃഷിസൗകര്യങ്ങളും ഗവണ്മെൻറു

ചെയ്തുകൊടുക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഗവൺമെൻറു കൂടുതൽ ശ്രദ്ധ പതിപ്പിക്കുമെന്ന് ഞാൻ കരുതുന്നു. കൃഷിക്കാവശ്യമുള്ള വിത്തും, വളവും കൃഷിയായുധങ്ങളും ഗ്രാമപ്രദേശങ്ങളിൽ സഹകരണാടിസ്ഥാനത്തിൽ സഹകരണസംഘങ്ങൾമുഖേന വിതരണം ചെയ്യുന്നുള്ള വ്യവസ്ഥകൾ ഗവൺമെൻറ് ഉണ്ടാക്കുമെങ്കിൽ രാജ്യശ്രേയസ്സിന് ഏററവും പര്യാപ്തമായ ഒരേർപ്പാടായിരിക്കും അതു്. ഈ ബഡ്ജററിൽ കാണുന്ന മറെറാരു സംഗതി വിദ്യാഭ്യാസത്തിനുവേണ്ടി വൻപിച്ച ഒരു തുക നീക്കിവച്ചിരിക്കുന്നു എന്നുള്ളതാണ്. സാക്ഷരത്വത്തിൽ നമ്മുടെ രാജ്യം പണ്ടുപണ്ടേ മുന്നണിയിൽ നിൽക്കുകയാണു. നിർബന്ധിത പ്രാഥമികവിദ്യാഭ്യാസം നടപ്പിൽ വരുത്തിയിട്ടുള്ളതു് ഈ രാജ്യത്തെ പിന്നോക്കസമുദായങ്ങൾക്ക് കൂടുതൽ സൗകര്യം പ്രദാനം ചെയ്യുന്ന ഒന്നാണെന്ന് സന്തോഷത്തോടുകൂടി പറഞ്ഞുകൊള്ളുന്നു. തിരുവിതാംകൂറിന് എന്നെന്നും അഭിമാനിക്കത്തക്കവണ്ണം ഒരു യൂണിവേഴ്സിററി ഇവിടെയുണ്ട്. ആ യൂണിവേഴ്സിററിയും ഗവൺമെൻറുമായുള്ള ബന്ധം എന്താണെന്ന് സുവ്യക്തമാക്കേണ്ടതു് ഏററവും അത്യാവശ്യമാണ്. ഈ യൂണിവേഴ്സിററിയുടെ കീഴിൽ ഒരു സംസ്കൃതകാളേജുണ്ട്. നമ്മുടെ സ്വന്തം ഭാഷകളെ, അതായതു്, പൗരസ്ത്യഭാഷകളെ പ്രോത്സാഹിപ്പിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യേണ്ടതു് നമ്മുടെ കടമയാണ്. നമ്മുടെ മാതൃഭാഷയായ മലയാളത്തെ പരിപോഷിപ്പിക്കണമെന്നു പറയുമ്പോൾ സംസ്കൃതത്തെക്കുറിച്ച് പ്രത്യേകം സ്മരണീയമാണ്. സംസ്കൃതഭാഷയെ പ്രോത്സാഹിപ്പിക്കുവാൻ നാം നിർബന്ധിതരായിത്തീരണം. മററു യൂണിവേഴ്സിററി പരീക്ഷാവിജയികളോടൊപ്പം പൗരസ്ത്യഭാഷാബിരുദധാരികൾക്കും — സംസ്കൃതകാളേജു പരീക്ഷാവിജയികൾക്കു ശമ്പളസ്കെയിലുകളോടുകൂടി പബ്ലിക്കുസർവ്വീസ്സിൽ പ്രവേശനം നൽകി പ്രോത്സാഹിപ്പിക്കണം. മററു യൂണിവേഴ്സിററി പരീക്ഷകൾ പാസായിവരുന്നവർക്കെന്നപോലെ പൗരസ്ത്യഭാഷാബിരുദധാരികൾക്കും പബ്ലിക്കുസർവ്വീസ്സിൽ പ്രവേശനം അനുവദിക്കേണ്ടതാണ്.

എനിക്കു പറയുവാനുള്ള മറെറാരു കാര്യം വൈദ്യസഹായത്തെ സംബന്ധിച്ചാണ്. ഇന്നു നാട്ടിൻപുറങ്ങളിൽ വൈദ്യസഹായം ലഭിക്കാൻ വളരെ വൈഷമ്യങ്ങൾ ഉണ്ട്. ഏററവും കൂടുതൽ വൈഷമ്യങ്ങൾ അനുഭവിക്കുന്നതു് പിന്നോക്കസമുദായാംഗങ്ങളാണ്. ആയുർവേദത്തെ പ്രോത്സാഹിപ്പിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യേണ്ടതു് നമ്മുടെ ധർമ്മമാണ്. ഇന്ന് ഗവൺമെൻറാശുപത്രികളിൽ

[Mr. P. K. Krishnan Sastri.]

ആവശ്യത്തിന് മരുന്നുകളില്ലെന്ന് വലിയൊരു പരാതിയുണ്ട്. ഓരോ താലൂക്കിലും കഴിയുമെങ്കിൽ ഓരോ പകുതികളിലും ആസ്പത്രികൾ സ്ഥാപിക്കുകയും അവക്ക് ആവശ്യമുള്ള മരുന്നുകളെല്ലാം ശേഖരിച്ച് സൗജന്യമായി നൽകുന്നതിനും ഗവൺമെന്റ് ഏർപ്പാടുകൾ ചെയ്യുന്നെങ്കിൽ അതു ഗണ്യമായ ഒരു പുണ്യമായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ആയുർവേദകാളേജും യൂണിവേഴ്സിററി അംഗീകരിച്ച പാസ്സാകുന്നവർക്ക് ഡിഗ്രികൾ നൽകിയുംമററും പ്രോത്സാഹിപ്പിക്കേണ്ടതു് ഏററവും ആവശ്യമാണ്. ഇംഗ്ലീഷു ചികിത്സാസമ്പ്രദായം ഇവിടെ വരുന്നതിനു മുൻപ് ആയുർവേദചികിത്സാസമ്പ്രദായമാണ് ഇവിടെ ഉണ്ടായിരുന്നതു്. അതു നമ്മുടെ ഒരു പ്രത്യേക ചികിത്സാസമ്പ്രദായമാണെന്ന് ഞാൻ പറഞ്ഞുകൊള്ളുന്നു. മലമ്പനി മുതലായ രോഗങ്ങളുടെ നിവാരണത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള തുകകൾ വളരെ കുറവാണെന്നാണ് എനിക്കു പറയുവാനുള്ളതു്. ഈ കാര്യങ്ങളിൽ ഗവൺമെന്റ് കൂടുതൽ ശ്രദ്ധിക്കുകയും കൂടുതൽ കൂടുതൽ സൗകര്യങ്ങൾ ചെയ്തുകൊടുക്കാൻ ഏർപ്പാടു ചെയ്യുകയും ചെയ്യുമെന്ന് ഞാൻ വിശ്വസിക്കുന്നു. സർ, ഈ രാജ്യത്തെ പിന്നോക്കസമുദായങ്ങളിൽ ൯൦ ശതമാനവും കേറിക്കിടക്കാൻ സ്വന്തം ഭൂമി ഇല്ലാത്തവരും അടകുടിക്കാരും ആണ്. അടക്കി ബലം പ്രയോഗിച്ചും അധികാരികളുടെ സഹായത്തോടുകൂടിയും ഇറക്കിവിടുന്ന ഒരു ദയനീയ വ്യവസ്ഥ സർവ്വത്ര കാണുന്നുണ്ട്. ഈ ദയനീയവും കഷ്ടതരവുമായ നിലകൾ എത്രയും വേഗം ആവുംവിധം പരിഹാരം ഉണ്ടാക്കുകതന്നെ ചെയ്യുമെന്നു ഞാൻ ന്യായമായും വിശ്വസിക്കുന്നു. തൊഴിലാളിക്കും മുതലാളിക്കും തുല്യമായി ജീവിക്കത്തക്കവണ്ണമുള്ള ഒരു പരിതഃസ്ഥിതി ഇവിടെ ഉണ്ടാകേണ്ടതാണ്. കുറെ ആളുകൾ സ്വത്തുക്കൾ സംഭരിക്കുകയും മററുള്ളവർ പട്ടിണിക്കാരായി തെരുവുനീളെ അലഞ്ഞു നടക്കുകയും ചെയ്യുന്ന ഒരു വ്യവസ്ഥിതി നശിക്കണം. തൊഴിലാളിയുടെ വേലയിൽനിന്നുണ്ടാകുന്ന ലാഭത്തിന്റെ ഒരു പങ്ക് അവനും ലഭിക്കണം. ഈ രാജ്യത്ത് അഞ്ചു സെന്റു ഭൂമിയെങ്കിലും ഇല്ലാത്ത ഒരു വ്യക്തിയും — ഒരു പൗരനും ഈ രാജ്യത്തുണ്ടായിരിക്കാൻ പാടില്ല എന്നൊരു വ്യവസ്ഥ ഇവിടെ ഉണ്ടാക്കുകതന്നെ ചെയ്യണമെന്ന് ഞാൻ ആത്മാർത്ഥമായും ആഗ്രഹിക്കുന്നു.

MR. THARIATHU KUNJITHOMMAN (*Moovattupuzha II—General*): ചിരപ്രതീക്ഷിതമായ പ്രജായത്തഭരണത്തിന്റെ പ്രഥമ ബഡ്ജററ് വിമർശനത്തിന് വന്നിരിക്കുന്ന ഈ അവസരത്തിൽ അതിനെ എങ്ങിനെ

യാണ് നിരൂപണം ചെയ്യേണ്ടതെന്ന് ഞാൻ എന്നോടുതന്നെ ചോദിക്കുകയുണ്ടായി. ഞാൻ കഴിഞ്ഞ നന വർഷങ്ങളായി ആദ്യം ശ്രീമൂലം പ്രജാസഭയിലും പിന്നീട് നിയമസഭകളുടെ പല മണ്ഡലങ്ങളിലും ഇരുന്ന് രാജ്യത്താകെയുള്ള എല്ലാ ജനപ്രതിനിധികളുമായി ആലോചിച്ച് ശക്തിയായ വിമർശനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. ഇന്ന് ഒരു ജനകീയഭരണമാണ് ഇവിടെ നടക്കുന്നത്. ജനകീയഭരണത്തിൽ വിശ്വസിക്കുന്ന ഞാൻ ഇവിടെ ജനകീയഭരണം നടത്തുന്ന പാർട്ടിയിലെ ഒരംഗം എന്നുള്ള നിലയിൽ ഈ ബഡ്ജറ്റിനെ വിമർശിക്കുവാൻ തയ്യാറാകുന്നില്ല. സൃഷ്ടിപരമായി ചില നിർദ്ദേശങ്ങൾമാത്രം നൽകുവാനാണ് ഞാൻ ഭാവിക്കുന്നത്. ജനകീയഭരണത്തിൽ വിശ്വസിക്കുന്നവരെല്ലാംതന്നെ ചില നിർദ്ദിഷ്ടവ്യവസ്ഥകൾക്ക് വിധേയരാണ്. അതുകൊണ്ട് ഞാൻ ആ ഭാഗത്തേക്കു കടക്കുന്നില്ല. സൃഷ്ടിപരമായ നിർദ്ദേശങ്ങൾ നൽകുവാൻ ഭാവിക്കുമ്പോൾ കണക്കുകളല്ല കാര്യങ്ങൾക്കാണ് പ്രാധാന്യം. ആ നിലയിൽ ചിന്തിക്കുമ്പോൾ അനവധി കാര്യങ്ങൾ ഈ ഹൗസിന്റെ മുമ്പാകെ കൊണ്ടുവരുവാനുണ്ട്. അവ ഓരോന്നും [illegible] എന്റെ മനസ്സിൽനിന്നു പൊന്തിവന്നുകൊണ്ടിരിക്കുന്നു.

മാതൃഭൂമിയോടും, മാതൃഭാഷയോടും, അവനവന്റെ സ്വന്തം നാട്ടിനോടും ഭാഷയോടും സ്നേഹവും ബഹുമാനവും വേണമെന്ന് പ്രത്യേകം പറയേണ്ടതില്ല. വിദേശീയഭരണം അവസാനിച്ച് ജനകീയഭരണം നടക്കുമ്പോഴെങ്കിലും നമ്മുടെ ഭാഷയെ വേണ്ടപോലെ ബഹുമാനിക്കുമെന്ന് എല്ലാവരും ആശിച്ചിരുന്നു. നേരെ മറിച്ചാണ് അനുഭവംകൊണ്ടു കാണുന്നത്. മലയാളഭാഷ മുമ്പിലത്തേക്കാളും അവഗണിക്കപ്പെട്ടിരിക്കുന്നു എന്നു പറയാതെ നിവൃത്തിയില്ല. ഇവിടെ ഈ ബഡ്ജറ്റ് മലയാളത്തിൽ അവതരിപ്പിക്കുന്നതിന് എന്തെങ്കിലും വിഷമമുണ്ടായിരുന്നോ എന്നു ഞാൻ ചോദിക്കുന്നു. നിയമസംബന്ധമായ കാര്യങ്ങൾക്ക് ശരിയായ സാങ്കേതികപദങ്ങൾ മലയാളത്തിലില്ലെന്നാണു സാധാരണ പുറപ്പെടുവിക്കാറുള്ള ആക്ഷേപം. അത് എങ്ങിനെയുമാകട്ടെ. ബഡ്ജറ്റിൽ ഇന്നയിന്ന കാര്യങ്ങൾക്ക് ഇത്രയിത്ര സംഖ്യകൾ ചെലവാകുമെന്ന് പറയാനും മലയാളത്തിൽ വാക്കുകളില്ലേ? മുമ്പാണെങ്കിൽ അഡ്മിനിസ്ട്രേറ്റീവ് റിപ്പോർട്ടെങ്കിലും മലയാളത്തിലും കൂടി അച്ചടിച്ചുതരുന്ന ഏർപ്പാടുണ്ടായിരുന്നു. ഇപ്പോൾ അതും ഇംഗ്ലീഷിലേ ഉള്ളൂ. മലയാളത്തിൽ അച്ചടിച്ചിട്ടേയില്ല എന്നാണ് സെക്രട്ടറിയോടു ചോദിച്ചപ്പോൾ മറുപടി കിട്ടിയത്. രാജ്യത്തിന്റെ എല്ലാ

[Mr. Thariathu Kunjithomman.]

ഭാഗത്തുമുള്ള എല്ലാത്തരം ആളുകൾക്കും ഭരണകാര്യങ്ങൾ വ്യക്തമായി മനസ്സിലാക്കുവാൻ ആവശ്യമുള്ള സ്റ്റാറ്റിസ്റ്റിക്സും ഇംഗ്ലീഷിലേയുള്ളു, മലയാളത്തിലില്ല. ഈ രാജ്യത്തെ ൯൦ ശതമാനം ജനങ്ങളും മാതൃഭാഷ മാത്രം അറിയാവുന്നവരാണ്. ൧൦ ശതമാനം ആളുകളേ ഇംഗ്ലീഷറിയാവുന്നവരായിട്ടുള്ളു. ജനകീയഗവർമെന്റിന്റെ സകല വിവരങ്ങളും അറിയണമെന്ന് രാജ്യത്തുള്ള എല്ലാവർക്കും ആഗ്രഹമുണ്ട്. ഈ സഭയിൽതന്നെ അനേകംപേർ സന്നിഹിതരായിട്ടുണ്ട്. വ്യക്തമായി മലയാളത്തിൽ ചോദിക്കാവുന്ന ചോദ്യങ്ങൾപോലും ഇംഗ്ലീഷിലാണ് പല ബഹു. മെമ്പറന്മാരും ചോദിച്ചുകാണുന്നത്. ബഹു. മെമ്പറന്മാർ ഇംഗ്ലീഷിൽ ചോദ്യങ്ങൾ ചോദിച്ചാലും അവയുടെ ഉത്തരങ്ങൾ മലയാളത്തിൽ പറഞ്ഞു എല്ലാവർക്കും [illegible] കാണിച്ചുകൊടുക്കുവാൻ ബഹു. മന്ത്രിമാർക്ക് എന്തെങ്കിലും വിരോധമുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. മലയാളത്തിൽ നല്ലവണ്ണം സംസാരിക്കുവാൻ നമ്മുടെ എല്ലാ മന്ത്രിമാർക്കും കഴിവുണ്ടല്ലോ.

അടുത്തതായി എനിക്ക് പറയുവാനുള്ളത് എം. എൽ. സി-മാർക്ക് താമസിക്കുന്നതിന് ഒരു ഭവനം ഉണ്ടാക്കുന്നതിന് യാതൊരു സംഖ്യയും ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നുള്ള ഏററവും പരിതാപകരമായ വസ്തുതയെപ്പററിയാണ്. എം. എൽ. സി-മാർക്കെല്ലാം ഒരിടത്തു താമസിച്ച് പൊതുപ്രശ്നങ്ങൾ ചർച്ചചെയ്ത് അതിന്റെ കരടും, മൊരടും കളഞ്ഞു ഈ സഭയിൽ വലിയ വാദപ്രതിവാദത്തിനും ചർച്ചയ്ക്കും ഇടയാകാത്തവിധം കഴിയുന്നതും ഐകമത്യത്തോടുകൂടി തീരുമാനങ്ങൾ ചെയ്ത് ജനകീയഭരണത്തെ വിജയിപ്പിക്കുവാൻ വന്നിരിക്കുന്ന ഞങ്ങളുടെ താമസത്തിന് സൗകര്യം ഉണ്ടാക്കുന്നതിന് ഒരു എം. എൽ. സി. മന്ദിരംതന്നെ ഉണ്ടാക്കേണ്ടതാണ്. ഇവിടെയുള്ളവർക്കും, പുറത്തുനിന്നു വരുന്നവർക്കും മറെറല്ലാ പൗരന്മാരുമായി സമ്പർക്കത്തിലേർപ്പെട്ടു പൊതുപ്രശ്നങ്ങൾ ഒരുമിച്ചിരുന്നു ചർച്ചചെയ്യുന്നതിന് വിശാലമായ ഒരു ഹാളും താമസിക്കുന്നതിനുവേണ്ട മുറികളും മററു സൗകര്യങ്ങളും ഈ മന്ദിരത്തിലുണ്ടായിരിക്കേണ്ടതാണ്.

വടക്കൻതിരുവിതാംകൂറിനെ സംബന്ധിക്കുന്ന പ്രധാനപ്പെട്ട പല കാര്യങ്ങളും കഴിഞ്ഞ കാലങ്ങളിൽ ഗവർമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. പക്ഷെ യാതൊരു പ്രയോജനവുമുണ്ടായിട്ടില്ല. ഇപ്പോൾ ജനകീയഗവർമെന്റിന്റെ ശ്രദ്ധയിലും ആ കാര്യം കൊണ്ടുവരുവാൻ ഞാനുദ്ദേശിക്കുന്നു. വടക്കൻ തിരുവിതാംകൂറിന് ഒരു

റെയിൽവേ വേണമെന്ന് പലതവണ ഈ സഭയിൽ ആവർത്തിച്ചാവർത്തിച്ചു പറഞ്ഞിട്ടുണ്ട്. കഴിഞ്ഞ കാലങ്ങളിലാണെങ്കിൽ പട്ടാളമെന്നോ റെയിൽവേയെന്നോ ഒന്നും ആരും പറഞ്ഞുകൂടാത്ത ഒരവസ്ഥയാണ് ഇവിടെയുണ്ടായിരുന്നത്. റെയിൽവേ എന്നു പറയുന്നതിൽ വിരോധമുണ്ടെങ്കിൽ അനേകം ആളുകളേയും വളരെയധികം ചരക്കുകളേയും കയററിക്കൊണ്ടുപോകത്തക്ക ചിലവുകുറഞ്ഞ ഒരു ഗതാഗതം വടക്കോട്ടു നീട്ടണമെന്നേ പറയുന്നുള്ളു. അല്ലാതെ റെയിൽവേ എന്നു പറയണമെന്നു നിർബന്ധമില്ല. ജനകീയഭരണം വന്നിട്ടുപോലും ഇക്കാര്യം പരിഗണിച്ചിട്ടില്ലെന്നു പറയേണ്ടിവന്നതു വളരെ പരിതാപകരമാണ്.

പാണ്ടിയിൽനിന്ന് തിരുവനന്തപുരത്തേക്കു റയിൽവേ കൊണ്ടുവരാൻ തുടങ്ങിയപ്പോൾ ഗവർമ്മെൻറു ഡിപ്പാർട്ടുമെൻറിൽ ഒരു കൂട്ടരാണ് ആ പദ്ധതി ഏർപ്പെടുത്തിയത്. അങ്ങനെ ലോൺ എടുത്തിട്ടെങ്കിലും ഉത്തര തിരുവിതാംകൂറിലേക്കു റയിൽവേ നീട്ടണം. ഈ രാജ്യത്തിന് മുൻപുള്ള നിലയെ അപേക്ഷിച്ചു അനേകം കടങ്ങൾ കൂടുതലായി മുതലെടുപ്പുണ്ട്. ആ നിലയ്ക്കു സാമ്പത്തികമായ വിഷമംകൊണ്ടാണ് റയിൽവേ ലയിൻ നീട്ടുവാൻ ഗവർമ്മെൻറു അമാന്തിക്കുന്നതെന്നു വിചാരിക്കുവാൻ ന്യായം കാണുന്നില്ല. മുൻപിലത്തെ ഗവർമ്മെൻറു ഉത്തര തിരുവിതാംകൂർകാരെ വളരെ അവഗണിച്ചുകൊണ്ടാണിരുന്നിരുന്നത്. ഇപ്പോഴത്തെ ഗവർമ്മെൻറും അതേ നയംതന്നെയാണോ തുടർന്നുപോകുവാൻ നിശ്ചയിച്ചിരിക്കുന്നതെന്നു സംശയമായിരിക്കുന്നു. സംസ്ഥാനത്തിന്റെ വടക്കെ അററത്തുനിന്നും ഇങ്ങോട്ടു തിരുവനന്തപുരത്തേക്കു വരുവാൻ എത്രമാത്രം പ്രയാസമുണ്ടെന്നുള്ള വസ്തുത ഞങ്ങളെപ്പോലെ അവിടെനിന്നും വരുന്നവർക്കുമാത്രമെ അറിയുവാൻ സാധിക്കുകയുള്ളു. ഉത്തരതിരുവിതാംകൂറിലുള്ള പല സ്ഥലങ്ങളും തിരുവനന്തപുരവുമായി സംയോജിപ്പിക്കുന്ന ഷാർട്ടുലൈനുകൾ അനവധിയുണ്ട്. ആ ലൈനുകളിൽകൂടി ബസ്സുയാത്രകൾ അനുവദിക്കുന്നപക്ഷം അവിടെയുള്ള യാത്രക്കാർക്ക് ഇപ്പോഴുണ്ടായിക്കൊണ്ടിരിക്കുന്ന വൈഷമ്യങ്ങളെ കുറെയൊക്കെ പരിഹരിക്കാവുന്നതാണ്. അങ്ങനെ ഷാർട്ടുലൈനുകളിൽ പ്രധാനമായവയിൽ ട്രാൻസ്പോർട്ടുബസ്സുകൾ ഏർപ്പെടുത്തിയും ചെറിയ ലൈനുകളിൽ പ്രൈവററുബസ്സുകൾ ഓടിക്കാൻ അനുവദിച്ചും കഴിയുന്നതും വേഗത്തിൽ ഈ പ്രശ്നത്തിനു പരിഹാരമുണ്ടാക്കാവുന്നതാണ്. ഉത്തരതിരുവിതാംകൂറിലുള്ളവരും തിരുവിതാംകൂറുകാരാണെന്നും അവരും നല്ല നികുതി ഗവർമ്മെൻറിനു തരുന്നവരാണെന്നും ഗവർമ്മെൻറു ഓർക്കേണ്ടതാണ്,

[Mr. Thariathu Kunjithomman.]

മദ്ധ്യതിരുവിതാംകൂർകാർക്കും ദക്ഷിണതിരുവിതാംകൂർകാർക്കും ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന ഗതാഗതസൗകര്യങ്ങൾ ഉത്തരതിരുവിതാംകൂർകാർക്കു നൽകുവാൻ ഗവൺമെന്റ് എന്തുകൊണ്ടു മടിക്കുന്നു എന്നു മനസ്സിലാക്കാൻ പ്രയാസമായിരിക്കുന്നു. ഒരു വിദേശി ആലുവായിൽ വന്നാൽ അയാൾക്കു തിരുവനന്തപുരത്തു് എത്തണമെങ്കിൽ ഇന്നത്തെ ഏർപ്പാടനുസരിച്ചു് മൂന്നു ദിവസത്തേക്കുള്ള ടിക്കറ്റെടുക്കണം. നേരെമറിച്ചു് ആലുവായും തിരുവനന്തപുരവും തമ്മിൽ ഘടിപ്പിക്കുന്ന ഒരു റെയിൽവെ ലയിനുണ്ടായാൽ ഒരു ദിവസത്തിനകം തന്നെ തിരുവനന്തപുരത്തെത്തുവാൻ സാധിക്കും. ഈ കാര്യം ഗവൺമെന്റു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ഞാൻ മുമ്പു പറഞ്ഞതുപോലെ ഷാർട്ടുലൈനിൽകൂടി ട്രാൻസ്പോർട്ടുബസ്സുകളും, ഗ്യാസ്എഞ്ചിൻ ഘടിപ്പിച്ച പ്രൈവററുബസ്സുകളും ഉപയോഗിച്ചു് ഇതുസംബന്ധിച്ചുള്ള ബുദ്ധിമുട്ടുകൾ കുറയ്ക്കാവുന്നതാണ്.

ഈ ഘട്ടത്തിൽ എനിക്കു ട്രാൻസ്പോർട്ടിനെപ്പററി ഒരു വാക്കു പറയേണ്ടിയിരിക്കുന്നു. ഇവിടെ ക്യൂ സിസ്റ്റമാണ് ഏർപ്പെടുത്തിയിരിക്കുന്നതു്. കൊട്ടാരക്കരയാണെങ്കിൽ, ഓരോ ഇഞ്ചു കടലാസുകൾ യാത്രക്കാർക്കു കൊടുത്തുകൊണ്ടിരിക്കുന്ന ലേബൽസിസ്റ്റം, അഥവാ ചീട്ടാസിസ്റ്റമാണ്. റോഡുവീളു കൈപൊക്കി സിസ്റ്റം, ബസ്സിനകത്തോ ഉന്തും തള്ളും സിസ്റ്റം. ഇങ്ങനെ പല സിസ്റ്റങ്ങളിൽകൂടിയാണു ട്രാൻസ്പോർട്ടുഡിപ്പാർട്ടുമെൻറുകാർ ഭരണം നടത്തുന്നതു. യാത്രക്കാരുടെ സൗകര്യവും പ്രയോജനവും അവർ കാര്യമായി കരുതുന്നുണ്ടോ എന്നുതന്നെ സംശയമാണ്. ഈയിടെ ബഹുമാനപ്പെട്ട ഒരു മന്ത്രിയും ഞാനുമായി ഒരുമിച്ചു് ഒരു ബസ്സിൽ യാത്രചെയ്തു. എന്തു ദുരിതവും കഷ്ടപ്പാടും ഞങ്ങൾ അനുഭവിച്ചു് എന്നുള്ളതു ആ മന്ത്രിക്കു നല്ലതുപോലെ അറിയാം. ട്രാൻസ്പോർട്ടുബസ്സിലെ യാത്രക്കുള്ള ബുദ്ധിമുട്ടുകൾ എത്രമാത്രമുണ്ടെന്നു് ഇന്നത്തെ മന്ത്രിമാർക്കു എല്ലാവർക്കും നല്ലതുപോലെ അറിയാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം. ട്രാൻസ്പോർട്ടുബസ്സുകൾ ഓടിക്കുന്ന ചില ലൈനുകൾ ഇന്നു് അവർക്കു് മോണോപ്പളിയാണ്. ഒരു ലൈനും ആർക്കും മോണോപ്പളിയായി കൊടുക്കരുതെന്നാണ് എന്റെ അഭിപ്രായം. മോണോപ്പളി ഇല്ലാതിരുന്നാൽ യാത്രക്കാരുടെ സൗകര്യവും സുഖവും കൂടുതൽ ആദരിച്ചു് യാത്രാസൗകര്യത്തെ വർദ്ധിപ്പിക്കുവാൻ ബസ്സുടമസ്ഥന്മാർ, അവർ ഡിപ്പാർട്ടുമെൻറുകാരായാലും ശരി, പ്രൈവററുടമസ്ഥന്മാരായാലും ശരി തയാറാകും. ഈ കാര്യവും ഗവൺമെന്റു ശ്രദ്ധിക്കണം.

പബ്ളിക്ക്സവ്വീസിനെപ്പററിയും ഒരു വാക്ക് എനിക്കു പറയുവാനുണ്ട്. ഇവിടത്തെ പബ്ളിക്ക്സവ്വീസിനെ സംബന്ധിച്ച് വളരെ അസ്വസ്ഥതയുണ്ടായിരുന്നു. ഒടുവിൽ അതിലേക്ക് ഒരു കമ്മീഷണർ വന്നു. ഒരുവിധം പരിഹാരമുണ്ടായി. ഇനിയും അങ്ങനെ ഒരു വാദം കൊണ്ടുവരാതിരിക്കുവാനാണു ഗവണ്മെൻറു നോക്കേണ്ടതു്. എൻെറ ബഹുമാന്യസ്നേഹിതനായ മി. ടി. കെ. നാരായണപിള്ള പറഞ്ഞതുപോലെ നാലോ, അഞ്ചോ പേരടങ്ങിയ ഒരു പബ്ളിക്ക്സർവ്വീസ് കമ്മിഷനെ ഇവിടെ ഏർപ്പെടുത്തി ഉയന്നതും താഴ്ന്നതുമായ എല്ലാ ഉദ്യോഗനിയമനങ്ങളുടെയും ചുമതല ആ കമ്മിഷനു വിട്ടുകൊടുക്കേണ്ടതാണ്. ആ ജോലി ഒരാളിൻെറ അധീനതയിൽ വിട്ടുകൊടുക്കുന്നതുകൊണ്ടും ദോഷങ്ങൾ ഉണ്ടാകും. നീതിയായി നിഷ്പക്ഷമായി നിയമനങ്ങൾ നടത്തണമെന്നാഗ്രഹിക്കുന്നവക്ക് ഈ കമ്മിഷൻ ഏർപ്പാടു വളരെ സ്വാഗതാർഹമായിരിക്കും. നമ്മുടെ മന്ത്രിമാക്കു അതു വളരെ സൗകര്യമാണ്. ഒരാൾ അങ്ങനെ ചെയ്തു, മറെറാരാൾ ഇങ്ങനെ ചെയ്തു, എന്നിങ്ങനെയുള്ള ആരോപണങ്ങളിൽനിന്നും അവക്കു ഒഴിഞ്ഞു നിൽക്കാം. ശരിയായ വ്യവസ്ഥയിൽ ക്രമമനുസരിച്ചാണോ ഈ കമ്മിഷൻ നിയമനങ്ങൾ നടത്തുന്നതെന്നു അവർ നോക്കിക്കൊണ്ടിരുന്നാൽ മാത്രം മതി.

സർ, മദ്ധ്യതിരുവിതാംകൂറിൽ അടുത്തകാലത്തുതന്നെ ഒരു കാളേജു ഏർപ്പെടുത്തുവാൻ ഗവണ്മെൻറു വിചാരിക്കുന്നതായി കേൾക്കുന്നു. ബഡ്ജററിൽ അതിനുള്ള പ്രൊവിഷനില്ല. എന്നാലും വിദ്യാഭ്യാസമന്ത്രിയുടെ ഒരു പ്രസ്താവനയിൽനിന്നും അങ്ങനെ ഒരു കാളേജു തുടങ്ങാൻ പോകുന്നതായി കേട്ടിട്ടുണ്ട്. മദ്ധ്യതിരുവിതാംകൂറിൽ ഒരു കാളേജു സ്ഥാപിക്കുന്ന കാര്യത്തിൽ ഞാൻ എതിരല്ല. അതു നല്ലതുതന്നെ. എന്നാൽ ഉത്തരതിരുവിതാംകൂറിൽ ഒരു കാളേജിൻെറ ആവശ്യമില്ലേ എന്നു ഞാൻ ഗവണ്മെൻറിനോടു ചോദിക്കുന്നു. കൊല്ലത്തിനും കോട്ടയത്തിനും മദ്ധ്യത്തിലായി അഞ്ചു കാളേജുകളുണ്ട്. തിരുവനന്തപുരത്തിനും നാഗർകോവിലിനും മദ്ധ്യേയായി അഞ്ചു കാളേജുണ്ടു. എന്നാൽ വടക്കൻതിരുവിതാംകൂർ മുഴുവൻ എടുത്താൽ ആലുവായിൽ ഒരു കാളേജുമാത്രമെ ഉള്ളു. മദ്ധ്യതിരുവിതാംകൂറിൽ എത്ര കാളേജുകൾ വേണമെങ്കിലും സ്ഥാപിച്ചുകൊള്ളുക. എനിക്കു വിരോധമില്ല. എന്നാൽ വടക്കൻതിരുവിതാംകൂറിലും ഒന്നു വേണം.

MR. ABDUL RAZAK : கட்டாயக்கல்வி அங்கே வேண்டாமா?

MR. THARIATHU KUNJITHOMMAN: கட்டாயக்கல்வி வேண்டியது தான். அது அப்படியே நடக்கவேண்டியது தான்.

വിദ്യാഭ്യാസകാര്യത്തെപ്പററിയും എനിക്കു ഒരു വാക്കു പറയുവാനുണ്ട്. ഗ്രാൻറുവിദ്യാലയങ്ങളെ കഴിയുന്നതു പ്രോത്സാഹിപ്പിക്കുക എന്ന നയമാണ് ഗവൺമെൻറു കൈക്കൊള്ളേണ്ടതു്. അതു് സ്കൂളുകളായാലും കൊള്ളാം, കാളേജുകളായാലും കൊള്ളാം. അവയ്ക്കു ഗ്രാൻറു കൊടുക്കണം. ഗ്രാൻറുവിദ്യാലയങ്ങളിലാണു കുട്ടികൾ പഠിക്കുവാൻ കൂടുതൽ ഇഷ്ടപ്പെടുന്നതു്. ഗ്രാൻറുവിദ്യാലയവും ഗവൺമെൻറുവിദ്യാലയവും തമ്മിലുള്ള വ്യത്യാസം എന്താണെന്നുവച്ചാൽ ഗ്രാൻറുവിദ്യാലയത്തിൽ, ആ വിദ്യാലയത്തിന്റെ മാനേജരുടെയും, അതോടൊപ്പം ഡിപ്പാർട്ടുമെൻറുമേധാവികളുടെയും മേൽനോട്ടം ഉണ്ടായിരിക്കും എന്നുള്ളതാണ്. എന്നാൽ ഗവൺമെൻറുവിദ്യാലയത്തിലാകട്ടെ ഡിപ്പാർട്ടുമെൻറിന്റെ മേൽനോട്ടം മാത്രമേ ഉണ്ടായിരിക്കുകയുള്ളു. ഇതും ഒരുപക്ഷേ സാമുദായികവാദമാണെന്നും ആക്ഷേപിച്ചേക്കാം. ഒരു സമുദായത്തിനോ അല്ലെങ്കിൽ ഒരു പ്രദേശത്തിനോ ഗവൺമെൻറ് എന്തെങ്കിലും പ്രത്യേക സൗജന്യം ചെയ്തുകൊടുക്കണമെന്നു ഞാൻ പറയുന്നില്ല. എന്നാൽ ചില പ്രദേശങ്ങളേയും, ചില സമുദായങ്ങളേയും ഗവൺമെൻറ് അവഗണിക്കുന്നതായി കണ്ടിട്ടുണ്ട്. പ്രദേശങ്ങളെ അവഗണിക്കുന്നതായി പറയുമ്പോൾ പ്രാദേശികവാദം വരും. സമുദായങ്ങളെ അവഗണിക്കുന്നതായി പറയുമ്പോൾ സാമുദായികവാദം വരും. ഇതിനു രണ്ടിനും കാരണമുണ്ടാക്കാതിരുന്നാൽ ഈ രണ്ടു വാദങ്ങളും ഉണ്ടാകുന്നതല്ല. അതുകൊണ്ടു വീണ്ടും പഴയ ഈ വാദങ്ങൾ കൊണ്ടുവരാതിരിക്കുവാനുള്ള സന്ദർഭങ്ങൾ സൃഷ്ടിക്കത്തക്കവിധത്തിൽ കാര്യങ്ങൾ ശരിപ്പെടുത്തിക്കൊണ്ടുപോകുവാൻ എല്ലാ ജനവിഭാഗങ്ങളും ശ്രദ്ധിക്കുകയാണു വേണ്ടതു്... ഗവൺമെൻറും അതു ശ്രദ്ധിക്കണം. ഇപ്പോഴത്തെ ബഡ്ജററു വടക്കൻതിരുവിതാംകൂർകാരെ അവഗണിക്കുന്നതായ ഒരു ബഡ്ജററാണെന്ന് അവിടെനിന്നും വന്ന പല മെമ്പറന്മാരും എന്നോടു പറയുകയുണ്ടായി. ഞങ്ങൾക്ക് എന്തുകൊണ്ടു് കാൺക്രീററുറോഡ് ഇല്ലെങ്കിൽ കീൽറോഡെങ്കിലും തന്നുകൂടാ എന്നു ഞാൻ ചോദിക്കുന്നു. തിരുവനന്തപുരംമുതൽ തെക്കോട്ടു കന്യാകുമാരിവരെ ഒരു കാൺക്രീററുറോഡു നിർമ്മിക്കുവാൻ തയാറായ ഗവൺമെൻറ് അതിനു പകരം വടക്കൻതിരുവിതാംകൂറിൽ ഒരൊററ കീൽറോഡെങ്കിലും ഉണ്ടാക്കിത്തരേണ്ടതല്ലേ ? ഇങ്ങനെ നോക്കുമ്പോൾ അനവധി കാര്യങ്ങൾ പറയുവാനുണ്ടാവും.

ഭവനനിർമ്മാണത്തിനുവേണ്ടി ഒരു നല്ല സംഖ്യ ബഡ്ജററിൽ ചേർക്കേണ്ടതായിരുന്നുവെന്ന് ബഹുമാനപ്പെട്ട മെമ്പറന്മാരിൽ ചിലർ

ഇവിടെ പറയുകയുണ്ടായി. ഒരത്യാവശ്യകാര്യമാണതു് എന്നുള്ളതിനു സംശയമില്ല. പക്ഷികൾക്കു വൃക്ഷകോടരങ്ങളിലും, ദുഷ്ടജന്തുക്കൾക്കു വനങ്ങളിലും, ഘനങ്ങളിലുള്ള മാളങ്ങളിലും മററും അധിവസിക്കാം. എന്നാൽ കേറിക്കിടക്കാൻ വീടില്ലാതെ, റോഡുകളിലും കടകളുടെ തിണ്ണകളിലുംമററും കഴിഞ്ഞുകൂടുന്ന അനവധി ആളുകളുടെ സ്ഥിതി കഷ്ടാൽ കഷ്ടതരം എന്നേ പറയേണ്ടു. അതുകൊണ്ടു് അങ്ങനെയുള്ള സകല ജനങ്ങൾക്കും കിടപ്പാടം ഉണ്ടാക്കിക്കൊടുക്കുക എന്ന ഒരു ഉറച്ച നയത്തോടുകൂടി ഗവണ്മെൻറു ഭവനനിർമ്മാണനടപടികൾ എടുക്കേണ്ടതാണു്. അതിന് ഇപ്പോൾ ഉപയോഗയോഗ്യമല്ലാതെ ഗവണ്മെൻറു കൈവശത്തിലിരിക്കുന്ന തരിശുഭൂമികൾ ഉപയോഗപ്പെടുത്തണം. സ്ഥലം പോരാതെവരുന്നപക്ഷം ഇപ്പോൾ അധികം സ്ഥലം കൈവശം വച്ചുകൊണ്ടിരിക്കുന്ന ആളുകളിൽനിന്നും ന്യായമായ വില കൊടുത്തു സ്ഥലം എടുക്കണം.

ലാൻറുപാളിസിയെപ്പററി ഇവിടെ ചിലർ പറയുകയുണ്ടായി. അധികം സ്ഥലങ്ങൾ ആരും കൈവശം വച്ചുകൊണ്ടിരിക്കരുതെന്നാണു ഇവിടെ അഭിപ്രായപ്പെട്ടതു്. അഞ്ചു സെൻറു സ്ഥലമെങ്കിലും ഇല്ലാത്തവർ ഇവിടെ ആരുംതന്നെ ഉണ്ടായിരിക്കരുതെന്നാണ് എൻെറ അഭിപ്രായം. സമയമില്ലാത്തതുകൊണ്ടു ഞാൻ അതിനെപ്പററി കൂടുതൽ പറയുന്നില്ല.

കാർഷികാദായനികുതി വേറെ ഒരിടത്തുമില്ല. ഇൻഡ്യയിൽ ജാഗീർദാർസിസ്റ്റം ഇരിക്കുന്ന സ്ഥലത്തുമാത്രമേ കാർഷികാദായനികുതി ഏർപ്പെടുത്തിയിട്ടുള്ളു. ജാഗീർദാരന്മാർക്ക് അനേകായിരം ഏക്കർ ഭൂമി കൈവശമുള്ളതുകൊണ്ടു് ഒരു വ്യവസായമെന്ന നിലയിൽ അവിടെ അവർ കൃഷിചെയ്തുവരുന്നു. അതുകൊണ്ടു ഒരു കാർഷികാദായനികുതി അവിടെ ഏർപ്പെടുത്തുന്നതിൽ തെററില്ല.

HON'BLE MR. C. KESAVAN : ബേസിക്‌നികുതി വേറെ എവിടെ ഉണ്ടു് ?

MR. THARIATHU KUNJITHOMMAN : ബേസിക്‌നികുതി ഏർപ്പെടുത്തിയതുകൊണ്ടു വലിയ ഗുണമൊന്നും ആർക്കും ഉണ്ടായിട്ടില്ല. ബേസിക്‌നികുതികൊണ്ടു സാധുക്കൾക്കു കൂടുതൽ ഉപദ്രവമാണുണ്ടായിക്കൊണ്ടിരിക്കുന്നതു്. തുണ്ടുതുണ്ടു ഭൂമികൾ കൈവശം വച്ചുകൊണ്ടിരിക്കുന്നവർ മുൻപു കൊടുത്തുകൊണ്ടിരുന്നതിനേക്കാൾ കൂടുതൽ കരം ബേസിക് നികുതി ഏർപ്പാടുമൂലം ഇപ്പോൾ കൊടുക്കേണ്ടതായി വന്നിരിക്കുന്നു. കാർഷി

[Mr. Thariathu kunjithomman.]

കാർഷികാദായ നികുതി ഇവിടത്തെ ഉൽപ്പന്നങ്ങളുടെ വിലയെ സാരമായി ബാധിക്കുന്ന ഒന്നാണെന്നുകൂടി നാം ഈയവസരത്തിൽ ഓർമ്മിക്കണം. ഈ രാജ്യത്തിന്റെ ക്ഷേമവും ഐശ്വര്യവും മുഴുവൻ സ്ഥിതിചെയ്യുന്നതു് ഇവിടത്തെ കയററുമതിയെ ആശ്രയിച്ചാണു്. നമ്മുടെ കയററുമതി സാധനങ്ങൾ എല്ലാംതന്നെ കാർഷികോൽപ്പന്നങ്ങളാകുന്നു. നമ്മുടെ കയററുമതിയേയും ഇറക്കുമതിയേയും പരിശോധിക്കുന്ന പക്ഷം ൩൨ കോടി രൂപയുടെ സാധനങ്ങൾ നാം കയററുമതി ചെയ്യുമ്പോൾ, ൩൦ കോടി രൂപയുടെ സാധനങ്ങൾ നാം പുറത്തുനിന്നും ഈ രാജ്യത്തേക്കു വരുത്തുന്നുണ്ടെന്നുള്ള കാര്യം വിസ്മരിച്ചുകൂടാത്തതാണു്. ഏലം, റബ്ബർ, കുരുമുളകു്, കയർ, തേങ്ങാ, കൊപ്രാ തുടങ്ങിയ സാധനങ്ങളിൽ നിന്നുള്ള വരവുകൊണ്ടാണു നാം നമ്മുടെ ഇറക്കുമതികൾക്കുള്ള പണം കൊടുത്തുപോരുന്നതു്. അതുകൊണ്ടു് ഇവിടത്തെ കാർഷികോൽപ്പന്നങ്ങളുടെ വരവു വർദ്ധിപ്പിക്കുന്നതു് രാജ്യത്തിന്റെ സാമ്പത്തികനിലയെ പുഷ്ടിപ്പെടുത്തുന്നതിനു സഹായകമായിരിക്കും. കാർഷികാദായ നികുതി ഏർപ്പെടുത്തിയതുകൊണ്ടു ജനങ്ങൾക്കു കൃഷിയിലുള്ള അഭിരുചി കുറഞ്ഞുപോകുന്നു. ഇങ്ങനെ കൃഷിക്കു് അധഃപതനം വന്നാൽ രാജ്യത്തിന്റെ വരവു കുറഞ്ഞു് രാജ്യത്തിനും അധഃപതനം വരും. ഇറക്കുമതിയെ കയററുമതി കൊണ്ടുവേണം അഭിമുഖീകരിക്കുവാൻ. മിക്കവാറും തുല്യതുകകൾക്കുള്ള കയററുമതിയും ഇറക്കുമതിയുമാണു നമുക്കിപ്പോഴുള്ളതു്. ഉൽപ്പന്നങ്ങൾക്കുള്ള വില അങ്ങനെ കൃഷിക്കാർക്കു കുറയുന്നു. പോരെങ്കിൽ ഉള്ളതുമുഴുവനും ആദായനികുതിയായിട്ടും സൂപ്പർടാക്സായിട്ടും കെട്ടുകയും വേണം. ആദായനികുതി ഏർപ്പെടുത്തുന്നതിൽ ആക്ഷേപമില്ല. ക്രമാനുസരണം അതു് ഈടാക്കുന്നതിനു വേണ്ട വ്യവസ്ഥകൂടി ചെയ്യണമെന്നേയുള്ളു. ഇതേപ്പററി ഞാൻ സവിസ്തരം പിന്നീടു പറഞ്ഞുകൊള്ളാം. ഇപ്പോൾ സമയമില്ല. (Bell)

സർ, എനിക്കു് ഒരു വാക്കുകൂടി പറയുവാനുണ്ടു്. മി. എൻ. വി. ചാക്കോ ഇന്നലെ എന്നെ ഫിൻഡു ചെയ്തു് ഒരു കാര്യം പറയുകയുണ്ടായി. അതിനു് എനിക്കു ഒരു സമാധാനം പറയേണ്ടതായുണ്ടു്. മി. ചാക്കോ ഇന്നലെ പറഞ്ഞു, പെരിയാറണയ്ക്കു ഞാൻ എതിരാണെന്നു്. ഞാൻ ഒന്നിനും എതിരല്ല. ഇറിഗേഷൻ വർദ്ധിപ്പിക്കുന്നതിനും, താമ്പൂലംകൃഷിയെ അഭിവൃദ്ധിപ്പെടുത്തുന്നതിനും ഞാൻ എതിരല്ല. ഇറിഗേഷൻ സൗകര്യങ്ങൾ വർദ്ധിപ്പിക്കാതെ കൃഷിയെ അഭിവൃദ്ധിപ്പെടുത്തുവാൻ സാദ്ധ്യമല്ലെന്നും എനിക്കറിയാം. എന്നാൽ ഇങ്ങനെയുള്ള വൻപിച്ച

പദ്ധതികൾക്കായി പണം ചെലവാക്കുമ്പോൾ അതേപ്പററി ശരിയായ അന്വേഷണം നടത്തി ബഹുമാനപ്പെട്ട മന്ത്രിമാർ തന്നെ സ്ഥലം ചെന്നു പരിശോധിച്ച്, സാങ്കേതികവും പ്രായോഗികവുമായ പരിജ്ഞാനം സിദ്ധിച്ച വിദഗ്ദ്ധന്മാരായ ആളുകളുടെ അഭിപ്രായംകൂടി ആരാഞ്ഞും അതിനു ശേഷം ഈ സഭയുടെ വിമർശനത്തിന് വിധേയമാക്കിയുംകൊണ്ടു സുചിന്തിതമായ ഒരു പദ്ധതി ഏർപ്പെടുത്തുകയാണെന്നുണ്ടെങ്കിൽ അങ്ങനെയുള്ള ഒരു പദ്ധതിയെ സ്വാഗതം ചെയ്യുവാൻ എനിക്കു അശേഷം മടിയില്ല. അല്ലെങ്കിൽ പെരിഞ്ഞാണി അണപോലെ വന്നേക്കും. അനേകലക്ഷം രൂപാ ചെലവുള്ള ഒരു കാര്യമാണിതു്. പെരിയാററണയെ സംബന്ധിച്ചു പറയുകയാണെങ്കിൽ ഞാൻ താമസിക്കുന്ന സ്ഥലത്തുനിന്നും ആ അണ കെട്ടുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തേക്ക് ഏഴു മൈലിൽ കൂടുതൽ ദൂരമില്ല. അതുകൊണ്ടു് എന്നെ സംബന്ധിച്ചോ, എനിക്കുള്ള വസ്തുക്കളെ സംബന്ധിച്ചോ ആ അണ ഏററവും സൗകര്യമായിരിക്കുമെന്നുള്ളതിനും സംശയമില്ല. എന്നാൽ പ്രാദേശികമൊ, അല്ലെങ്കിൽ വ്യക്തിപരമൊ ആയ കാര്യങ്ങൾക്കു് ഉപരി നിന്നുകൊണ്ടുവേണം ഈ മാതിരി കാര്യങ്ങൾ വീക്ഷിക്കേണ്ടതു്. രണ്ടുകോടി രൂപാ ഇതിനു ചെലവു വരുമെന്നും, ഇതു് വളരെ നല്ല ഒരു കാര്യമാണെന്നും ചിലർ പറയുകയുണ്ടായി. ചില പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാരും ചില പെൻഷൻഡ് ഉദ്യോഗസ്ഥന്മാരും ഇതു നല്ലൊരു കാര്യമാണെന്നു പറഞ്ഞു് പ്രചരണവേലകൾ നടത്തുന്നുണ്ടു്. ചില പെൻഷൻഡ് ഉദ്യോഗസ്ഥന്മാർ അതിനു വേണ്ടി ഇവിടെ വന്നിട്ടുമുണ്ടു്. എന്റെ സ്നേഹിതന്മാർ കൂടിയാണവർ. രാഷ്ട്രീയകാര്യങ്ങളിൽ സ്നേഹവും പരിചയവും സ്വാധീനമാക്കിക്കൊണ്ടു് തങ്ങളുടെ ആവശ്യത്തിനും താല്പര്യങ്ങൾക്കും വേണ്ടി ചില വ്യക്തികൾ നടത്തുന്ന ഇത്തരം ശ്രമങ്ങളുടെ ഫലമായി ഒരു പ്രസ്ഥാനം എത്രതന്നെ ദൂഷിച്ചതാണെങ്കിലും, തൽപ്പരകക്ഷികളിൽ ഒരനുകൂലമനോഭാവമുണ്ടാക്കുവാൻ സ്വാഭാവികമായി അതു പ്രേരിപ്പിക്കുന്നതാണു്. അതുകൊണ്ടു് ആ സ്വാധീനത്തിൽ കുടുങ്ങരുതെന്നും യോഗ്യന്മാരായ ആളുകളെ വരുത്തി പരിശോധിപ്പിച്ചു് അവരുടെ വിദഗ്ദ്ധാഭിപ്രായം അറിഞ്ഞതിനു ശേഷമല്ലാതെ ഇങ്ങനെയുള്ള പദ്ധതികൾ നടപ്പിൽ വരുത്തരുതെന്നും ഞാൻ ഈ ഹൗസിനെയും ഗവണ്മെൻറിനെയും ഉദ്ബോധിപ്പിച്ചുകൊള്ളുന്നു.

MR. N. V. CHACKO: സർ, ഇന്നലെ ഞാൻ സംസാരിച്ചപ്പോൾ മി. കുഞ്ഞിത്തൊമ്മൻ അതിനു് എതിരാണെന്നു ഞാൻ പറഞ്ഞില്ല.

[Mr. N. V. Chacko.]

ഞാൻ സംസാരിച്ചപ്പോൾ അദ്ദേഹം, ഇവിടെ ഇല്ലായിരുന്നു. ഉണ്ടായിരുന്നെങ്കിൽ തന്നെയും എൻെറ പ്രസംഗം ഇംഗ്ലീഷിൽ ആയിരുന്നതുകൊണ്ട് അദ്ദേഹത്തിന് അതു മനസ്സിലായിരിക്കുകയില്ല. ഞാൻ പറഞ്ഞതു്, ആ പ്രദേശത്തു ഒരു അണ കെട്ടുന്നപക്ഷം പത്തടിവരെ വെള്ളപ്പൊക്കമുണ്ടായാലും സമീപപ്രദേശങ്ങളൊന്നും മുങ്ങിപ്പോകയില്ലെന്നും, അതുകൊണ്ടു മി. കുഞ്ഞിത്തൊമ്മനെപ്പോലെയുള്ളവർ അക്കാര്യത്തിൽ പരിഭ്രമിക്കേണ്ടതില്ലെന്നുമാണ്.

MR. THARIYATHU KUJITHOMMAN: എന്നെപ്പററി ഹിൻഡ് ചെയ്തുകൊണ്ടു് എന്തെങ്കിലും പറയുമ്പോഴെങ്കിലും അതു മലയാളത്തിലായിരുന്നാൽ കൊള്ളാമെന്ന് എനിക്കപേക്ഷയുണ്ടു്.

MR. K. N. SANKUNNI PILLAI (*Kottayam IV—General*): സർ, ചില ബഡ്ജററു വിമർശനപ്രസംഗങ്ങൾ ഞാൻ കേട്ടു. അവർ ആദ്യമേ ബഡ്ജററിനെ ഖണ്ഡിക്കുകയും, നിശിതമായി വിമർശനം നടത്തുകയും ചെയ്തതിനു ശേഷം ഒടുവിൽ അതിനെ അനുകൂലിക്കുകയും വളരെ ശാന്തമായി പ്രസംഗം അവസാനിപ്പിക്കുകയും ചെയ്യുന്നതായിട്ടാണ് കണ്ടതു്. ഇതു് ഒരു പ്രത്യേകതയാണെങ്കിലും അതിനു വലിയ തെററുണ്ടെന്നു തോന്നുന്നില്ല, അതേ നിലയിൽതന്നെ എൻെറ പ്രസംഗവും ഇടയാകുമെന്നു വിചാരിക്കുന്നു.

ഗവൺമെൻറു ഒരു മദ്യവർജ്ജന പരിപാടി ഇപ്പോൾ പുതുതായി ആരംഭിച്ചിട്ടുണ്ടു്. ഈ മദ്യവർജ്ജനപരിപാടിയോടുകൂടിത്തന്നെ മററു ചില വർജ്ജനപരിപാടികൾകൂടി നാം ഉടനെ സ്വീകരിക്കേണ്ടതായുണ്ടു്. അതു പറയാൻ ഇപ്പോഴെങ്കിലും സൗകര്യം കിട്ടിയതിൽ സന്തോഷിക്കുന്നു. അതിൽ ഒന്നാമത്തേതു് നമ്മുടെ ഇന്നത്തെ ജനകീയഭരണം വിജയിക്കണമെങ്കിൽ നാം ഇന്നു ഇവിടെ കാണുന്ന അധികാരദുർമ്മോഹം (Power Politics) വർജ്ജിക്കണം. ആ പദം ഉപയോഗിക്കാതിരിക്കത്തക്കവിധം നാം പ്രവർത്തിക്കണം. ഇവിടെയുണ്ടായ മുക്കാ വിമർശനങ്ങളും പഴയ കാര്യങ്ങളെപ്പററിയും കൈയ്ക്കൂലി മുതലായവയെപ്പററിയും കുറിച്ചായിരുന്നു. ഇതിൽ നിന്നും ഒരു വിഭിന്നമായ രീതിയിൽ പോകണമെന്നാണ് എനിക്കു പറയുവാനുള്ളതു. അതിനു നാം ഒരു ആത്മപരിശോധന നടത്തേണ്ടതായിട്ടാണിരിക്കുന്നതു്. രണ്ടാമതായി നാം വർജ്ജിക്കേണ്ട ഒരു സംഗതി പ്രതികാരതല്പരതയാണ്. അതാണു ഇപ്പോൾ ഇവിടെ കൂടുതൽ കാണുന്നതു്. എൻെറ മാന്യസ്നേഹിതൻ മി. ജാൺഫിലിപ്പോസിൻെറ പ്രസംഗം വളരെ നന്നായിരുന്നു. വളരെ വളരെ നല്ല കാര്യങ്ങൾ

അതിൽ അടങ്ങിയിരുന്നു. പക്ഷെ ചില നാടകവേദിയിലെ രംഗങ്ങൾ പോലുള്ള ചില ഭാവങ്ങൾ ഇവിടെ കാണുകയുണ്ടായി. പ്രതികാരതല്പരത കൂടുതലായി കണ്ടു. അതു് ചിന്തയാണെന്നാണു് എന്റെ അഭിപ്രായം. ഞാൻ ബൈബിളിലെ ഒരു ഭാഗം ഇവിടെ ഉദ്ധരിക്കുന്നതു തെററായിരിക്കുകയില്ലെന്നു വിശ്വസിക്കുന്നു.

MR. P. M. VARGHESE : സർ, ഒരു മെമ്പറിന്റെ പ്രസംഗത്തെയോ അയാളുടെ മനസ്ഥിതിയെയോ കുറിച്ച് മറ്റൊരു മെംബർക്ക് പറയാമോ?

MR. PRESIDENT : പറയാം.

MR. K. N. SANKUNNI PILLAI : എന്തും പറയാം. ഞാൻ പറയുന്നതു വേറൊന്നുമല്ല. ബൈബിളിൽ പറയുന്നു, "പ്രതികാരം നമ്മുടെതല്ല, അദ്ദേഹത്തിന്റെതാണ്" എന്നു. കഴിഞ്ഞകാര്യങ്ങളെക്കുറിച്ചാവർത്തിച്ചു പറയുന്നതു് ആർക്കും നല്ലതല്ല. അതുകൊണ്ടു് ഈ പ്രതികാരതല്പരത വർജ്ജിച്ചാൽ കൊള്ളാമെന്നു് എനിക്കു തോന്നുന്നു. അതു ജനകീയഭരണത്തിന്റെ മഹാമനസ്കതയ്ക്കു് ഒരു ദൃഷ്ടാന്തമായിരിക്കും. പിന്നെ ഒന്നു്, ഈയിടെയായി തലപൊക്കിവരുന്ന വർഗ്ഗീയ മനഃസ്ഥിതിയാണു്. അതു് വീണ്ടും വരുന്നതായി കാണാം. മി. ടി. കെ. നാരായണപിള്ള പറഞ്ഞു, പബ്ലിക്ക്സർവീസ് കമ്മീഷന്റെ നിയമനം ഏറെക്കുറെ ഇതിനൊരു പരിഹാരമായിരിക്കുമെന്നു്. ഒരു കാര്യംകൂടി എനിക്കു പറയുവാനുള്ളതു്. അതോടുകൂടിത്തന്നെ നിയമനത്തെക്കുറിച്ചു ചില നിർദ്ദേശങ്ങൾകൂടി ആ കമ്മീഷനു കൊടുക്കണമെന്നാണു്. സ്പീരിയർ സർവ്വീസിലുള്ള അതായതു് ൧൨൦ രൂപായ്ക്കു മേലുള്ള ഉദ്യോഗങ്ങൾക്കുള്ള നിയമനങ്ങളിലെങ്കിലും ഈ സമുദായപ്രാതിനിധ്യം എന്നുള്ളതു് മാററി സത്യസന്ധതയും കാര്യക്ഷമതയും മാനദണ്ഡമാക്കി ഗണിച്ചു് നിയമനം നടത്തണമെന്നു് അവർക്കു് നിർദ്ദേശം കൊടുക്കേണ്ടതാണു്. അതുപോലെ തന്നെ വർഗ്ഗീയത കൂടുതലായി ബാധിക്കുന്ന ഒരു രംഗം വിദ്യാലയസ്ഥാപനങ്ങളാണു്. ഇതു് പല അവസരങ്ങളിലും പ്രക്ഷുബ്ധമായ രംഗങ്ങൾ സൃഷ്ടിച്ചിട്ടുള്ളതുകൊണ്ടു് അതിനെപ്പററി മത്സരം ഉണ്ടാകത്തക്കവണ്ണം വല്ലതും പറയണമെന്നു വിചാരിക്കുന്നില്ല. എങ്കിലും ഹൈസ്കൂളുമുതൽ താഴോട്ടുള്ള സ്കൂളുകളെല്ലാം ഗവൺമെൻറു് ഏറെറടുക്കുകയാണെങ്കിൽ ഇതിനൊരു പരിഹാരം കിട്ടുമെന്നു വിശ്വസിക്കുന്നു.

MR. THARJIYATHU KUNITHOMMAN: കാളേജുകളും കൂടി എടുത്താലോ.

MR. K. N. SANKUNNI PILLAI: വന്നല്ലോ സ്നേഹിതന്റെ ദ്വേഷ്യം! എല്ലാം എടുക്കുന്നതും നല്ലതുതന്നെയാണു്.

MR. THARIYATHU KUNJITHOMMAN: ശേഷ്യമല്ല; മന്ദസ്മിതമാണ്.

MR. K. N. SANKUNNI PILLAI: ഏതായാലും അങ്ങനെ ചെയ്യുന്നതു് ഒരു പരിഹാരമായിരിക്കുമെന്ന് എനിക്കു തോന്നുന്നു. അടുത്തതായി എനിക്കു പറയുവാനുള്ളതു് ഇവിടത്തെ ജനപ്രതിനിധികളെപ്പററി ഒരാക്ഷേപം വെളിയിലുണ്ടെന്നുള്ളതാണ്. അതു മി. കുഞ്ഞിത്തൊമ്മൻ ഒരു സംഗതി പറഞ്ഞതുകൊണ്ടാണ് പറയുന്നതു്. ഊണില്ല, ഉടുക്കാൻ തുണിയില്ല, കിടക്കാൻ വീടില്ല എന്നെല്ലാം പറഞ്ഞുകൊണ്ടിരുന്ന ജനങ്ങളെ അതൊക്കെ വീണ്ടെടുത്തു തരാം എന്നെല്ലാം മൈതാനപ്രസംഗങ്ങൾ തട്ടിവിട്ടിട്ടു് ഇവിടെ വന്നപ്പോൾ അവരുടെ കാര്യം മറന്ന് മെംബറന്മാർ സ്വന്തം കാര്യം മാത്രം നോക്കുന്നുവെന്നുള്ള സംഗതി പലരും എന്നോടു പറയുകയുണ്ടായി. അതു വസ്തുവം തന്നെയാണ്. നമ്മുടെ അലവൻസും മൈലേജും ഒക്കെ മുമ്പിലത്തേതിലുംവളരെ വർദ്ധിപ്പിച്ചു. അതും ഐകകണ്ഠ്യേന പാസ്സാക്കി. ഞങ്ങളുടെ കാര്യം മറന്നല്ലോയെന്നു് പല ആളുകളും ചോദിക്കുകയുണ്ടായി. കഴിഞ്ഞ ദിവസത്തെ പ്രതിനിധി സഭയിലെ ഒരു രംഗം വാസസ്ഥലത്തെപ്പററി മാത്രമായിരുന്നു. അതു ശ്രദ്ധിച്ചപ്പോൾ എനിക്ക് അഭിമാനക്ഷയം ഉണ്ടായി. ഇവിടെ വന്നിരുന്നിട്ടു് വീടുവേണം ഭക്ഷണം വേണം എന്നൊക്കെ നം പറയുന്നതു് തീരെ മോശമാണ്. അതു് വെളിയിലുള്ളവർ കേൾക്കുമ്പോൾ ഇവക്കു ഇതു മാത്രമേ ഇവിടെ പറയുവാനുള്ളോ എന്നു ചോദിക്കും. അതിനാൽ ഞാൻ പറയുന്നതു് അവരവരുടെ കാര്യം പറയുന്നതോടുകൂടിത്തന്നെ തന്റെ നിയോജകമണ്ഡലത്തിന്റെ കാര്യംകൂടി ഓർമ്മിക്കണമെന്നുള്ള സംഗതിയാണ്.

വേറൊന്നു റിട്രഞ്ച്മെൻറിനെപ്പററിയാണ്. റിട്രഞ്ച്മെൻറിനുള്ള പദ്ധതിയിൽ ൫൦ ലക്ഷം രൂപയോളം ലാഭമുള്ളതായി കാണുന്നു. പക്ഷെ അതു് ലോവർ സ്റ്റാഫിനെ സംബന്ധിച്ചാണ് ഈ റിട്രഞ്ച്മെൻറിൽ അധികവും. അതു തെററാണ്. കാൺഗ്രസ്സ് ഗവണ്മെൻറു് തൊഴിലില്ലായ്മക്ക് പരിഹാരം കണ്ടുപിടിക്കാൻ വന്നിട്ടു് താഴ്ന്ന ജീവനക്കാരെ ഗളഹസ്തം ചെയ്യുന്ന രീതി നല്ലതാണെന്നു തോന്നുന്നില്ല. അതുകൊണ്ടു് നിവൃത്തിയുണ്ടെങ്കിൽ ൫൦൦ രൂപയ്ക്കു താഴെ ശമ്പളമുള്ള ആളുകളെ പിരിച്ചയക്കാതിരിക്കണം. അല്ലെങ്കിൽ തൊഴിലില്ലായ്മ വർദ്ധിപ്പിക്കുന്നതാണ്. ഒന്നാമതു് എൻ. ജി. ഒ. മാരുടെ വഴക്ക്, പിന്നെ ഈ പെൻഷൻകാരുടെ അസ്വസ്ഥത; ഇതോടുകൂടി ഇപ്പോൾ രാജ്യത്തുള്ള അലങ്കോലം. ഇതിനെല്ലാം പുറമേ ഈ തൊഴിലില്ലായ്മയും

കൂടി വന്നാൽ പിന്നെ അസ്വാസ്ഥ്യങ്ങൾ പലതും ഉണ്ടാകും. അതുകൊണ്ട് ഈവക കാര്യങ്ങൾ ഒന്നു ശ്രദ്ധിക്കേണ്ടതാണ്. പിന്നെ വേറൊന്ന്, വ്യവസായീകരണം, ദേശീയവൽക്കരണം, സാമ്പത്തിക സംവിധാനം എന്നെല്ലാം പറയുന്നതു കേട്ടു. ഇതൊക്കെ നല്ലതാണ്. എന്നാൽ ഇതെല്ലാം ഒരു ദിവസംകൊണ്ട് നടപ്പിൽവരുന്ന സംഗതികളല്ല. അതിന് ശരിയായി പ്ലാനിങ്ങ് ചെയ്തു കമ്മിററി നിയമിച്ച് അങ്ങനെ വേണം നടപ്പിൽ വരുത്തുവാൻ. അതു പെട്ടെന്നു നടപ്പിൽ വരുന്നതല്ല. അതിനാൽ അതിലേക്ക് ഒരു വിദഗ്ദ്ധകമ്മററിയുടെ നിയമനം അത്യന്താപേക്ഷിതമാണ്. ഇത്രയേ എനിക്ക് പറയുവാനുള്ളൂ.

MRS. DEVAKI GOPIDAS (*Kottayam I—General*) : സർ, നമ്മുടെ ധനകാര്യമന്ത്രി ബഡ്ജററ് അവതരിപ്പിച്ചുകൊണ്ട് ചെയ്ത പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ ഒരു ഗവണ്മെൻറിൻെറ ധനകാര്യനയം അതാതുകാലത്തെ സാമ്പത്തിക സംവിധാനത്തെ കഴിയുംവണ്ണം ശക്തിപ്പെടുത്തത്തക്കവിധം ആസൂത്രണം ചെയ്തതായിരിക്കണമെന്നുള്ള തത്വം ഏററവും സ്വീകാര്യമായ ഒന്നാണ്. അതിനെ അടിസ്ഥാനമാക്കി അദ്ദേഹം പദ്ധതികൾ വേണ്ടതരത്തിൽ രൂപീകരിച്ചിട്ടുണ്ടെന്നുള്ളതു സമ്മതിക്കുന്നു. അതിൽ അദ്ദേഹത്തെ അഭിനന്ദിക്കുകയും ചെയ്യുന്നു. എന്നാൽ ഈ ബഡ്ജററിനെ ഒരു സാധാരണക്കാരൻ എപ്രകാരം വീക്ഷിക്കണമെന്നുള്ള സംഗതി ചിന്തിക്കേണ്ടതാണ്. ഇന്നു ഇവിടെ കൂടിയിരിക്കുന്ന ജനപ്രതിനിധികളാകമാനം ഇവിടത്തെ സാധാരണക്കാർ അയച്ചിരിക്കുന്നവരാണ് എന്നുള്ള സംഗതി നാം ഓർമ്മിച്ചിരിക്കേണ്ടതാണ്. അങ്ങനെയുള്ള സാധാരണക്കാരൻ ഈ ബഡ്ജററിനെ ഏതുതരത്തിലാണു വീക്ഷിക്കുന്നതെന്നു നാം പ്രത്യേകം ഓർമ്മിക്കേണ്ടതാണ്. ആ വീക്ഷണഗതിയിൽകൂടി നാം ഇതിനെ നോക്കുന്നപക്ഷം ബഡ്ജററിൽ ചില വൈഷമ്യങ്ങളുള്ളതായി നമുക്കു കാണാവുന്നതാണ്. അവക്ക് ഇതു തൃപ്തികരമായിരിക്കുമെന്നു തോന്നുന്നില്ല. ഈ ബഡ്ജററിൽ പ്രശംസനീയങ്ങളായ പല വ്യവസ്ഥകളും അടങ്ങിയിട്ടുണ്ടെന്നുള്ളതു ശരിതന്നെ. അതായതു മദ്യനിരോധനം, സാധുക്കളായ കുട്ടികൾക്ക് ഉച്ചഭക്ഷണം, അവക്ക് വൈദ്യസഹായം, പ്രാഥമിക വിദ്യാഭ്യാസം എന്നിങ്ങനെ പല പദ്ധതികൾക്കും പണം നീക്കിവച്ചിട്ടുണ്ട്. എന്നാൽ ഒരു സാധാരണക്കാരൻെറ ഏററവും അത്യാവശ്യകാര്യം അവൻെറ വയറു പിഴയ്ക്കുക എന്നുള്ളതാണ്. ഇന്ന് ഈ രാജ്യത്ത് അധികമായി കാണുന്ന അസ്വസ്ഥതയ്ക്കു കാരണം

പ്പിച്ചും വളരെ കൂടുതൽ ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വെട്ടിക്കുറച്ചും ശമ്പളനിരക്കിന് ഒരു ഏകീകരണം സിദ്ധിക്കമാറ് വേണ്ട വ്യവസ്ഥ ചെയ്യണമെന്ന് ഞാൻ ഗവണ്മെന്റിനോട് അപേക്ഷിക്കുന്നു. ഈ അഭിപ്രായം തന്നെ പല ബഹുമാനപ്പെട്ട മെമ്പറന്മാരും ഇവിടെ ഉദ്ധരിക്കയും അതിനെ പ്രധാനമന്ത്രി അതേപടി സ്വീകരിക്കയും ചെയ്തിട്ടുണ്ടെന്നുള്ളതു് ഞാൻ വിസ്മരിക്കുന്നില്ല. സർ, ഈയിടെ എൻ. ജി. ഓ. അസോസിയേഷന്റെ ഒരു ലഘുലേഖ ഞാൻ കാണുകയുണ്ടായി. അതിൽ തിരുവിതാംകൂർ രാജ്യത്തുള്ള ശമ്പളത്തോതും കൊച്ചി, മൈസൂർ, മദ്രാസ് മുതലായ രാജ്യങ്ങളിലെ ശമ്പളത്തോതും തമ്മിൽ ഒരു താരതമ്യവിവേചനം ചെയ്തിരിക്കുന്നു. സർ, നമ്മുടെ അയൽരാജ്യമായ കൊച്ചിയിൽ കുറഞ്ഞ ശമ്പളം ഉ വ്യ ഞ്ചി. രൂപയുള്ളപ്പോൾ തിരുവിതാംകൂറിൽ ഫ ർ സ. രൂപയാണ്. അതുപോലെ മിനിസ്റ്റീരിയൽ ഗ്രേഡിൽ കൊച്ചിയിൽ ഉ ഉ രൂപയും അതിനെക്കാൾ മുതലെടുപ്പിലും വിസ്തൃതിയിലും വലിപ്പമുള്ള തിരുവിതാംകൂറിൽ ഫ വ്യ രൂപയുമാണ് കിട്ടുന്നതു്. ഇങ്ങനെ വരവു കുറഞ്ഞ കൊച്ചിരാജ്യംപോലും ഈ കാലസ്ഥിതിക്കനുസരിച്ച് ഒരുവിധം ജീവിക്കത്തക്കവണ്ണമുള്ള ശമ്പളം കൊടുത്തിരിക്കെ തിരുവിതാംകൂർ മൗനം ദീക്ഷിക്കുന്നതിന്റെ യുക്തി എനിക്കു മനസ്സിലാകുന്നില്ല. ഇന്നു ജനങ്ങളുടെ ഇടയിൽ പല തരത്തിലുള്ള അസ്വാസ്ഥ്യതകൾക്കും കാരണമുണ്ടാക്കിയതു് ഈ ശമ്പളക്കുറവു് ഒന്നുമാത്രമാണ്. അതിനുവേണ്ടിയുള്ള യാതൊരു പദ്ധതിയും ബഡ്ജറ്റിൽ കൊള്ളിച്ചുകാണാത്തതു് പരിതാപകരമായിപ്പോയെന്നു പറയാതിരിക്കാൻ തരമില്ല. സർ, ഇനി എനിക്കു് ഒന്നു പറയാൻ ഉള്ളതു് കുടിൽവ്യവസായത്തെ സംബന്ധിച്ചാണ്. കുടിൽവ്യവസായങ്ങൾ തിരുവിതാംകൂർ രാജ്യത്തിൽ അഭിവൃദ്ധി പ്രാപിച്ചിട്ടില്ലെങ്കിലും നിലവിലിരിക്കുന്ന പല കുടിൽവ്യവസായങ്ങളും തങ്ങളുടെ വ്യവസായഉൽപ്പന്നങ്ങളിൽ പല കള്ളത്തരങ്ങളും ചെയ്തുവിൽക്കുന്നതുകൊണ്ടു് വിദേശവിപണികളിൽ വില ഇടിഞ്ഞു് അധഃപതിക്കുന്നതിനിടയാകുന്നു. ഉദാഹരണമായി കയറിന്റെ കാര്യം തന്നെ എടുക്കാം. നല്ലകയർ പുറത്തു വച്ചുകെട്ടുകയും അകത്തു് ഒരുതരം കൊള്ളരുതാത്തവയും നനവുള്ളവയും പൊടിമണ്ണു പുരട്ടിയവയുമായ കയറുകൾ ചെലുത്തിയുമാണ് ഇന്നു വിററുവരുന്നതു്. ഈ ഏർപ്പാടു വ്യവസായത്തിനുതന്നെ ഹാനികരമാണ്. അതുപോലെ കുരുമുളകിന്റെ കാര്യ

[Mrs. Devaki Gopidas]

ത്തിലാണെങ്കിൽ ധാരാളം പതിരു് അതിൻെറകൂടെ കലർത്തിയാണു കയററുമതി ചെയ്യുന്നതു. ഇതും വ്യവസായത്തിൻെറ പരിപോഷണത്തിനെ തടയുന്നു. ഇങ്ങനെ തിരുവിതാംകൂറിൽ നിന്നും കയററുമതി ചെയ്യുന്ന സാധനങ്ങൾക്കു് അന്യരാജ്യങ്ങളിൽ മാർക്കററില്ലാതെ പോകുന്നതു കഷ്ടമാണു്. ഹാളണ്ടു മുതലായ സ്ഥലങ്ങളിൽ കയററുപായു് മുതലായ സാധനങ്ങൾ മെഷ്യനിൽ നെയ്തു വിൽക്കുന്നതുകൊണ്ടു് വളരെ വിലകുറച്ചു് അവർക്കു കൊടുക്കാൻ സാധിക്കുന്നു. തൻമൂലം നമ്മുടെ കയററുപായ്ക്കു് വിദേശങ്ങളിൽ നാം ഉദ്ദേശിക്കുന്ന വില കിട്ടാതെ നമ്മുടെ കയററുപായ്‌വ്യവസായം അധഃപതിച്ചു് ഇന്നു് കയർ ഫാക്ടറികൾ ചിലതെല്ലാം പൂട്ടുന്നതിനും അങ്ങനെ തൊഴിലാളികൾക്കു് തൊഴിലില്ലാതാകുന്നതിനും ഇടയായിരിക്കുന്നു. ആയതിനാൽ ഇവിടെനിന്നും കയറിഴ കയററുമതിചെയ്യുന്നതിനു് നല്ല നിരുത്സാഹപ്പെടുത്തുകയും നമ്മുടെ രാജ്യത്തുനിന്നും കയററി അയയ്ക്കുന്ന കയററുപായ്ക്കു് വലിയ തീരുവ ചുമത്താതിരിക്കുകയും ചെയ്യേണ്ടതാണു്. എനിക്കു് വേറെ ഒന്നു പറയുവാനുള്ളതു് ഇന്നത്തെ ജീവൽപ്രശ്നമായ വിദ്യാഭ്യാസത്തെപ്പററിയാണു്. ഞാൻ കഴിഞ്ഞ അവസരത്തിൽ പറഞ്ഞതുപോലെ ഇവിടത്തെ വിമൻസ് കാളേജു് ഒരു ഫസ്റ്റ് ഗ്രേഡ് കാളേജ് ആക്കണമെന്നു ഒന്നുകൂടി പറഞ്ഞുകൊള്ളുന്നു. ഇന്നു യൂണിവേഴ്സിററി കാളേജിലുള്ള പെൺകുട്ടികളുടെ ശതമാനം നോക്കുകയാണെങ്കിൽ ഞാൻ പറഞ്ഞതു് വാസ്തവമാണെന്നു ബോദ്ധ്യമാകും. മിക്ക ക്ലാസ്സുകളിലും ൪൦ ശതമാനവും ചില ക്ലാസ്സുകളിൽ ൯൦ ശതമാനവും പെൺകുട്ടികളാണു് ഉള്ളതു്. കാളേജ്കളിൽ അഡ്മിഷൻ ഓരോ കുട്ടിക്കും കിട്ടിയിട്ടുള്ള മാർക്കിൻെറ ശതമാനം അനുസരിച്ചായതിനാൽ ഇന്നു ആൺകുട്ടികളെ അപേക്ഷിച്ചു പെൺകുട്ടികൾക്കാണു് ചാൻസുള്ളതു്. കാരണം, അവരാണു് കൂടുതൽ മാർക്കു വാങ്ങുന്നതു്. (ഹീയർ ഹീയർ) അതുകൊണ്ടു് ആൺകുട്ടികളുടെ ചാൻസു പോകാതിരിക്കത്തക്കവണ്ണം ഗവൺമെൻറു് വേണ്ടതു് ചെയ്യേണ്ടതാണു്. ഈ പ്രാബ്ളത്തിനു് അതർഹിക്കുന്ന ഗൌരവം ഗവൺമെൻറു് കൊടുക്കുന്നില്ല എന്നു പറയാതെ തരമില്ല. കൂടാതെ ഇപ്പോൾ കാളേജ്കളിൽ പഠിപ്പിച്ചുവരുന്ന ഈ സയൻസും മററും ഒരു പെൺകുട്ടിക്കു് അവളുടെ ഭാവി ഗൃഹസ്ഥാശ്രമജീവിതത്തിൽ എന്തു ഗുണമാണു ചെയ്യുന്നതെന്നു് ഞാൻ ചോദിക്കുന്നു. പെൺകുട്ടികൾക്കു് അവരുടെ ഭാവിജീവിതത്തിൽ ഉതകത്തക്ക വിഷയങ്ങൾ അതായതു് ഡൊമസ്റ്റിക്കു് സയൻസ് മുതലായ വിഷയങ്ങൾ പഠിപ്പിക്കത്തക്കവിധം വിമൻസ് കാളേജിനെ ഫസ്റ്റ്ഗ്രേഡാക്കി ഉയ

ത്തേണ്ടതു് അത്യാവശ്യമാണെന്നു് ഒന്നുകൂടി പറഞ്ഞുകൊള്ളട്ടെ. ഞാൻ ആയുർവ്വേദത്തെ സംബന്ധിച്ചുകൂടി ഒരു വാക്കു പറഞ്ഞുകൊള്ളട്ടെ. കഴിഞ്ഞ ഏതാനും ദിവസങ്ങൾക്കുമുമ്പു് ആയുർവേദകാളേജിലെ കുട്ടികൾ സ്ട്രൈക്കു് നടത്തിയതായിട്ട് നമുക്കെല്ലാവക്കും അറിയാമല്ലോ. എന്നാൽ ആയുർവേദകാളേജെന്നൊരു സ്ഥാപനമുണ്ടെന്നുപോലും അറിയാത്ത ആളുകൾ നമ്മുടെ നാട്ടിൽ ഇന്നും ധാരാളം ഉണ്ടു. അതായതു് ഞാൻ പറഞ്ഞതിൻെറ അത്ഥം ആയുർവേദത്തെ അത്ര അഗണ്യകോടിയിലേക്കു തള്ളിയിരിക്കുന്നുവെന്നാണ്. തിരുവനന്തപുരം നിവാസികൾക്കുപോലും ആയുർവേദകാളേജ് എവിടെയാണു് സ്ഥിതിചെയ്യുന്നതെന്നു ശരിയായിട്ടറിഞ്ഞുകൂടാ. ആയുർവേദകാളേജെവിടെയാണെന്നു ചോദിച്ചാൽ പഴയ ജില്ലാക്കോടതിയാണെന്നാണ് മിക്കവരുടേയും ഉത്തരം. അതുകൊണ്ടു് ആയുർവേദത്തെ പരിപുഷ്ടമാക്കേണ്ടതു് അത്യന്താപേക്ഷിതമായ ഒരു കാര്യമാണ്. പൗരസ്ത്യ ആയുർവ്വേദചികിത്സ വളരെ ഫലപ്രദമാണ്. അതോടുകൂടി ക്ഷീരപാനമെന്ന ഒരു പ്രകൃതിചികിത്സാസംപ്രദായവും ഉണ്ടു. ഇവകളൊക്കെ നമ്മുടെ സ്വന്തം നേട്ടങ്ങളാണു്. അലോപ്പതിസംപ്രദായംകൊണ്ടു് വാശിയാകാത്ത അനവധി രോഗങ്ങൾ ആയുർവേദചികിത്സകൊണ്ടു് ശമനം ഉണ്ടായിട്ടുണ്ടെന്നു് എനിക്കു് അനുഭവമുള്ള സംഗതിയാണു. നാൾക്കുനാൾ രോഗികൾ വർദ്ധിച്ചുവരികയും എന്നാൽ ചികിത്സാസംപ്രദായം പഴയരീതിയിൽ നിന്നു യാതൊരു വ്യത്യാസവുമില്ലാതെ മന്ദഗതിയെ പ്രാപിച്ചിരിക്കയും ചെയ്യുന്നതു് വളരെ കഷ്ടമാണ്. സർ, രാജ്യത്തുള്ള യാചകരെ സംബന്ധിച്ചുകൂടി ഒരു വാക്കു പറഞ്ഞുകൊണ്ടു് എൻെറ പ്രസംഗം അവസാനിപ്പിക്കാമെന്നു ഞാൻ വിചാരിക്കുന്നു. സാംക്രമികരോഗങ്ങൾ പിടിപെട്ടിട്ടുള്ള അനവധി യാചകർ നാട്ടിൻെറ നാനാഭാഗങ്ങളിലും അലഞ്ഞുതിരിയുന്നു. അതുപോലെ ക്ഷയരോഗത്തിനെ സംബന്ധിച്ചും ഒരു വാക്കു പറയാതെ തരമില്ല. നമ്മുടെ ക്ഷയരോഗാശുപത്രി തീരെ പോരാതെയാണിരിക്കുന്നതു. അവിടെ പ്രവേശനം കിട്ടുന്നതിന് മാർഗ്ഗമില്ലാതെ, സ്ഥലമില്ലാതെ പല ക്ഷയരോഗികളും നാട്ടിൽ നടന്നു് ആ രോഗം പരത്തുന്നതായി നമുക്കെല്ലാവക്കും അറിയാം. ഈ രണ്ടു കാര്യങ്ങളെ സംബന്ധിച്ചു് അതായതു് ക്ഷയരോഗത്തിനെപ്പററിയും രോഗികളായ യാചകരെപ്പററിയും യാതൊരു പരിഹാരമാർഗ്ഗവും ചെയ്യുന്നതിനുള്ള ഒരു പ്രൊവിഷനാ ബഡ്ജററിൽ കൊള്ളിച്ചുകാണാത്തതിൽ ഞാൻ ഖേദിക്കുന്നു. അതുകൊണ്ടു് ഗവണ്മെൻറിൻെറ സത്വരശ്രദ്ധ ഈവക കാര്യങ്ങളിൽ പതിയുമെന്നു ഞാൻ വിശ്വസിക്കുന്നു.

MR. K. A. MATHEW: സർ, പ്രധാനമന്ത്രി ഇവിടെ അവതരിപ്പിച്ച ബഡ്ജററിനെപ്പററി പല ബഹുമാനപ്പെട്ട മെമ്പറന്മാരുടേയും നിരൂപണങ്ങൾ നടന്നുകഴിഞ്ഞു. കഴിഞ്ഞ പന്ത്രണ്ടു വർഷത്തെ നിരുത്തരവാദിത്വബഡ്ജററിന്റെ ശേഷം ജനകീയഗവണ്മെൻറിന്റെ ഒരു ബഡ്ജററ് കാണാൻ ഇടയായതിൽ എനിക്ക് അത്യധികമായ സന്തോഷമുണ്ട്. എന്നാൽ ൧൧൨൪-ലെ ബഡ്ജററ് നിയമസഭയിൽ കൊണ്ടുവരികയോ അതു പാസ്സാക്കുകയോ ചെയ്തിട്ടില്ല. അതിൽ നമുക്ക് സ്വീകാര്യമല്ലാത്തതും തിരസ്കൃതവുമായ പല ചെലവിനങ്ങളും അടങ്ങിയിട്ടുണ്ട്. തിരുവിതാംകൂറിന്റെ ധനം ഇഷ്ടാനുസരണമായിട്ടാണ് ഇവിടത്തെ സ്വേച്ഛാധിപതിയായിരുന്ന മുൻഭരണാധിപൻ വിനിയോഗിച്ചിരുന്നത്. ഈ വിനിയോഗത്തെപ്പററി അന്വേഷിക്കേണ്ട ചുമതല നമുക്കുണ്ട്. Political Expenditure-ന് ൨൫ ലക്ഷം രൂപയും Travancore Houses-ന് ൭ ലക്ഷവും ചെലവാക്കിയതായി ൧൧൨൪-ലെ ബഡ്ജററിൽ കാണുന്നു. ഈ ഭീമമായ തുകകൾ എങ്ങിനെ ചെലവഴിച്ചു എന്ന് അന്വേഷിച്ച് അറിയേണ്ടിയിരിക്കുന്നു. അതിൽ കഴിഞ്ഞ പന്ത്രണ്ടു വർഷക്കാലത്തെ ഗവണ്മെൻറിന്റെ സാമ്പത്തികമായ ഇടപാടുകളെപ്പററി സസൂക്ഷ്മം അന്വേഷിക്കുന്നതിനായിട്ടു ഒരു Finance Expert-നെ നിയമിക്കേണ്ടതു് ആവശ്യമാണ്. അതിലേക്ക് വേണ്ടിവന്നാൽ ഇൻഡ്യാഗവണ്മെൻറിൽനിന്നുതന്നെ ഒരു വിദഗ്ദ്ധനെ കടംവാങ്ങിയാലും തരക്കേടില്ല. സർ, എല്ലാ ഗവണ്മെൻറുകൾക്കും ഒരു ദീർഘകാലസാമ്പത്തിക പ്ലാനിംഗ് Long turn Financial Planning ഉണ്ടായിരിക്കേണ്ടതാണ്. വാർഷികബഡ്ജററിങ്ങിന് അതു് മാർഗ്ഗനിർദ്ദേശകം (Guide) മായിരിക്കും. സോവിയററ് റഷ്യായിലെ പ്ലാനിംഗ് ഇതിനൊരു ഉദാഹരണമാണ്. ഒരു സാമ്പത്തിക വിദഗ്ദ്ധൻ പറയുന്നതു് "A Definite and Comprehensive five year plan should be prepared, revised and extended each year, and thus made to serve as the ground—work for the annual budget" അങ്ങിനെയുള്ള ഒരു ദീർഘകാല പ്ലാനിംഗ് ഈ ജനകീയ ഗവണ്മെൻറിന്റെ ബഡ്ജററിൽ കാണാഞ്ഞതിൽ എനിക്ക് ഇച്ഛാഭംഗം ഉണ്ട്.

സർ, ഈ ബഡ്ജററിൽ പഴയ ബഡ്ജററുകളുടെ ഛായ ധാരാളം കാണ്മാനുണ്ട്. ലൈഫ് ഇൻഷ്വറൻസ ഫണ്ട് (൪൭ ലക്ഷത്തിൽ ചില്വാനം രൂപാ) ടീച്ചേഴ്സ പ്രാവിഡൻറ് ഫണ്ട (൬൯ ലക്ഷത്തിൽ ചില്വാനം രൂപ) എസ്സ്. പി. ഫണ്ടു

[Mrs. Devaki Gopidas.]

ഒരാളിന്ന് അവന്റെ ഒരുചാൺ വയറു പിഴയ്ക്കുന്നതിന്നു സാധിക്കുന്നില്ല എന്നുള്ളതാണു്. രണ്ടുതുള്ള ചോറെങ്കിലും ദിവസവും കിട്ടിക്കൊണ്ടിരുന്ന ഒരുവന് ഒരുരുള്ളപോലും ഇപ്പോൾ അരിവില കൂടിയതിനാൽ കിട്ടുന്നില്ല എന്നുള്ള സംഗതി ഒരു ഗൃഹനായികകൂടി ആയ എനിക്കു നേരിട്ടറിവുള്ളതാണു. അതിനാൽ ഒരു സർപ്ലസ് ബഡ്ജററു് അവതരിപ്പിക്കുകയും അരിക്കു വില കൂട്ടുകയുംചെയ്തതു് ഒട്ടും ന്യായീകരിക്കത്തക്കതല്ല. നമുക്ക് അല്പം നഷ്ടം നേരിട്ടാൽ തന്നെയും അരിയുടെ വില കൂട്ടാൻ പാടില്ലായിരുന്നുവെന്നാണു എന്റെ അഭിപ്രായം. സാധാരണക്കാരന്റെ സഹകരണം ഗവണ്മെൻറിന്നു കിട്ടണമെങ്കിൽ അവന്റെ ജീവൽപ്രശ്നങ്ങൾക്കു പരിഹാരം കണ്ടുപിടിക്കേണ്ടതാണു്. ഇന്നത്തെ അസ്വസ്ഥതയ്ക്കുള്ള പ്രധാന കാരണങ്ങളിലൊന്നു മേൽപ്പറഞ്ഞതു തന്നെയാണു്. മറെറാന്നു് പബ്ളിക്ക് സർവീസാണു്. പബ്ളിക്ക് സർവീസിൽ ബഹുഭൂരിപക്ഷം ആളുകൾക്കും ഇന്നു കിട്ടുന്ന ശമ്പളം വളരെ തുച്ഛമാണു്. ഒരഞ്ചാറു ദിവസത്തിന്നു മുൻപു് കൌമുദിയിൽ പ്രസിദ്ധീകരിച്ചിരുന്ന ഒരു ലേഖനം വായിക്കുന്നതിനിടയായി. അതിൽ ഒരു പാവപ്പെട്ട താഴ്ന്ന ശമ്പളക്കാരൻ പ്രസ്താവിച്ചിരുന്ന സംഗതി വളരെ പരമാർത്ഥമാണെന്നെനിക്കു തോന്നി.

സർ, എത്ര പരമാർത്ഥമാണു് ആ കത്തിൽ പ്രസ്താവിച്ചിരിക്കുന്നതു. സാമാനങ്ങളുടെ അമിതമായ വിലക്കൂടുതൽ നിമിത്തം തിരുവിതാംകൂറിലെ ഇടത്തരക്കാരായ ശമ്പളക്കാർ അനുഭവിച്ചുകൊണ്ടിരിക്കുന്ന ദുരിതങ്ങളുടെ നഗ്നമായ ഒരു രൂപമാണു് ആ കത്തിൽ പ്രതിഫലിക്കുന്നതു്. പ്രതിമാസം ൩൦ സക്കാർ രൂപമാത്രം വേതനം വാങ്ങുന്ന ഒരു എൻ. ജി. ഓ-യുടെ കത്താണതു്., അയാൾക്കു് മാതാവും പിതാവും ഭാര്യയും ആറു കുട്ടികളും ഉള്ള ഒരു കുടുംബത്തെയാണു് പുലർത്തേണ്ടിയിരിക്കുന്നതു്. ഈ ഒരു ദുഃസ്ഥിതി തുടർന്നുകൊണ്ടുപോകുവാൻ അയാളുടെ ക്ഷമ അധികംകാലം അനുവദിക്കുന്നില്ല. അയാൾ പറയുന്നു, താമസംവിനാ ഇതിന്നു് ഒരു പരിഹാരം ഗവണ്മെൻറുണ്ടാക്കിതന്നില്ലെങ്കിൽ തൂങ്ങിച്ചാകുമെന്നു്. സർ, ഈ ഒരു ദുഃസ്ഥിതി തിരുവിതാംകൂറിൽ തുടർന്നുകൊണ്ടുപോകുന്നപക്ഷം എൻ. ജി. ഓ-മാർക്ക് കാര്യക്ഷമമായി ജോലിചെയ്യാനുള്ള കെല്പു നശിച്ചു് ഒരുവക നൈരാശ്യത്തിൽ പരിണമിക്കുന്നു. ഈ പ്രാബ്ളം ഗവണ്മെൻറു് അങ്ങനെ അലസതയിൽ തള്ളാനുള്ള ഒന്നല്ല. അതിന്നുവേണ്ടി ഇവിടെ ഒരു പേ കമ്മീഷൻ ഉണ്ടാക്കി താഴ്ന്നതരം ശമ്പളക്കാരുടെ ശമ്പളം വർദ്ധി

(൪൨ ലക്ഷത്തിൽ ചില്വാനം രൂപാ) മുതലായ ഫണ്ടുകൾ Gilt-edged securities-ൽ നിക്ഷേപിക്കേണ്ടതാണ്. അവ സർക്കാർ ഖജനാവിൽ ഉണ്ടെങ്കിൽ അപ്രകാരം ഇട്ടിരിക്കുന്നതു് നഷ്ടകരമാണ്. Advances repayable ആയിട്ട് ഒന്നരകോടി രൂപാ ലെഡ്ജററിൽ കാണുന്നു. ആർക്കാണ് ഈ തുക അഡ്വാൻസായി നൽകിയതെന്നും അവ മടക്കി കിട്ടുവാൻ ഇടയുണ്ടോ എന്നും അറിയേണ്ടിയിരിക്കുന്നു. ൯ ശതമാനം പലിശയോടുകൂടെ ഫൻ ൭൪-ലും മൂന്നര ശതമാനം പലിശയോടുകൂടെ ഫൻ ൭൬-ലും കൊടുത്തു തീർക്കേണ്ടതായ ഏതാനും സ്പെഷ്യൽ ലോൺസ് ഉണ്ട്. ഈ വൻതുകയെല്ലാം തിരിയെക്കൊടുക്കേണ്ടതു് എങ്ങിനെയാണെന്നു നാം ചിന്തിക്കേണ്ടതാണ്. സ്പെഷ്യൽ ലോൺസ് എടുക്കുന്ന സമ്പ്രദായം അപലപനീയമാണ്. ഒരു ഗവണ്മെൻറിന് ലോൺ എടുക്കേണ്ട ആവശ്യം വരുമ്പോൾ പരസ്യമായിട്ടല്ലാതെ രഹസ്യമായിട്ട് ചെയ്യാറില്ല. പ്രൈവററായി കടം എടുക്കുന്ന ഈ സ്പെഷ്യൽ ലോൺ സമ്പ്രദായം നഷ്ടഹേതുകമാണ്; സംശയാസ്പദമാണ്. അതു് നിർത്തണം. ഇതിനും പുറമെ സസ്പെൻസ് അക്കൗണ്ട് (Suspense) എന്ന ഒരു ഇനത്തിൽ ൨൭ ലക്ഷം രൂപാ കൊള്ളിച്ചിട്ടുണ്ട്. ഇത്ര വലിയ തുക പ്രസ്തുത ഇനത്തിൽ കൊള്ളിച്ചിരിക്കുന്നതു് ശരിയല്ല. സംസ്ഥാനത്തെ അക്കൗണ്ട്സ് ഡിപ്പാർട്ടുമെൻറിനെ സമൂലം പരിഷ്കരിക്കേണ്ട ആവശ്യം നമുക്ക് നേരിട്ടിട്ടുണ്ട്. അതിലേക്ക് ഫിനാൻസിനെപ്പററി നല്ല വൈദഗ്ദ്ധ്യം ഉള്ള ഒരാളെ നിയമിക്കേണ്ടതാണ്. അതിനു വേണ്ട നടപടികൾ ഗവണ്മെൻറ് സ്വീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഗവണ്മെൻറിൻെറ നിയന്ത്രണത്തിന് വിധേയമാകാതെ സ്വതന്ത്രമായി ഗവണ്മെൻറിൻെറ കണക്കുകൾ പരിശോധിക്കുന്നതിന് ഒരു Audit ഡിപ്പാർട്ടുമെൻറ് ഉണ്ടായിരിക്കണം. അനേക ഡിപ്പാർട്ടുമെൻറുകളുടെ ചുമതല വഹിക്കുന്ന ഇന്നത്തെ പ്രധാനമന്ത്രി ധനവകുപ്പ് മന്ത്രികൂടെ ആയിരിക്കുന്നതു് കാര്യക്ഷമതയ്ക്കു ഹാനികരമാണെന്ന് എനിക്ക് തോന്നുന്നു. അതുകൊണ്ട് ഫിനാൻസ് ഡിപ്പാർട്ടുമെൻറ് ഒരു പ്രത്യേക മിനിസ്റ്ററുടെ ചുമതലയിലാക്കണമെന്ന് ഞാൻ ഗവണ്മെൻറിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു. പ്രധാനമന്ത്രി ധനവകുപ്പു മന്ത്രി കൂടെ ആയിരിക്കുന്നതു് സാധാരണയല്ല. ഇൻഡ്യാഗവണ്മെൻറിലൊ പ്രവശ്യ ഗവണ്മെൻറുകളിലൊ അപ്രകാരം ഒരു പതിവ് ഉള്ളതായി അറിയുന്നില്ല. Political Expenditure എന്ന ഇനത്തിൽ ൯ ലക്ഷം രൂപാ ചേർത്തിരിക്കുന്നതും അതു് Nonvotable ആക്കിയിരിക്കുന്നതും മുൻ ഗവണ്മെൻറിൻെറ നടപടിയുടെ പകർപ്പാണ്. മന്ത്രിമാ

[Mr. K. A. Mathew]

കൂടെ ഭരണത്തിന് വിട്ടുകൊടുത്തിരിക്കുന്ന State Guest Department, Government House എന്നിവ ഈ ഇനത്തിൽ ചേർത്തിരിക്കുന്നതു് ആക്ഷേപാർഹമായിരിക്കുന്നു. ഗവണ്മെൻറിന് യാതൊരു ബന്ധമോ നിയന്ത്രണമോ ഇല്ലാത്ത ഡെയറി ഫാറത്തിന് (Dairy Farm) പതിനേഴായിരം രൂപാ ബഡ്ജററ് ചെയ്തിരിക്കുന്നതു് നീതീകരിക്കത്തക്കതല്ല. അതിൽനിന്നുള്ള ആദായം എന്തെന്ന് ഗവണ്മെൻറിന് അറിവില്ല.

സർ, ഗവണ്മെൻറു് സമാരംഭിക്കുന്ന സൃഷ്ടിപരമായ പദ്ധതികൾക്ക് വേണ്ടി നമ്മുടെ ഗവണ്മെൻറിനെ അനുമോദിക്കുന്നു. മദ്യനിരോധനം, വയോജനവിദ്യാഭ്യാസം, ലൈബ്രറി പ്രസ്ഥാനം, പൊതുജനാരോഗ്യം, വൈദ്യസഹായം ഇവയെല്ലാം നമ്മുടെ ജനസാമാന്യത്തിൻെറ ഉൽക്കർഷത്തെ ലാക്കാക്കിയുള്ളതാണ്. മദ്യനിരോധനബില്ലിൽ ഇവിടെ ആലോചനയ്ക്കു് വന്നപ്പോൾ എനിക്ക് പറയുവാനുള്ളതു പറഞ്ഞതുകൊണ്ടു് പ്രസ്തുതവിഷയത്തെ പററി വീണ്ടും പ്രസ്താവിക്കണമെന്ന് ഉദ്ദേശിക്കുന്നില്ല. തിരുവിതാംകൂർ മുഴുവനും കാലവിളംബം കൂടാതെ മദ്യനിരോധനത്തിൻെറ പ്രയോജനം അനുഭവിക്കുന്നതിന് ഇടയാകണം.

വയോജനവിദ്യാഭ്യാസത്തിനായി ഒരു ലക്ഷം രൂപാ നീക്കിവച്ചിട്ടുണ്ടു്. അതു മതിയായ ഒരു തുകയാണെന്നു പറഞ്ഞുകൂടാ. വയോജനവിദ്യാഭ്യാസത്തിൽ ഗവണ്മെൻറു കൂടുതൽ ശ്രദ്ധപതിപ്പിക്കുമെന്നും കൂടുതൽ സംഖ്യ അതിനുവേണ്ടി ചെലവാക്കുമെന്നും ഞാൻ വിശ്വസിക്കുന്നു.

സർ, നമ്മുടെ ജനകീയ ഗവണ്മെൻറു് വിജയിക്കേണ്ടതു് സാമാന്യജനങ്ങളുടെ ആവശ്യമാണ്. നാം പ്രജായത്തഭരണത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. തിരുവിതാംകൂറിലെ സാധാരണജനങ്ങൾക്ക് വേണ്ടിയുള്ള ഒരു ബഡ്ജററാണെന്ന് ധനകാര്യമന്ത്രി അവകാശപ്പെടുന്നു. നമ്മുടെ രാജ്യത്തിൻെറ സാമൂഹ്യദോഷങ്ങളായ ദാരിദ്ര്യം, രോഗം, അജ്ഞത ഇവയോട് അനസ്യൂതമായി സമരം ചെയ്തു അവയെ ഉച്ചാടനം ചെയ്യുകയും ജനങ്ങളുടെ സാന്മാർഗ്ഗികവും, സാമൂഹ്യവും, സാമ്പത്തികവുമായ പുരോഗതിയെ ത്വരിതപ്പെടുത്തുന്നതിന് യത്നിക്കുകയും ആണ് നമ്മുടെ ജനകീയ ഗവണ്മെൻറിൻെറ പ്രഥമവും പ്രധാനവുമായ

കത്തവ്യം. ഇതു് സാധിക്കണമെങ്കിൽ Planning ആവശ്യമത്രെ. യുദ്ധകാലത്തു ഗവണ്മെൻറുകൾക്ക് രാജ്യത്തെ വിഭവങ്ങൾ resources വിജയപ്രദമായി organise ചെയ്യുന്നതിനും പ്ലാൻ ചെയ്യുന്നതിനും സാദ്ധ്യമാണെങ്കിൽ സമാധാനകാലത്തും അതു് സാദ്ധ്യമാകണം. എന്നാൽ ഗവണ്മെൻറിന് ഒരു sense of urgency ഉണ്ടായിരിക്കണം. ഒരു പഞ്ചവത്സരപദ്ധതിയോ ദശവത്സരപദ്ധതിയോ ആസൂത്രണം ചെയ്യുന്നതിനു ഒരു planning committee യെ ഗവണ്മെൻറു് ഉടനെ രൂപീകരിക്കണം. പ്ലാൻ ചെയ്തു മുമ്പോട്ടുപോകുകയാണെങ്കിൽ വളരെ കാര്യങ്ങൾ ചെയ്യുവാൻ സാധിക്കും.

സർ, ഒരു ജനകീയഗവണ്മെൻറിൻെറ ഭരണം വിജയപ്രദമായിത്തീരണമെങ്കിൽ സിവിൽ സർവീസിൻെറ സഹകരണം അത്യാവശ്യമത്രെ. സിവിൽ സർവീസ് സത്യസന്ധതയോടും, കൃത്യബോധത്തോടുംകൂടി വർത്തിക്കുകയാണെങ്കിൽ ജനകീയ ഗവണ്മെൻറിൻെറ ശ്രമം നിശ്ചയമായും വിജയപ്രദമായിത്തന്നെ തീരുന്നതാണു്. ഉദ്യോഗസ്ഥന്മാർ അവരുടെ out look മാററണം. ഗവണ്മെൻറിനെ ഉലയ്ക്കുന്നതിനു ശ്രമിക്കുന്ന ഉദ്യോഗസ്ഥന്മാരോടു നിർദ്ദാക്ഷിണ്യം പെരുമാറണം. ഉത്തമന്മാരും സത്യസന്ധന്മാരും സാമാന്യജനങ്ങളോടു് അനുകമ്പയും സ്നേഹവും ഉള്ള ഉദ്യോഗസ്ഥന്മാർ ആയിരിക്കണം നമ്മുടെ പബ്ളിക്ക സർവ്വീസിൽ ഉണ്ടായിരിക്കേണ്ടതു്. അവർ ജനങ്ങളോടു് എങ്ങനെയാണു് പെരുമാറുന്നതെന്നു നോക്കിയാണു് തിരുവിതാംകൂറിൻെറ ഭരണത്തെ സംബന്ധിച്ച് വിധികല്പിക്കുന്നതെന്നുള്ള കാര്യം മറന്നു പോകരുതു്. തിരുവിതാംകൂറിലെ സിവിൽ സർവീസ് ശുദ്ധീകരിക്കേണ്ടതു് വളരെ അത്യാവശ്യമാണു്. ഇന്നു് ഈ ഹൌസിൽതന്നെ ഉദ്യോഗസ്ഥന്മാരുടെ അഴിമതികളെപ്പററിയും കൈക്കൂലിയെപ്പററിയും പല വിമർശനങ്ങൾ നടന്നു കഴിഞ്ഞു. ഇനി നടക്കാനും ഇരിക്കുന്നു. ജനകീയഭരണം വിജയിക്കുന്നതിനുള്ള ശ്രമങ്ങൾ ചെയ്യുമ്പോൾ ദുഷിച്ച ഒരു സിവിൽസർവ്വീസ് വലിയ ഒരു പ്രതിബന്ധമായിരിക്കുമെന്നുള്ളതിനു സംശയമില്ല. ഇന്നു നമ്മുടെ നാട്ടിൽ എല്ലാവരും വിശ്വസിക്കുന്നതു് കോഴകൊടുത്തല്ലാതെ ഒരു കാര്യവും സാധിക്കയില്ലെന്നാണു്. കൈക്കൂലിയും അഴിമതിയും ഇല്ലാതാകുന്നതിനുള്ള കർശന നടപടികൾ നിർദ്ദാക്ഷിണ്യമായി നമ്മുടെ മന്ത്രിസഭ സ്വീകരിക്കുമെങ്കിൽ വളരെ കാര്യങ്ങൾ സാധിക്കുമെന്നുള്ളതിനു സംശയമില്ല. ഇന്നു മുമ്പുണ്ടായിരുന്നതിലും കൂടുതൽ അഴിമതി

[Mr. K. A. Mathew]

നാട്ടിൽ ഉണ്ടെന്നാണ് പൊതുവെയുള്ള വിശ്വാസം. ആ ധാരണ നീക്കണമെങ്കിൽ മന്ത്രിസഭ വളരെ കർക്കശമായ നടപടികൾ സ്വീകരിച്ചേ മതിയാകുകയുള്ളു. ചിലപ്പോൾ ഈ സെക്രട്ടറിയേറ്റിന്റെ വരാന്തയിൽക്കൂടി പോകുമ്പോൾ അനേകം സൂപ്രണ്ടുമാരും ക്ലാർക്കുമാരും അലസരായി സമയം കഴിച്ചുകൂട്ടുന്നതു എനിക്കു കാണാനിടയായിട്ടുണ്ട്. സെക്രട്ടറിയേറ്റിലെ സ്ഥിതി ഇങ്ങനെയാണെങ്കിൽ പ്രാദേശികസ്ഥലങ്ങളിലുള്ള ആഫീസുകളിൽ എങ്ങനെയിരിക്കുമെന്ന് ഊഹിക്കാമല്ലോ. ഈ അവസ്ഥമാറിക്കിട്ടേണ്ടതു ഏറ്റവും അത്യാവശ്യമായ ഒരു കാര്യമാണ്. അതുകൊണ്ട് ഈ വിധം അഴിമതികളെയും കൈക്കൂലിയെയും ഉച്ചാടനം ചെയ്യുന്നതിനു ഒരു Anti-Corruption (ആന്റികറപ്ഷൻ) കമ്മിറ്റി ഉണ്ടായിരിക്കേണ്ടതാണ്. ഓരോ താലൂക്കിലും കഴിയുമെങ്കിൽ ഓരോ പകുതിയിലും അങ്ങനെ ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

പബ്ളിക്ക് സർവീസിൽ സമുദായ നീതി പരിപാലിക്കുന്നതിനും കാര്യക്ഷമതയും സത്യസന്ധതയും ഉള്ള ആളുകളെ തെരഞ്ഞെടുക്കുന്നതിനും വേണ്ടി എല്ലാ നിയമനങ്ങളും പബ്ളിക്ക് സർവ്വീസ് കമ്മിഷൻ മുഖേന മാത്രമേ ആകാവൂ. വർഗ്ഗീയ ചിന്തകൾക്ക് അതീതരും സ്വഭാവശുദ്ധിയുള്ളവരും ആയ മൂന്നു ആളുകളെ ചേർത്തു ഒരു കമ്മിഷൻ രൂപീകരിച്ചു ആ കമ്മിഷൻ മുഖേന ആയിരിക്കണം എല്ലാ ഉദ്യോഗങ്ങൾക്കും ആളുകളെ തിരഞ്ഞെടുക്കേണ്ടതു. അങ്ങനെയായാൽ നമ്മുടെ മന്ത്രിമാർക്ക് സ്വൈരമായി ജോലിചെയ്യുവാൻ സാധിക്കും. തിരുവിതാംകൂറിലെ എല്ലാ നിയമനങ്ങളും ഹജൂരിലെ നിയമനങ്ങൾ ഉൾപ്പെടെ ആ കമ്മിഷന്റെ പരിധിയിൽ കൊണ്ടുവരേണ്ടതാണ്. ഇന്നത്തെ ഗവൺമെന്റ് ജനങ്ങൾക്ക് പ്രയോജനകരമായ പല പദ്ധതികളും സ്വീകരിക്കുന്നതിന് ആലോചിക്കുന്നുണ്ട്. അവയെല്ലാം പ്രയോഗത്തിൽ വരണമെങ്കിൽ സത്യസന്ധന്മാരായ ഉദ്യോഗസ്ഥന്മാരടങ്ങിയ ഒരു സിവിൽ സർവ്വീസ് ഉണ്ടായിരിക്കേണ്ടതാണ്. ജനസാമാന്യം ഇന്നത്തെ ഗവൺമെന്റിന്റെ ജനകീയഭരണത്തെ അളക്കുന്നതു ഉദ്യോഗസ്ഥന്മാരുടെ പെരുമാറ്റമാകുന്ന അളവുകോൽകൊണ്ടാണ്. ഇപ്പോൾ രാജ്യത്തു വന്നിരിക്കുന്ന പരിവർത്തനത്തിന് അനുസരണമായി ഉദ്യോഗസ്ഥവൃന്ദം പ്രവർത്തിക്കുന്നതിനു ഒരു ആഹ്വാനവും കർശനമായ താക്കീതും പ്രധാനമന്ത്രി അവർക്ക് നൽകേണ്ടതാണ്. സിവിൽ സർവ്വീസിനെ ശുദ്ധീകരിക്കുന്നതിനു നമ്മുടെ മന്ത്രിസഭ ശ്രമിക്കുന്നില്ലെങ്കിൽ അവർ പരാജയം

അടയുകയേ ഉള്ളൂ എന്നാണെനിക്കു പറയുവാനുള്ളത്. ഈ സമയത്തു എന്റെ ഓർമ്മയിൽ വരുന്നതു് ഒരു ചൈനീസ് ഗവർണ്ണരുടെ വാക്കുകളാണ്. അവ ഇപ്രകാരമാണ്:

'For the re-making of the province I need two things. I need money; and I need men who will honestly expend that money. I can get the first; but I cannot get the second.'

അതുതന്നെയാണ് തിരുവിതാംകൂർ ഗവണ്മെന്റിനേയും ഇന്നു അഭിമുഖീകരിക്കുന്ന പ്രശ്നം. ഇതിനെ ഒരു വെല്ലുവിളിയായി സ്വീകരിച്ചു നമ്മുടെ ജനകീയഗവണ്മെന്റു സത്യസന്ധന്മാരായ ഒരു ഉദ്യോഗസ്ഥവൃന്ദത്തെ സമ്പാദിക്കുന്നതിന് ശ്രമിക്കുകയാണെങ്കിൽ, അതുതന്നെയായിരിക്കും ജനകീയഭരണത്തെ വിജയിപ്പിക്കുന്നതിനുള്ള ഒന്നാമത്തെ പടി എന്നു് പറഞ്ഞുകൊണ്ടു് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചു കൊള്ളുന്നു.

MR. R. ATCHUTHAN (*Kottarakara III—Kurava*) : സർ, ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ബഡ്ജററിനെ ഞാൻ സ്വാഗതം ചെയ്യുന്നു. പക്ഷെ വളരെ ശുഭപ്രതീക്ഷകളോടുകൂടിയിരുന്ന പൊതുജനങ്ങളുടെ ദൃഷ്ടിയിൽ നാം ഒരു പുറകോട്ടുപോകുകയല്ലേ ചെയ്തിരിക്കുന്നതെന്നു ഞാൻ സംശയിക്കുന്നു. ലോകൈകവന്ദ്യനായ മഹാത്മാഗാന്ധിയുടെ ആദർശങ്ങളിലും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിലും നമുക്കെവർക്കും—ഈ സഭാവാസികൾക്കും പുറത്തുള്ള ആളുകൾക്കും—വളരെ ഭക്തിയും ബഹുമാനവും ഉണ്ടെന്നുള്ള കാര്യം നാം പ്രത്യേകം ഓർമ്മിക്കേണ്ടതാണ്. ജനകീയഗവണ്മെന്റിന്റെ ആദ്യത്തെ ബഡ്ജററിനെ ഈ സഭാവാസികളായ മെമ്പറന്മാർ അനുകൂലിക്കുമ്പോൾ ഈ രാജ്യത്തെ എല്ലാ ജനങ്ങളും അതിനെ അനുകൂലിക്കുന്നുവെന്നാണ് അർത്ഥമാക്കേണ്ടതു്. ഈ ബഡ്ജററിൽ അടങ്ങിയിരിക്കുന്ന തത്വങ്ങളേയോ സാമ്പത്തികപ്രശ്നങ്ങളെയോകുറിച്ചു് എന്തെങ്കിലും ഇപ്പോൾ പറയുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എങ്കിലും നമ്മുടെ ഗവണ്മെന്റു പ്രത്യേകം താൽപര്യത്തോടുകൂടി പ്രവർത്തിക്കുമെന്ന വിശ്വാസത്തിൽ ഒന്നു രണ്ടു കാര്യങ്ങൾ സൂചിപ്പിക്കുവാൻ ഞാനാഗ്രഹിക്കുന്നു. മദ്യനിരോധനം ഈ ബഡ്ജററിലുള്ള ഏററവും നല്ല കാര്യങ്ങളിലൊന്നാണ്. എന്നാൽ മദ്യനിരോധനം നടപ്പാക്കുന്ന ഗവണ്മെന്റിന് ഇവിടത്തെ സാധാരണക്കാരായ ആളുകളുടെയും ഉദ്യോഗസ്ഥന്മാരു

[Mr. K. Atchuthan]

ടെയും ആനുകൂല്യം അത്യന്താപേക്ഷിതമാണ്. വാസ്തവം പറയുകയാണെങ്കിൽ ഇവിടത്തെ താണതരം ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വർദ്ധിപ്പിച്ച് അവരുടെ ജീവിതത്തോതു് ഉയർത്തുകയാണെങ്കിൽ അതുതന്നെയായിരിക്കും ജനകീയഭരണത്തെ വിജയിപ്പിക്കുന്ന ഒന്നാമത്തെ സംഗതി എന്നാണ് എനിക്കു പറയുവാനുള്ളതു്. പോലീസിന്റെ സഹായം മദ്യനിരോധനത്തിൽ ഏററവും അത്യാവശ്യമാണ്. ൧൪ രൂപാ മുതൽ ൧൮ രൂപാവരെ ശമ്പളം വാങ്ങിക്കുന്ന പോലീസുദ്യോഗസ്ഥന്മാർ കൈക്കൂലിക്കാരും അഴിമതിക്കാരുമാണെങ്കിൽ അവരെ കുററപ്പെടുത്താൻ ആർക്കും സാദ്ധ്യമല്ല. നമ്മുടെ ജനകീയഗവണ്മെൻറിന്റെ അന്തസ്സിനും അഭിമാനത്തിനും യോജിച്ചതരത്തിൽ താണശമ്പളക്കാരായ പോലീസുദ്യോഗസ്ഥന്മാർക്കു കുറഞ്ഞതു് ൪൦, ൫൦ രൂപായെങ്കിലും ശമ്പളം കൊടുത്തതിനു ശേഷം കൈക്കൂലിവാങ്ങരുതെന്നു ഒരു ആർഡർ കൊടുത്താൽ അതു് മനസ്സിലാക്കാൻ കഴിയും. ഇതു് പോലീസുദ്യോഗസ്ഥന്മാരെമാത്രം സംബന്ധിക്കുന്ന ഒരു കാര്യമല്ല. അഞ്ചൽ, എക്സൈസ് മുതലായ മററു എല്ലാ ഡിപ്പാർട്ടുമെൻറുകളിലും ഉള്ള താണ ശമ്പളക്കാരായ ഉദ്യോഗസ്ഥന്മാരുടെ ജീവിതത്തോതു ഉയർത്തേണ്ടതു് ജനകീയഭരണം നടത്തുന്ന ഇവിടത്തെ മന്ത്രിസഭയുടെ ഒഴിച്ചുകൂടാൻ പാടില്ലാത്ത കർത്തവ്യമാണ്.

പിന്നൊന്നു് എനിക്കു പറയുവാനുള്ളതു് പിന്നോക്കസമുദായങ്ങളുടെ കാര്യമാണ്. മുൻകൊല്ലങ്ങളെ അപേക്ഷിച്ചു വളരെക്കൂടുതലായ ഒരു തുക ഇക്കൊല്ലത്തെ ബഡ്ജററിൽ പിന്നോക്കസമുദായങ്ങളുടെ സംരക്ഷണത്തിനും ഉദ്ധാരണത്തിനുംവേണ്ടി നീക്കിവച്ചിട്ടുണ്ടെന്നു കാണുന്നതു് ഏററവും ചാരിതാർത്ഥ്യജനകമാണ്. കഴിഞ്ഞകൊല്ലം ഒരു മുന്നേമുക്കാൽ ലക്ഷത്തോളം രൂപാ പിന്നോക്കസമുദായസംരക്ഷണത്തിനു നീക്കിവയ്ക്കുകയും അതു ചെലവാക്കുകയും ചെയ്തിട്ടുണ്ടെന്നു ബഡ്ജററിൽ നിന്നു മനസ്സിലാകുന്നതാണ്. ഇക്കൊല്ലം ഒരു നാലേകാൽ ലക്ഷം രൂപാ നീക്കിവച്ചിരിക്കുന്നതു് പിന്നോക്കസമുദായങ്ങളുടെ ഐശ്വര്യാഭിവൃദ്ധിക്കും അവശതാപരിഹാരത്തിനും ഏററവും പററിയ ഒരു തുകയാണെന്നു് ഞാൻ കരുതുന്നു. ഓരോ ഗ്രാമത്തിലും ഗ്രാമപഞ്ചായത്തുകൾ സ്ഥാപിച്ചു അവശസമുദായോദ്ധാരണം സാധിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു ജനകീയഭരണം നടത്തിക്കൊണ്ടു

പോകുവാൻ നാം ആഗ്രഹിക്കുന്നതെന്നുള്ള എന്റെ അറിവ് ശരിയാണെങ്കിൽ അതു പ്രയോജനകരമായിരിക്കും. ഇവിടത്തെ താണതരം ഉദ്യോഗസ്ഥന്മാർക്കു ശമ്പളം കൂട്ടിക്കൊടുത്ത് അവരുടെ ജീവിതത്തോത് ഉയർത്തുകയും വീടില്ലാത്തവന് വീടും വസ്ത്രമില്ലാത്തവന് വസ്ത്രവും ആഹാരമില്ലാത്തവന് ആഹാരവും ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യേണ്ടതു് അത്യാവശ്യമാണ്. ഇക്കാര്യങ്ങൾ ഇതിനുമുമ്പും പല മെമ്പറന്മാരും നിയമസഭകളിൽ പറഞ്ഞിട്ടുള്ളതാണ്. പക്ഷെ അവയെല്ലാം നടപ്പിൽവരുത്തേണ്ട ഒരു കാലഘട്ടം ഇതാണ്. പിന്നോക്കസമുദായ സംരക്ഷണം ഏററവും പ്രാധാന്യമർഹിക്കുന്ന ഒരു സംഗതിയാണ്. വളരെ പിന്നണിയിൽ നിൽക്കുന്ന പത്തുപതിനെട്ടു ലക്ഷം ജനങ്ങൾ ഈ രാജ്യത്തുണ്ടെന്നു നാമേവരും ഓർമ്മിക്കണം. വളരെ വളരെ പിന്നണിയിൽ നിൽക്കുന്ന കുറവർ, പറയർ, വേടർ തുടങ്ങി ഹരിജനങ്ങൾ എന്നു പറയുന്നവരെയെല്ലാം ഉയർത്തിക്കൊണ്ടുവരേണ്ടതു് ജനകീയഭരണം നടത്തുന്ന മന്ത്രിമാരുടെ കടമയാണ്. അവർക്കുവേണ്ടി നീക്കിവച്ചിരിക്കുന്ന തുക വഴിപോലെ വിനിയോഗിക്കുവാൻ മന്ത്രിസഭ ഉത്സാഹിക്കുകയും പ്രയത്നിക്കുകയും ചെയ്യുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഇപ്പോൾതന്നെ പിന്നോക്കസമുദായ സംരക്ഷണഡിപ്പാർട്ടുമെൻറിൽ നിന്നു പല സ്ഥലങ്ങളിലും ഹരിജൻ ഹോസ്റ്റലുകൾ ഉണ്ടാക്കിയിട്ടുണ്ട്. ഹരിജൻ കാളണികളും, വായനശാലകളും കൂടാതെ പകൽ സ്കൂളുകൾ എന്നീവകയും ഏർപ്പെടുത്തിയിട്ടുണ്ട്. ഹരിജൻ വിദ്യാർത്ഥികളെ സൗജന്യമായി പഠിപ്പിക്കുന്നതിനും അവർക്കു ഗ്രാൻറുകൊടുക്കുന്നതിനും ഏർപ്പാടുകൾ ഉണ്ട്. എന്നാൽ വാസ്തവത്തിൽ ഇവയെല്ലാം ശരിയായി നടക്കുന്നുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. ഇപ്പോൾ ഹരിജൻ ഹോസ്റ്റലുകളിൽ താമസിക്കുന്ന കുട്ടികൾക്കു ഇതുവരെയും പാഠപുസ്തകങ്ങളും വസ്ത്രങ്ങളും കൊടുത്തിട്ടില്ലെന്നാണ് എന്റെ അറിവ്. അവക്ക് വേണ്ടതുകൊടുക്കുവാൻ മന്ത്രിസഭ ഉത്സാഹിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ബഡ്ജററിനെക്കുറിച്ച് ഇത്രമാത്രമേ എനിക്കു പറയുവാനുള്ളു. ഈ രാജ്യത്തെ ൯൯ ശതമാനക്കാരായ പാവപ്പെട്ടവരുടെ വോട്ടോടുകൂടിയാണ് നാം ഇവിടെ വന്നിരിക്കുന്നതെന്നുള്ള കാര്യം എപ്പോഴും ഓർമ്മിച്ച് അവരുടെ അവശതാപരിഹാരത്തിനുവേണ്ടി വേണ്ടതു പ്രവർത്തിച്ച് ജനകീയഭരണം നയിച്ചുകൊണ്ടുപോകണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

MR. SREE V. DAS: Sir, கடந்த பல வருஷங்களாக எதேச்சாதிகாரத்தின்கீழ் கிடந்து கஷ்டப்பட்ட நாம் மக்களாட்சி வந்ததும் நமது கஷ்டங்கள் நீங்கும், தேவைகள் பூர்த்தியாகும் என்று எதிர்பார்த்தோம். ஆனால் அதற்கு நேர்மாறாக நம் முன் சமர்பபிக்கப்பட்டிருக்கும் பட்ஜற்று பெருத்த ஏமாற்றத்தை அளித்துவிட்டது என்பதை வருத்தத்துடன் தெரிவித்துக்கொள்கிறேன்.

சுதந்திர சர்க்கார் வந்தவுடனேயே எல்லாக் குற்றங்களும் நீங்கிவிடும் என்று எதிர்பார்ப்பது முறையல்ல என்பது நன்கு தெரியும். நேருஜீ சொன்னார்கள், "சுதந்திர சர்க்கார் வந்தவுடன் மக்களின் குறைபாடுகள் அத்தனையும் ஒழித்துக்கட்ட எங்களிடம் மந்திரக்கோல் இல்லை. இப்பொழுது அடிப்படைத் திட்டங்களில்தான் முனைந்து நிற்கிறோம். அது சரிப்பட்டதும் சகல க்ஷேமங்களையும் எதிர்பார்க்கலாம்" என்று. ஆம் அதை நன்கு ஞாபகத்தில் வைத்துக்கொண்டுதான் பேசுகிறேன். அதை ஆதாரமாகக்கொண்டு இந்த பட்ஜற்றை பரிசீலனை செய்ததில் எந்தவிதமான அடிப்படைத் திட்டங்களையும் காணமுடியவில்லை. உண்மையில் நிதிமந்திரியின் நேரடி கவனத்தில் இப்பட்ஜற்றுத் தயாரிக்கப்பட்டிருந்தால், சிறந்த பல அம்சங்களைக் கொண்டதாக இருக்குமென்று நிச்சயமாக நம்பலாம். ஆனால் பழங்காலந்தொட்டு சென்றுபோன திவான்களின் உண்மைச் சீடர்களாக இருந்து உழைத்துக் கோடிக் கணக்கான ரூபாய்களை கணக்கில் காண்பிக்கும் வல்லமைபடைத்த பட்ஜற்று நிபுணர்களின் தயாரிப்பில் வந்த பட்ஜற்று அம்முறையில் அல்லது வேறு எந்த முறையிலிருக்கும்? எது என்னவானாலும் மந்திரிசபை குழப்பங்களின் மத்தியில் ஜாதி அதிகார வெறியினிடையே ஒரு கடைக்கணக்குப் பட்டிகையை தயாரித்தாவது இதுதான் பட்ஜற்று என்று ஒன்றை அளித்தார்களே அதற்காக எனது நன்றி.

எனக்கு அளிக்கப்பட்டிருக்கும் குறித்த சமயத்திற்குள் கூடுதலான விஷயங்களைப்பற்றி கூடுதல் பேசமுடியாமையால் உணவுப்பிரச்னையைப்பற்றி ஒரு சிலவார்த்தைகள் பேச விரும்புகிறேன்.

நமது பிரதமர் பட்ஜற்று முகவுரையில், "உணவு தானியம் கையிருப்பு 34,000 டன். அது ஐந்து வாரங்களுக்குத்தான் போதுமானது. வெளியிலிருந்து வேறு தானியம் வந்தால்தான் நமது உணவுப்பஞ்சம் தீரும்" என்று ஒரு பட்டினி பட்ஜற்றை சுட்டிக்காண்பித்தார். மேலும் இன்னும் சில வருஷங்களுக்கு நாம் உணவு தானியத்திற்குப் பிறரை எதிர்பார்ப்பது சரியல்ல. நாமே நமக்குப்போதிய உணவு உற்பத்தி செய்ய வேண்டும் என்று ஹிதோபதேசம் செய்தார். அப்படிப்பட்ட பட்ஜெற்றில் என்னென்ன உணவு பெருக்குதல் திட்டங்களை உட்படுத்தியிருக்கிறார் என்று ஊடுருவிப் பரிசீலனை செய்துபார்த்ததில் பெருஞ்சாணி அணை கட்டுவதற்கு (11½) பதினொன்றரை லட்சம், குளங்களை விருத்தி செய்யக் கூட பல லட்சம், போஸ்டுவார் றீகன்ஸ்ட்ரக்ஷனில் எங்கள் டெப்புட்டிலீடர் திரு. கே. சிவராமபிள்ளை கூறியதுபோல பொய்க்கணக்கு லட்சங்கள்.

இந்த பதினொன்றரை (11½) லட்சத்தை ஒருவேளை-சந்தேகந்தான்-இந்த வருஷத்திலேயே செலவு செய்ய முன்வந்தாலுந்தான்-அதுபதிவில்லை-

அணைக்கட்டுக்கு எத்தனை ரூபாய் செலவாகும்? அணைக்கட்டை மேல்பார்க்கும் அரசாங்க இலாகாவிற்கு 50 சதமானம் சம்பளம். அதாவது ஐந்தே முக்கால் ($5\frac{3}{4}$) லட்சம் ரூபாய். கண்டிருக்டர்களுக்கு லாபம் கால்பங்கு. மீதி ரூபாயில் சுமார் ஒன்றேகால் ($1\frac{1}{4}$) லட்சம் ரூபாய். Dapartment பதிவு பங்குத்தொகை வேறு. இவ்வளவும் போக ஆண்டவன்தான் அறிவான் எவ்வளவு ரூபாய் அணைக்கட்டில்செலவாகுமென்று. இதற்கிடையில் Expert யாரையாவது கொண்டுவந்து விட்டால் மிச்சமேயில்லை.

குளங்களை விருத்தி செய்ய பல லட்சம் ரூபாய்கள். ஆம். கடந்த பல வருஷப் பட்ஜற்றுகளில் உட்படுத்தப்பட்ட குளங்களேதான். திரும்பத் திரும்ப பல இடங்களில் உருமாறியும், பெயர் மாறியும் தலைகளை நீட்டுகின்றன. சானல்களை செப்பனிடும் விஷயத்தையே காணோம். ஒன்றிரண்டு இடங்களில் சம்பளங்களுக்குத்தக்க தொகை காணப்படுகிறது. இன்றும் கடைவரம்பு நிலங்கள் பல காலமாக வறண்டு கிடக்கின்றன. ஏன்? போதிய குளங்கள் இல்லாமலும், தேவையான ஜலத்தை சானல்கள் தாங்கிக்கொண்டுச் செல்ல சக்தி இல்லாததினால்தான். ஆம். கண்ணிருந்தும் காணமுடியவில்லையானால் கடவுள்தான் காப்பாற்றவேண்டும்.

இந்திய சர்க்கார் இந்த நெருக்கடியான சமயத்திலும்கூட ஹிராகுட், ராமபாதசாகர், கோதாவரி போன்ற பல முக்கியமான அணைக்கட்டுத்திட்டங்களை ஏராளமான பொருள் செலவில் கட்டிக்கொண்டிருக்கும்போது சுமார் ($3\frac{1}{4}$) மூன்றேகால் லட்சம் ரூபாய் செலவில் நாங்களும் ஒரு அணை கட்டப்போகிறோம் என்பது நகைப்புக்கு இடமானது. ஏதோ நமக்கு இருக்கும் புத்தியை உபயோகித்தாலே போதும். ஒரு வருஷத்திற்குள் திருவிதாங்கூரை நெற்களஞ்சியமாகச் செய்துவிடலாம். எங்ஙனம்? பொருள் இருக்கிறதா? பிரதமரே கூறுகிறார், இரண்டுவருடத்தில், அதாவது 1122 லும் 1123 லுமாக வெளியிடத்திலிருந்து உணவுதானியங்களை இறக்குமதி செய்து இங்கு விநியோகஞ் செய்ததால் ($296\frac{1}{4}$) இருநூற்றித் தொண்ணூற்றி ஆறேகால் லட்சம் ரூபாய் நஷ்டம் ஏற்பட்டிருக்கிறதென்று (இதன் கணக்கு பட்ஜற்றில் கூட இல்லை). இன்னும் அடுத்துவரும் வருஷங்களிலும் இதற்கு ஒப்பான தொகை நஷ்டமடைய நேரிடுமென்று தெரிந்திருந்த போதிலும் அந்தத்தொகையை கடன் வாங்கியாவது உணவு தானிய உற்பத்தியை திட்டங்கள் மூலம் பெருக்கக் கூடாதா? திருவிதாங்கூரில் இவ்வருடத்தில் மொத்த வருமான மாகிய 8,54,61,150 ரூபாயில் 44·8 சதமானம் உத்தியோகஸ்தர்களுக்கு சம்பளமாகப் போகிறது.

பட்ஜட் மெமோராண்ட பக்கம் 9-ல் மொத்த வருமானத்தில் உத்தியோகஸ்தர்களின் சம்பளங்களைக் குறிப்பிடுவதாவது: ஸர் ஸி. பி. காலத்தில்—

1120-ல்	29·88	சதமானம்
1121-ல்	34·14	,,
1122-ல்	37·74	,,
1123-ல்	37· 8	,,

பொறுப்பாட்சி கிடைத்ததன்று அதாவது 1124-ல் 44·8 சதமானம் சம்பளமாக கொடுக்கப்படும்.

[Mr. Sree V. Das]

இதனிடையில் ரிசர்வ் போலீசை இருமடங்காக்குவதற்கு திட்டம் வேறு. பட்டாளத்தைக் கூட்ட திட்டம் வேறு. ஆனை வரும் பின்னே, மணியோசை வரும் முன்னே என்ற பழஞ்சொல் போல தங்கள் எதேச்சாதிகாரங்களை நிலை நிறுத்த, பட்டினி கிடக்கும் மக்களைப் பயமுறுத்தி, அதிகார ஆட்சி பீடங்களை காக்க விருப்ப முள்ளதால் தான் இந்த பொல்லாத காரியங்களில் மிகுந்த பொருள் செலவு செய்ய திட்டம் போட்டிருக்கிறார்கள். இதனிடையில் உணவு பிரச்சனைக்கு மாத்திரம் பணமில்லை. பரிதாபம். இரண்டு வருஷங்களில் நஷ்டப்பட்ட ($296\frac{1}{4}$) இருநூற்றி தொண்ணூற்றி ஆறேகால் லட்சம் ரூபாய் இன்னும் அந்த முறையில் கூடுதல் கடனை எதிர்பார்க்கும் பெருந்தொகையில் பாதித்தொகை செலவு செய்ய மனம் வந்தால் போதும் மயங்காமல் வாழலாம்.

நெய்யாறு ஸ்கீமிற்கு 20 லட்சம் ரூபாய்கள்.
சிற்றாறு ஸ்கீமிற்கு 10 ,,
பெரியாறு அணைக்கு 50 ,,
சானல்கள் குளங்கள்
பழுது பார்க்க 20 ,,

என ஆக 1 கோடி செலவு செய்துவிட்டால் அடுத்து வரும் வருஷங்களில் எதிர் பார்க்கும் கடன் லாபம். உணவு தானியம் மிகுதியாகக் கிடைக்கும். சுபிட்சம் நிலவும். பொறுப்பாட்சி என்பது பழைய இரும்பாட்சி அல்ல என்பதை தெளிவு படுத்தி விடலாம். நாம் சொல்வதினால் பலன் என்ன?

அதிகார பீடம் அசைய வேண்டாமா? மக்களை பட்டினி நோய் பற்றும் போது பலன் கிடைக்கும்.

உலக மகாயுத்தம் வளர்ந்து படர்ந்து வரும் சமயத்தில் நமக்குப் போதிய உணவை நாமே தயாரிக்கவில்லையானால், பட்டினி நோய் வாய்பட்டு மக்கள் பரிதவிக்காமல் இருக்க வேண்டுமானால், ஆட்சிப் பீடங்கள் அதிர்ச்சியுற்று ஆட்டங்கண்டு அழிந்தொழிந்து அடிமாய்ந்து போகாமலிருக்க வேண்டுமானால், புதிய முறையில் பட்ஜற்றுத் திருத்தி அமைக்கப் பட வேண்டும் என்பது எனது துணிச்சலான எச்சரிக்கை. தலைவர் அவர்களின் மணி சப்தமிடுகிறது. கடைசியாக ஒரு விஷயத்தைக் கூறி விட்டு முடிக்கிறேன்.

அ. இ. கா. பொதுக் காரியதரிசி திரு. சங்கரராவ் தேவ் இங்கு விஜயம் செய்திருந்தபோது "எனது, கொச்சி, திருவிதாங்கூர் யாத்திரையின் போது மூன்று இடங்களில் சவுக்கைகளையும், வழிமறித்தான்களையுங்கண்டேன். இவைகளெல்லாம் வெள்ளையனின் சிருஷ்டி. மக்களைப் பிரித்து வைத்து, வேற்றுமைப் படுத்தும் சின்னம். சுதந்திர இந்தியாவில் இச்சின்னங்களுக்கு இனி இடமளிக்கக் கூடாது. இந்த கழிகளை களையவேண்டும். சுதந்திர இந்தியாவை பலப்படுத்தத் துணை செய்யுங்கள்," என்று சொன்னார்கள். அதையே நான் இப்பொழுது நினைவூட்டுகிறேன். கொச்சி மக்கள் நமக்கு அன்னியர்களா?

அவர்களை கொள்ளைக்காரர்களைப் போல, கள்ளர்களைப் போல, நமது பிரதேசத்தினுள் நுழையும்போது நாம் நடத்தும் முறை நியாயந்தானா? அவர்களுடைய பெட்டி, படுக்கை, துணி மணிகள், இவைகள் எல்லாவற்

றையும் சோதனை செய்வது பொறுப்பாட்சிக்கு உகந்ததுதானா? தமிழ் நாட்டு மக்களுக்கு ஆலவாய் மொழி சவுக்கை. முக்கியமாக வடக்கே கொச்சி எல்லைச் சவுக்கைகள். நாம் பட்டினி என்று கை நீட்டும் போது உணவை அளித்து உயிரை காப்பாற்றியவர்களிடம் நாம் நடத்தும் சவுக்கை முறைகள் ஒழுங்குதானா? ஒருவேளை அவர்களும் சற்று யோசித்து சவுக்கைகளை வைத்து நம்மையும் சோதனை போடுவதுடன் அங்கிருந்து வரும் சாமான்களுக்கும் சரியான தீர்வைகளையும் தேங்காய்க்கு இறக்குமதி தீர்வையும் விதிப்பார்களானால் நமது கதி என்னவாகும் என்று சிந்திக்க வேண்டாமா? முந்திக் கொள்வோம். எப்பொழுதும் போல ஜன நாயகத்தின் பேரால் ஒரே இந்தியா என்ற உணர்ச்சியால் ஆங்கிலேயனின் வேற்றுமைச் சின்னங்களான சவுக்கைகளையும், வரம்புகளையும், அழித் தொழித்து ஒரு பலமான ஐக்கிய இந்தியாவை உடைத்து வார்த்தெடுக்க வேண்டும். வணக்கம்.

MR. RAPHAEL J. RODRIGUEZ (*Quilon IV—Latin Catholic*) : സർ, തിരുവിതാംകൂറിലെ ആദ്യജനകീയ ഗവണ്മെന്റിന്റെ ആദ്യബഡ്ജറ്റു് അവതരിപ്പിക്കാൻ ഭാഗ്യമുണ്ടായ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയെ മററു മെംബറന്മാരോടൊപ്പം ഞാനും അഭിനന്ദിക്കുന്നു. ഇങ്ങനെ ചെയ്യുന്നതിൽ പത്തു വർഷത്തിലധികം സ്ഥൈര്യമായും ധൈര്യമായും സ്വാതന്ത്ര്യസമരം നടത്തിയ തിരുവിതാംകൂർ ജനതയെയാണു് ഞാൻ അഭിനന്ദിക്കുന്നതു്. എന്തുകൊണ്ടെന്നാൽ അദ്ദേഹം ആ സമരത്തിന്റെ സേനാനായകനും വിജയചിഹ്നവും ആണു്.

ഇതു് ഒരു സാധാരണ മനുഷ്യന്റെ ബഡ്ജറ്റല്ല എന്നു്, ഇവിടെ വിമർശിക്കപ്പെടുകയുണ്ടായി. അദ്ദേഹം അങ്ങനെയാണെന്നു് അവകാശപ്പെട്ടിട്ടില്ല. ഒരു ജനകീയഗവണ്മെന്റിന്റെ ബഡ്ജറ്റിന്റെ മാനദണ്ഡം അതു് എത്രത്തോളം സാധാരണ മനുഷ്യന്റെ നിലയെ ഉയർത്തുന്നതിനു് സഹായിക്കുന്നു എന്നുള്ളതാണെന്നു് അദ്ദേഹം സമ്മതിച്ചു. അതേസമയംതന്നെ ഈ ബഡ്ജറ്റു് ആ വിഷയത്തിൽ അപര്യാപ്തമാണെന്നും അദ്ദേഹം സമ്മതിച്ചു. അതിനു് സമാധാനമായി അദ്ദേഹം പറഞ്ഞതു് പരിതഃസ്ഥിതികൾ അനുവദിച്ചില്ല എന്നാണു്. പരിതഃസ്ഥിതികളാൽ പരാജിതനാകുന്നതിലല്ല അവയെ ജയിച്ചു് കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിലാണു് ഒരു വ്യക്തിയുടെയെന്നപോലെ ഒരു ഗവണ്മെന്റിന്റെയും നേട്ടം അടങ്ങിയിരിക്കുന്നതു് എന്നു് അദ്ദേഹത്തെ വിനയപൂർവം അനുസ്മരിപ്പിച്ചുകൊള്ളുന്നു.

ബഡ്ജറ്റിൽ ആരുടേയും സവിശേഷമായ ശ്രദ്ധയെ ആകർഷിക്കുന്നതു് മദ്യനിരോധനം ആണെന്നു കാണാം. അതിൽ ഞാൻ ഗവണ്മെന്റിനെ അനുമോദിക്കുന്നു. അതേസമയംതന്നെ ഇതു് ഗവണ്മെന്റിനു്

[Mr. Raphael J. Rodriguez]

കൂടുതൽ സഹകരണം ആവശ്യമാകുന്ന മൂന്നുനാലു താലൂക്കുകളിൽ കൂടെ ഏർപ്പെടുത്തിയിരുന്നെങ്കിൽ ഗവൺമെൻറിനു് അതു് കൂടുതൽ വിജയകരവും പ്രയോജനകരവുമാക്കി കാണിക്കാമായിരുന്നുവെന്നു് അറിയിച്ചുകൊള്ളട്ടെ. അതിനു് തടസ്സമായി ബഹുമാനപ്പെട്ട ധനകാര്യമന്ത്രി കാണുന്നതു് ഇതുമൂലം ഉണ്ടാകുന്ന നഷ്ടം പരിഹരിക്കാനുദ്ദേശിക്കപ്പെട്ടിരിക്കുന്ന വില്പന നികുതി ബഡ്ജററു വർഷത്തിൻെറ മദ്ധ്യത്തോടുകൂടിയെ നടപ്പിൽ വരുത്താൻ സാധിക്കൂ എന്നുള്ളതാണു്. കാലേകൂട്ടി നിശ്ചയിച്ചിരുന്ന സ്ഥിതിക്കു് വില്പന നികുതി വർഷാരംഭത്തിൽ നടപ്പാക്കത്തക്കവണ്ണം അതുസംബന്ധിച്ച ബിൽ കാലേകൂട്ടി അവതരിപ്പിക്കുന്നതിനു് വേണ്ട നടപടികൾ സ്വീകരിക്കാൻ പാടില്ലായിരുന്നോ എന്നുള്ള ചോദ്യത്തിനു് അവകാശമുണ്ടെന്ന കാര്യം പ്രസ്താവിച്ചുകൊള്ളട്ടെ.

മേൽ പറഞ്ഞതിൽനിന്നും വില്പനനികുതിയെ ഞാൻ സ്വാഗതം ചെയ്യുന്നു എന്നു് ധരിക്കേണ്ടതില്ല. അതുമൂലം മദ്യപാനം ചെയ്യുന്നവരുടെമേൽ ചുമത്തിയിരുന്ന ഭാരം എല്ലാ ജനങ്ങളുടേയും ചുമലിലേക്കു് മാററിയെന്നേ അർത്ഥമാക്കേണ്ടതായി കാണുന്നുള്ളു. ഇങ്ങിനെ എല്ലാ ജനങ്ങളേയും ബുദ്ധിമുട്ടിക്കേണ്ടിയില്ലായിരുന്നു എന്നാണു് എൻെറ വിനീതമായ അഭിപ്രായം. അതിനു പകരം അമിതാദായനികുതിയാണു് കൂടുതൽ സ്വീകാര്യം. അതുമൂലം ജനങ്ങളറിയാതെ കച്ചവടക്കാരും വ്യവസായികളും ജനങ്ങളുടെമേൽ ചുമത്തി സ്വകാര്യത്തിലേക്കു് വിനിയോഗിച്ചുകൊണ്ടുവരുന്ന നികുതിയുടെ ഒരു ഭാഗം ഗവൺമെൻറു് പിടിച്ചെടുക്കുക മാത്രമേ ചെയ്യുന്നുള്ളു.

അടുത്തതായി നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നതു് ഗ്രാമോദ്ധാരണത്തിനായി നീക്കിവച്ചിരിക്കുന്ന മുപ്പത്തിരണ്ടേമുക്കാൽ ലക്ഷം രൂപയാണു്. ഇതു് ഏററവും അഭിനന്ദനീയമാണെന്നുള്ളതിൽ തക്കമില്ല. പക്ഷെ ഒരു കാര്യം ഗൗനിക്കേണ്ടതായിരിക്കുന്നു. ൧൧൨൩-ലെ എസ്റ്റിമേററിൽ ഈ ഇനത്തിൽ ഇരുപത്തിനാലുലക്ഷം രൂപാ കൊള്ളിച്ചിരുന്നുവെങ്കിലും പുനരാവർത്തിച്ച എസ്റ്റിമേററിൽ അതു് ൧൨ ലക്ഷമായി കുറഞ്ഞിരിക്കുന്നു. അതിനുള്ള കാരണം ൨൪ ലക്ഷം ചെലവാക്കാനുദ്ദേശിച്ചിരുന്ന ഗ്രാമോദ്ധാരണം സാധിതപ്രായമാകുന്നതിനു് ശരിയായ ഒരു പദ്ധതി ആസൂത്രണം ചെയ്യാതിരുന്നതാണെന്നു് അനുമാനിക്കേണ്ടതല്ലേ? അങ്ങനെയാണെങ്കിൽ ഇപ്പോൾ നീക്കി വച്ചിരിക്കുന്ന മുപ്പത്തിരണ്ടേമുക്കാൽ ലക്ഷവും അതിലധികവും തുക ചെലവാക്കി ഗ്രാമോദ്ധാരണം

വിജയകരമാക്കുന്നതിലേക്ക് വേണ്ട പ്രവർത്തനപദ്ധതി ആസൂത്രണം ചെയ്യുന്നതിൽ ഒട്ടും കാലതാമസം വരുത്താൻ പാടില്ലാത്തതാണ്.

ഗ്രാമീണപുനരുദ്ധാരണംകൊണ്ടു സാമാന്യജനത്തിന്റെ നില ഉയർത്താമെന്നുള്ളതിന് യാതൊരു തർക്കവും ഇല്ല. അതുമൂലം ഭരണാധികാരം വികേന്ദ്രീകരിക്കയാണ്. അതാണ് ഒരു ജനകീയ ഗവൺമെൻറ് ചെയ്യേണ്ടതും. എന്നാൽ അത് വിജയകരമാക്കണമെങ്കിൽ ആ പ്രവർത്തനം സഹകരണാധിഷ്ഠാനത്തിൽ നടത്തപ്പെടണമെന്നുള്ളത് ഏററവും അത്യന്താപേക്ഷിതമായി ഞാൻ കരുതുന്നു. ആ അധിഷ്ഠാനത്തിൽ മാത്രമേ ചുമതലാബോധവും സേവനബുദ്ധിയും ധർമ്മബോധവുമുള്ള പ്രവർത്തകന്മാരെ അതിന്റെ വിജയകരമായ പ്രവർത്തനത്തിനായി ലഭിക്കുകയുള്ളു. സഹകരണപ്രസ്ഥാനം അഭിവൃദ്ധിപ്പെടുത്തുന്നതിനായി ൩൦ ലക്ഷം നീക്കിവച്ചിരിക്കുന്നത് ശ്രദ്ധേയമായി ചൂണ്ടിക്കാണിക്കുകയുണ്ടായി. എന്നാൽ ഞാൻ പറയുന്നത് അത് മുന്നാണ്ടുകളെ അപേക്ഷിച്ച് ഒരു ചെറിയ തുകയാണെന്നാണ്. ൧൯൫൨-ലെ എസ്റ്റിമേററിൽ ൩൫ ലക്ഷം രൂപാ കൊള്ളിച്ചിരുന്നുവെങ്കിലും എസ്റ്റിമേററ് പുനരാവർത്തിച്ചപ്പോൾ അത് ൩൨.൧ ലക്ഷമായി കുറഞ്ഞു. ൧൯൫൩-ലേക്ക് അത് വീണ്ടും ൩൦ ലക്ഷം രൂപായായി കുറഞ്ഞു. അത് സഹകരണത്തെ പോഷിപ്പിക്കാനുള്ള ആഗ്രഹമല്ല കാണിക്കുന്നത്. സഹകരണം അഭിവൃദ്ധിപ്പെടുത്തേണ്ടിയിരിക്കുന്നു. സഹകരണപ്രസ്ഥാനത്തെപ്പററി ഇപ്പോൾ ഭൂരിപക്ഷം ജനങ്ങൾക്കും ഒരവജ്ഞയാണുള്ളത്. അത് ഡിപ്പാർട്ടുമെൻറിന്റെ പോരായ്മയല്ലേ കാണിക്കുന്നത്? ആ നില മാററണം. എന്നാൽ മാത്രമേ ഗ്രാമോദ്ധാരണം വിജയകരമാകയുള്ളു.

വിദ്യാഭ്യാസത്തിനായി മുന്നാണ്ടുകളെ അപേക്ഷിച്ച് കൂടുതൽ തുക നീക്കിവച്ചിരിക്കുന്നത് സമുചിതമായിട്ടുണ്ട്. എന്നാൽ പ്രൈവററ് പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ ഗ്രാൻറിനെ സംബന്ധിച്ച് തക്കതായ തീരുമാനം ചെയ്യാതിരിക്കുന്നത് ശോചനീയമാണ്. എട്ടുമാസക്കാലമായി അല്പശമ്പളക്കാരായ ഈ അദ്ധ്യാപകന്മാരിൽ ഒരു വലിയ വിഭാഗത്തിന് ശമ്പളം കിട്ടാതെ കഷ്ടപ്പെടുന്ന സംഗതി അതർഹിക്കുന്ന പ്രാധാന്യത്തോടെ വീക്ഷിക്കേണ്ടതാണ്. വിദ്യാഭ്യാസപരിഷ്കാരം സംബന്ധിച്ച് നിയമിതമായ വിദഗ്ദ്ധകമ്മിററിയുടെ മററെല്ലാം ശുപാർശകളും സ്വീകരിച്ചു നടപ്പിൽ വരുത്തിയിരിക്കെ എന്തുകൊണ്ട് പ്രൈവററു സ്കൂൾ അദ്ധ്യാപകന്മാരെ സംബന്ധിച്ചുള്ള കാര്യം മാത്രം സ്വീകരിക്ക

[Mr. Raphael J. Rodriguez.]

ന്നില്ല എന്ന് മനസ്സിലാകുന്നില്ല. ഡിമാക്രസി വിജയകരമാക്കണമെങ്കിൽ വിദ്യാഭ്യാസം കൂടുതൽ വ്യാപിക്കേണമല്ലോ. അതിനായി സ്തുത്യർഹമായ വിധത്തിൽ സേവനം ചെയ്തിട്ടുള്ള പ്രൈവററു ഏജൻസികളെ നിരുത്സാഹപ്പെടുത്തുന്നതു് ശരിയല്ല. വിദ്യാഭ്യാസം കൂടുതൽ പ്രചരിക്കുന്നതിന് അവരെ സഹായിക്കേണ്ടതിൻെറ ആവശ്യകത ഗവമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

ഈ അവസരത്തിൽ പ്രൈവററു സെക്കൻഡറിസ്കൂൾ അദ്ധ്യാപകന്മാരുടെ കാര്യവും പ്രസ്താവിക്കേണ്ടിയിരിക്കുന്നു. തുല്യയോഗ്യതയുള്ളവർ തുല്യജോലി ചെയ്യുമ്പോൾ അതിന് തുല്യപ്രതിഫലം കൊടുക്കണമെന്നുള്ളതു് വെറും ഒരു മൌലികാവകാശമാണു്. ഈ മൌലികാവകാശം സംരക്ഷിക്കേണ്ടതു് ഏതൊരു പരിഷ്കൃതഗവമെൻറിൻേറയും ചുമതലയാണു്. അതിനാൽ ഇക്കാര്യത്തിൽ വേണ്ടതു ചെയ്യണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.

സാധാരണ ജനങ്ങളിൽ ഗണ്യമായ പങ്കു് കുറഞ്ഞ ശമ്പളക്കാരായ ഗവമെൻറുദ്യോഗസ്ഥന്മാരാണു്. അവരുടെ കാര്യം വിഗണിക്കുന്നതു് സാധാരണ ജനങ്ങളുടെ നില ഉയരത്തുന്നതിൽ ഗവമെൻറിനു് താല്പര്യമില്ല എന്നുള്ളതിനു് സമമാണു്. ഗവമെൻറുദ്യോഗങ്ങൾക്കായുള്ള ശമ്പളത്തിൽ ഏററവും കുറഞ്ഞതു് ൩൦ രൂപാ ആയിരിക്കണമെന്നുള്ള അഭിപ്രായക്കാരനാണു് ഞാൻ. അഞ്ചൽ ഡിപ്പാർട്ടുമെൻറു പരിഷ്കാരത്തിൽ ചില വ്യത്യാസങ്ങൾ ചെയ്തതായി കാണുന്നു. കുറഞ്ഞ ശമ്പളക്കാരെ വേണ്ടുവോളം സഹായിക്കുന്നില്ല. അഞ്ചൽ വകുപ്പിലേയും നീതിന്യായവകുപ്പിലേയും മൂന്നു ഗ്രേഡുകളിലുള്ള ക്ലാർക്കന്മാരുടെ ശമ്പളക്രമം താരതമ്യപ്പെടുത്തി നോക്കുകയാണെങ്കിൽ അഞ്ചൽ ഡിപ്പാർട്ടുമെൻറിൽ ൩൦–൫–൪൦൦ എന്ന സ്കെയിലിൽ ൪൫–൨൫–൧൫ എന്ന സ്കെയിലിൽ ൬൯–൭൦–൯൨൫ എന്ന സ്കെയിലിൽ ൨൩൯–ം ഉദ്യോഗങ്ങൾ ഉള്ളതായി കാണുന്നു. നീതിന്യായവകുപ്പിൽ, ജില്ലാക്കോടതികളും മുൻസിഫ്കോടതികളും മാത്രം നോക്കിയാൽ മേൽപ്പറഞ്ഞ സ്കെയിലുകളിൽ യഥാക്രമം ൨൬–ം ൨൩–ം ൨൨ ൬–ം ഉദ്യോഗങ്ങൾ ഉള്ളതായി കാണാം. എനിക്കിതിൽ പറയാനുള്ളതു് ഇവയുടെ ശതമാനം നോക്കുമ്പോൾ അഞ്ചൽവകുപ്പിലെ ക്ലാർക്കന്മാർക്കു് വലുതായ അസമത്വം ഉണ്ടെന്നാണു്. നീതിന്യായവകുപ്പിൽ ഈ ശതമാനം ൪൨.൫, ൪൨.൫, ൧൫, എന്നായിരിക്കുമ്പോൾ

അഞ്ചൽ വകുപ്പിൽ അതു ൪, ൫, ൬ എന്നാണെന്നു കാണാം. തന്മൂലം അഞ്ചൽവകുപ്പിലെ ആളുകളിൽ കൂടുതൽ ശമ്പളസ്കെയിൽ ലഭിക്കാൻ സാധിക്കുന്നവരുടെ എണ്ണം മറ്റേ ഡിപ്പാർട്ടുമെൻറിനെ അപേക്ഷിച്ച് ഒട്ടും നീതീകരിക്കാൻ പാടില്ലാത്തവിധം കുറവായിതിരുന്നു. ഈ അസമത്വം നീക്കത്തക്കവണ്ണം സ്കെയിലുകൾ ക്രമപ്പെടുത്തേണ്ടതിന്റെ ആവശ്യകത ഗവൺമെൻറിന്റെ ശ്രദ്ധയിൽകൊണ്ടുവന്നുകൊള്ളുന്നു. എനിക്ക് കുറഞ്ഞ ശമ്പളക്കാരായ ഗവൺമെൻറുദ്യോഗസ്ഥന്മാരുടെ ശമ്പളക്രമത്തെപ്പറ്റി പറയാനുള്ളത്, അത് പല ഡിപ്പാർട്ടുമെൻറുകളിലും പലതായിരിക്കരുത് എന്നുള്ളതാണ്. എല്ലായിടത്തും ഒരുപോലെയാക്കിയാൽ അസംതൃപ്തിക്ക് അവസാനമുണ്ടാകുന്നതാണ്.

നിയന്ത്രണങ്ങളെപ്പറ്റി ഭക്ഷ്യധാന്യങ്ങളും വസ്ത്രവും നൂലും കൂടി പറഞ്ഞുകൊള്ളട്ടെ. എല്ലാവർക്കും ന്യായമായി ലഭിക്കത്തക്കവണ്ണം അവ ശരിപ്പെടുത്തും എന്ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഉറപ്പു തന്നിരിക്കുന്നതു് ഏറ്റവും ചാരിതാർത്ഥ്യജനകം തന്നെ. അതു കണിശമായി പാലിക്കപ്പെടുന്നതിന് വേണ്ടപോലെ ശ്രദ്ധ പതിപ്പിക്കണമെന്നു മാത്രമേ പറയുന്നുള്ളു. എന്നാൽ സിമൻറു വിതരണത്തിൽ ഇന്നു കാണുന്ന ക്രമക്കേട് പരിഹരിക്കുന്നതിന്റെ ആവശ്യകതയെപ്പറ്റി പ്രത്യേകം ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു. സിമൻറു വിതരണം ശരിയായി നടക്കുന്നില്ല. അപേക്ഷ കൊടുക്കുന്നവർക്ക് സിമൻറു ലഭിക്കുന്നില്ല. എന്നാൽ നിയന്ത്രിതവിലയുടെ നാലും അഞ്ചും ഇരട്ടി വിലയ്ക്ക് രഹസ്യക്കച്ചവടക്കാരിൽനിന്നും സുലഭമായി കിട്ടുന്നു എന്നു പറയപ്പെടുന്നു. ഇതു പരിതാപകരമാണ്. അതുകൊണ്ട് സിമൻറു വിതരണം നീതിപൂർവ്വകമായും അഴിമതിയില്ലാതെയും നടത്തുന്നതിന് വേണ്ട ഏർപ്പാടുകൾ ഉടൻ ചെയ്യണം.

MR. PRESIDENT : ഈ സഭ ഇപ്പോൾ പിരിയുന്നതും വീണ്ടും ആഗസ്റ്റ് ൯-ാംതീയതി തിങ്കളാഴ്ച രാവിലെ പതിനൊന്നുമണിക്ക് കൂടുന്നതുമാണ്.

The House adjourned at 5 P. M. to meet again at 11 A. M. on Monday the 9th August 1948.

R. KERALAVARMA THIRUMULPAD,
Ag. Secretary to the Legislative Assembly.